ദേശമംഗലം ഗ്രാമപഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി

2022-27



നവകേരളത്തിന് ജനകീയാസൂത്രണം

അവസ്ഥാ രേഖ

2026-27

ആമുഖം

ബഹുമാന്യരെ,

1996 ൽ ആരംഭിച്ച് കേരള സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറ പാകിയ ജനകീയാസൂത്രണ പ്രസ്ഥാനം കാൽ നൂറ്റാണ്ട് പിന്നിടുകയും അതോടൊപ്പം കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരത്തിൽ വരികയും ചെയ്ത വർഷമാണിത്. തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നല്കിയ അധികാരം അവർക്കു വേണ്ടി വിനിയോഗിക്കാനും സംസ്ഥാന സർക്കാരുമായി യോജിച്ചു ചേർന്ന് കൊണ്ടും ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും സഹകരണം ഉറപ്പാക്കികൊണ്ടും മുന്നോട്ടു പോകാൻ പുതിയ ഭരണ സമിതി പ്രതിജ്ഞാ ബദ്ധമാണ്. വികസന പ്രവർത്തനങ്ങളോടൊപ്പം നമുക്ക് ശുചിത്വ മാലിന്യ സംസ്കരണം, ദുരന്ത നിവാരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

നവകേരളത്തിന് ജനകീയാസൂത്രണം എന്ന ആശയത്തിൽ ഉറച്ചു നിന്നു കൊണ്ട് നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണ കുടിവെള്ള പഞ്ചായത്താക്കി മാറ്റുക, തരിശു രഹിത പഞ്ചായത്താക്കി മാറ്റുക, നിലാവു പദ്ധതിയിലൂടെ തെരുവു വിളക്കുകൾ പരിപാലിക്കുകയും പുതിയതാക്കുകയും ചെയ്യുക, ഭവന രഹിത ഭൂരഹിത പഞ്ചായത്താക്കി മാറ്റുക തുടങ്ങിയ ഭാരിച്ച ചുമതലകളാണ് പുതിയ ഭരണ സമിതി ഏറ്റെടുക്കുന്നത്. കേന്ദ്ര സംസ്ഥാന പദ്ധതികളേയും എം.പി, എം.എൽ.എ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകളേയും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവുമായി സംയോജിപ്പിച്ച് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം സാർത്ഥകമാക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് ആത്മാർത്ഥമായി ശ്രമിക്കും. ഇവിടെ സമർപ്പിക്കുന്ന ഈ വികസന കരട് പദ്ധതി രേഖ ചർച്ച ചെയ്ത് വിപുലപ്പെടുത്തി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പൂർത്തീകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. സുതാര്യവും അഴിമതി രഹിതവുമായ പ്രവർത്തനത്തിലൂടെ സാമൂഹ്യ നീതിക്ക് ഉറപ്പുണ്ടാക്കി മുന്നേറാൻ ഏവരുടേയും സഹായ സഹകരണങ്ങൾ ഗ്രാമപഞ്ചായത്തിന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

സന്ധ്യ

കെ.സി

പ്രസിഡന്റ്

ക്രമ നം.	ഇനങ്ങൾ	പേജ് നമ്പർ
I	**അദ്ധ്യായം- 1**	
1	അവസ്ഥാ രേഖ - ആമുഖം	
2	1996 ലെ അവസ്ഥ	
3	സ്ഥിതി വിവര കണക്കുകൾ	
4	ഇപ്പോഴത്തെ അവസ്ഥ	
5	താരതമ്യ പഠനം	
II	**അദ്ധ്യായം- 2**	
1	25 വർഷത്തെ വിലയിരുത്തൽ , പ്രവർത്തനങ്ങൾ	
2	ഇടപെടലുകൾ, മാറ്റങ്ങൾ	
3	വികസന നേട്ടങ്ങൾ	
4	പ്രശ്ന പരിഹാര നിർദേശങ്ങൾ	
5	വിജയം കൈവരിച്ച പ്രോജക്ടുകൾ (ഫോറം -3)	
6	പരാജയപ്പെട്ട പ്രോജക്ടുകൾ (ഫോറം -4)	
7	ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്ത പ്രോജക്ടുകൾ, കാരണങ്ങൾ നിഗമനങ്ങൾ , ആസ്തി വിവരങ്ങൾ	
8	നവ കേരളം കർമ്മ പരിപാടി - വികസന മിഷനുകളിലൂടെ കൈവരിച്ച നേട്ടങ്ങൾ	
9	നീർത്തട വികസന പദ്ധതികളുടെ നിലവിലെ അവസ്ഥ , നീർത്തടങ്ങളുടെ വിഭജനം	
10	2021 -22 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ (ഫോറം നം-5)	
III	**അദ്ധ്യായം- 3**	
1	വികസന ഉപമേഖലയിലെ പ്രധാന വെല്ലുവിളികൾ	
2	വികസന വിടവുകൾ	

3	പ്രശ്ന വിശകലം (ഫോറം നം-6)	
4	പ്രായോഗികമായ പരിഹാര സാധ്യതകൾ	
IV	**അദ്ധ്യായം- 4**	
1	ദീർഘ കാല ലക്ഷ്യങ്ങൾ- വികസന പരിപ്രേക്ഷ്യം (ഫോറം നം-7)	
V	**അദ്ധ്യായം- 5**	
1	സംയോജന സാധ്യതകൾ	

അവസ്ഥാ രേഖ

ആമുഖം

രണ്ടാം ലോക മഹാ യുദ്ധത്തിന് ശേഷം നവസ്വതന്ത്ര രാജ്യങ്ങൾ വികസന രംഗത്ത് ആസൂത്രണ രീതി സ്വീകരിക്കുവാൻ ഉണ്ടായ പ്രധാന കാരണം സോവിയറ്റ് യുണിയൻ അസൂത്രണത്തിലൂടെ കൈവരിച്ച വിജയം ആയിരുന്നു . സോവിയറ്റ് യുണിയൻ ആസൂത്രണം വഴി നേടിയ വിജയമാണ് 1956 ൽ ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിക്കുന്നതിനു പ്രരണയായത്. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന പല വൻകിട ഡാമുകളും വൈദ്യുത പദ്ധതികളും പഞ്ചവത്സര പദ്ധതികൾ വഴി പൂർത്തികരിച്ചുവയാണ്. ഓരോ പഞ്ചവത്സര പദ്ധതികൾക്കും ഓരോ ലക്ഷ്യങ്ങലായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് പഞ്ചവത്സര പദ്ധതികളോ അതിന് നേതൃത്വം നൽകിയ ആസൂത്രണ കമ്മീഷനോ നിലവിൽ ഇല്ല. കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചു വിട്ട് നീതി യോഗിൻറ്റെ നേതൃത്വത്തിലാണ് നിലവിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കേരളത്തിൽ മാത്രമാണ് ഇന്ന് ആസൂത്രണ കമ്മീഷനും പഞ്ചവത്സര പദ്ധതികളും നിലനിൽക്കുന്നത്. പഞ്ചവത്സര പദ്ധതികൾ വഴി കേന്ദ്ര സംസ്ഥാന ആസ്ഥാനങ്ങളിൽ ഇരുന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിക്കുന്ന തുക താഴെ തട്ടിൽ എത്തുമ്പോൾ ഒരു ശതമാനം പോലും ഉപയോഗത്തിൽ വരുന്നില്ലായെന്നും രാജ്യത്തിൻറ്റെ വികസനം ഗ്രാമങ്ങളുടെ വികസനം വഴിയെ നടപ്പിലാകൂ എന്നുമുള്ള തിരിച്ചറിവിൻറ്റെ അടിസ്ഥാനത്തിലാണ് 1993 ൽ 73,74 ഭരണഘടന ഭേദഗതി വഴി പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നത്. ഈ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരിൻറ്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ഏതാണ്ട് 80 ശതമാനത്തോളം മേഖലകൾ ഇന്ന് പഞ്ചായത്തിൻറ്റെ ചുമതലകളിൽ ആണ്. പഞ്ചായത്തിരാജ് നിയമത്തിൽ ഗ്രാമസഭകൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കും വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും 29 മേഖലകളിലായാണ് ത്രിതല പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പ്ലാനിംഗ് കമ്മീഷനും, തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ചുമതലകളാണ് പഞ്ചായത്തുകളിൽ ഉണ്ടായിരുന്നത്. എന്നാൽ പഞ്ചായത്തിരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ പദ്ധതികളുടെ ആസൂത്രണവും, നിർവ്വഹണവും ഗ്രാമ പഞ്ചായത്തുകൾക്ക് അവകാശപ്പെട്ടതായി മാറി. പഞ്ചായത്തിരാജ് നിയമം ഉദ്ദേശിക്കുന്ന തരത്തിൽ ലക്ഷ്യം നടപ്പിലാക്കണം എന്നാ ഉദ്ദേശത്തോട് കൂടി 1996 ൽ അഗസ്റ്റ് 17 ന് സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരംഭിച്ചു. ആയത് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരവും, നടപ്പിലാക്കുന്നതിന് ആവശ്യമായ സമ്പത്തും, സാങ്കേതിക വിദ്യയും, ഉദ്യോഗസ്ഥരെയും വിട്ടു നൽകി. ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആസൂത്രണ സമിതി യോഗം ചേർന്ൻ ചർച്ചചെയ്യുകയും അതിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ൻ ചർച്ച ചെയ്ത് ലഭിക്കുന്ന കരട് നിർദേശങ്ങൾ കൂടി ഉൾപെടുത്തി തയ്യാറാക്കുന്ന കരട് രേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കുന്നു. ഇത്തരം ഗ്രാമ സഭകളിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾ കൂടി ഉൾപെടുത്തി തയ്യാറാക്കുന്ന കരട് വികസന രേഖ വികസന സെമിനാറിൽ അവതരിപ്പിക്കുന്നു. വികസന സെമിനാറിൽ നിന്നും ഉയർന്നുവരുന്ന നിർദേശങ്ങൾ ഉൾപെടുത്തി തയ്യാറാക്കുന്ന വികസന രേഖയാണ് ഭരണ സമിതി വാർഷിക പദ്ധതികളായി നടപ്പിലക്കുന്നത്.

ഇത്തരത്തിലുള്ള ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വഴി നമ്മുടെ പഞ്ചായത്തിന് വികസന രംഗത്ത് ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ജനകീയസൂത്രനത്തിൻ്റെ ഇരുപത്തിയഞ്ചാം വാർഷികം കൊണ്ടാടുന്ന ഈ അവസരത്തിൽ പഞ്ചായത്തിൻ്റെ മുഖച്ഛായ മാറുന്ന വികസന

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കഴിഞ്ഞ കാല ഭരണ സമിതി അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

കേരളത്തിൻറ്റെ പതിനാലാം പഞ്ചവത്സര പദ്ധതി 2022 ഏപ്രിൽ ഒന്നിന് ആരംഭിക്കുകയാണ്. രണ്ട് വർഷങ്ങളിലെ പ്രളയത്തിൻറ്റെയും, രണ്ട് ഘട്ടങ്ങളായുള്ള കോവിഡ് 19 ൻറ്റെയും, തുടർച്ചയായുള്ള കാലാവസ്ഥ മാറ്റത്തിൻറ്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾക്ക് ഒപ്പവുമാണ് കേരളത്തിൻ്റ്റെ പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തന ആലോചനകൾ നടക്കുന്നത്. അതിനാൽ ഇതുവരെയുള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായ പശ്ചാത്തലത്തിൽ ആണ് പതിനാലാം പഞ്ചവത്സര പദ്ധതി ആവിഷ്കരിക്കേണ്ടത് . വലിയ പ്രധിസന്ധികളിൽ ജനങ്ങളോടൊപ്പം ചേർന്ന് നിൽക്കാൻ സ്വതന്ത്ര കമ്പോളത്തിന് കഴിയില്ലെന്നും , അതിനു പൊതു മേഖലയും , സർക്കാരും അനിവാര്യമാണെന്നും ഇന്നത്തെ 19 തെളിയിച്ചിരിക്കുന്നു .

ശാസ്ത്ര സമൂഹം ഒറ്റകെട്ടായി കോവിഡിനെതിരെ വാക്സിൻ ഒരു വർഷത്തിനകം വികസിപ്പിച്ചെടുത്ത് പ്രതീക്ഷകൾ നൽകുന്നുണ്ട് എങ്കിലും, സാമ്പത്തിക അസമത്വവും, ദാരിദ്ര്യവും, വാക്സിൻ ലഭ്യത പോലും നിഷേധിക്കുന്ന ഇന്നത്തെ ലോക അനുഭവം എല്ലാ രംഗങ്ങളിലും, സാമൂഹ്യ നിയന്ത്രനത്തിൻറ്റെ അനിവാര്യത എടുത്ത് പറയുന്നു.

നമ്മുടെ ലോകത്തിൻറ്റെ മാറ്റങ്ങൾ ഉൾകൊണ്ട് 2015 സെപ്തംബർ മാസത്തിൽ 193 രാജ്യങ്ങൾ ന്യൂയോർക്കിൽ ഒത്തു ചേർന്ന് ഐക്യരാഷ്ട്ര സഭ ഉച്ചകോടിയിൽ ചർച്ച ചെയ്ത എടുത്ത ഒരു നയമാണ് " നമ്മുടെ ലോകത്തിൻ്റ്റെ പരിവർത്തനം , സുസ്ഥിര വികസനം 2030" എന്നത് . ഗ്രഹങ്ങൾ , ജനങ്ങൾ, അഭിവൃദ്ധി , സമാധാനം , പങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത് . 01/01/2030 ന് അവസാനിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ രാജ്യങ്ങളെ പോലെ തന്നെ നമ്മുടെ രാജ്യത്തിനും ,നമ്മുടെ സംസ്ഥാനത്തിനും , നമ്മുടെ പഞ്ചായത്തിനും ചുമതലയും , അധികാരവും ഉണ്ട് . ഇന്ത്യയിൽ 2018 മുതൽ നീതി അയോഗിൻറ്റെ നേതൃത്വത്തിൽ ഈ പദ്ധതി പ്രവർത്തനം വിലയിരുത്തി , ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നു . ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷവും തുടർച്ചയായി കേരളം തന്നെയാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് . അതിന് കാരണം 1996 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്ന ലക്ഷ്യാധിഷ്ട്ടിത പദ്ധതികാളാണ് .

കഴിഞ്ഞ 25 വർഷക്കാലം ജന പങ്കാളിത്തത്തോടെ നമ്മൾ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വഴി ഒരുപാട് പുരോഗതി കൈ വരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് . ജനകീയാസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങൾ എന്നത് ലക്ഷ്യാധിഷ്ട്ടിത പ്രവർത്തനങ്ങളായിരുന്നു . അതിൽ കുറഞ്ഞ ശതമാനം പദ്ധതികൾ സുസ്ഥിര വികസന പദ്ധതികൾ ആയിരുന്നില്ല എന്നത് നാം ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ട് . ആയതുകൊണ്ട് ലക്ഷ്യാധിഷ്ട്ടിത പ്രവർത്തനം എന്ന മുദ്രാവാക്യത്തിന് ബദലായി സുസ്ഥിര വികസനം എന്ന ആശയത്തിലൂന്നി പദ്ധതി പ്രവർത്തനങ്ങൾ രൂപികരിക്കുവാൻ ലക്ഷ്യമിടുന്നത് .സുസ്ഥിര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ട കാലഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത് . അതുകൊണ്ട് തന്നെ ദീർഘകാലം നിലനിൽക്കുന്ന പദ്ധതികളാണ് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യമിടുന്നത് .

ഊർജ സംരക്ഷണം , മാലിന്യസംസ്കരണം , ഉത്പാദന മേഖലയുടെ വളർച്ചക്ക് ആവശ്യമായ സ്ഥായിയായ തോടുകളുടെ സംരക്ഷണം , ചീർപ്പ് നിർമ്മാണം , ജല സേചന പദ്ധതികൾ , ബാല സൗഹൃദം, വയോജന സൗഹൃദം, സ്ത്രീ സൗഹൃദം, വ്യവസായ സൗഹൃദം,

എന്നി സുസ്ഥിര വികസന പദ്ധതികൾക്കാണ് പഞ്ചായത്ത് ഭരണ സമിതി മുൻഗണന നൽകുന്നത് .

തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ആസൂത്രണ രീതി മുൻ നിർത്തി കൊണ്ടാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സ്ഥായിയായ സമഗ്ര വികസനം എന്ന കാഴ്ച്ചപാട് മുന്നോട്ട് വച്ചിരിക്കുന്നത് . ഇതിൽ പ്രധാനമായും കാലാവസ്ഥ വ്യതിയാനം , ദുരന്ത നിവാരണം , പ്രകൃതി ദുരന്തം , തൊഴിൽ ഭക്ഷ്യ സുരക്ഷ , ദാരിദ്ര നിർമാർജനം , ആരോഗ്യ സംരക്ഷണം തുടങ്ങിയ കാലാനുസൃതമായ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രധാന്യം നൽകി കൊണ്ടാണ് വികസന രേഖ രൂപ കൽപ്പന ചെയ്തിരിക്കുന്നത് .

1996 ലെ അവസ്ഥ

ഭവന നിർമ്മാണ ക്ഷേമ പ്രവർത്തനം

1996-ൽ

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി വേണ്ടത്ര തൃപ്തികരമായിരുന്നില്ല . പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 4400 ആയിരുന്നു അതിൽ കോൺക്രീറ്റ് 457 ഉം , ഓട്-2971 ഉം , ഓല 972ഉംആയിരുന്നു . ഇതിൽ തമാസയോഗ്യമായ വീടില്ലാത്ത 807 കുടുംബങ്ങൾ ഉണ്ട് എന്നാണ് കണക്കുകൾ പറയുന്നത് . ജനസംഖ്യയുടെ ഏറിയ പങ്കും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരായത് കൊണ്ട് അത്തരക്കാർ ഓടുമേഞ്ഞ ഇടത്തരം വീടുകളും അപൂർവമായി മുൻ ജന്മി കുടുംബങ്ങളെ ഓർമിപ്പിക്കുന്ന നാലുകെട്ടും തുളസിത്തറയും സർപ്പക്കാവും ഉൾപെടുന്ന പുരയിടങ്ങളും കണ്ടുവന്നിരുന്നു . വിദേശ പനതിന്റെ സ്വാധീനം 15% ത്തോളം വീടുനിർമ്മനത്തിൽ നിഴലിച്ചു കണ്ടിരുന്നു . 2000 ച. അടിയ്ക്ക് മീതെ വരുന്ന വെറും 5% ത്തിന് താഴെ വീടുകളാണ് ഉണ്ടായിരുന്നത് . 1992- 93 കാലഘട്ടത്തിൽ IRDP സർവ്വേ പ്രകാരം പട്ടികജാതി 167 കുടുംബങ്ങളെയും 73 ദുർബല കുടുംബങ്ങളെയും ആകെ 240 വീടില്ലാത്ത കുടുംബങ്ങളെ കണ്ടെത്തുകയും IAY പദ്ധതി , MSW പദ്ധതി, JRY പദ്ധതി എന്നിവയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു.

സാമൂഹ്യ ക്ഷേമം

1996-ൽ

അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം വേനകാലങ്ങളിൽ ക്ഷാമം നേരിടുന്നു . സമൂഹത്തിൽ സ്വന്തം കൃഷി ഉള്ളത് കൊണ്ട് ദുരഭിമാനം കാരണം കാർഷിക വൃത്തി പോലുള്ള കൂലി വേലകൾക്ക് ഇവർ നൽകുന്ന മാന്യത കുറവ് സാമ്പത്തികമായി ഇവർ വളരെയധികം അവശത അനുഭവിക്കുന്ന വിഭാഗമായി മാറുന്നു . ഏതൊരു തൊഴിലിനും അതിന്റെതായ മാന്യത ഉണ്ട് എന്ന ബോധം ഉണ്ടായിരുന്നില്ല. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 260 കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത് . പഞ്ചായത്തിൽ 15 അംഗൻവാടികളാണ് ഉണ്ടായിരുന്നത്, എല്ലാം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത് . വിവിധ മഹിള സമാജങ്ങൾ ഉണ്ടെങ്കിലും നാടിന്റെ പുരോഗതിക്കുള്ള പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നില്ല . ദേശമംഗലം പഞ്ചായത്തിന് സ്വന്തമായി ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല .

സഹകരണ മേഖല

1996-ൽ (അന്ന്)

സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തിയും അതുകൊണ്ടുള്ള നേട്ടങ്ങളെ പറ്റിയും ജനങ്ങൾക്കുള്ള അറിവ് പരിമിധമായിരുന്നു . ദേശമംഗലത്തെ ഏക കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആയ 134-)0 നമ്പർ ദേശമംഗലം സഹകരണ സംഘത്തിന്റെ വിപുലീകരണത്തിന്റെ ആവശ്യകതയെ പറ്റിയോ അതിന്റെ ജനപങ്കളിത്തത്തെ പറ്റിയോ ജനങ്ങൾ വേണ്ടത്ര ബോധവാന്മാർ ആയിരുന്നില്ല . സഹകരണ സ്ഥാപനത്തിൽ പഞ്ചായത്തിലെ ജനങ്ങൾക്കുള്ള അംഗത്വം താരതമ്യേന കുറവായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1996-ൽ (അന്ന്)

പട്ടികജാതിക്കാരുടെ കോളനികളിൽ പ്രഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം വളരെ കുറവായിരുന്നു , വളരെ ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്തിരുന്ന ഈ കോളനികളിലെക്ക് വാഹന സൗകര്യം ഉണ്ടായിരുന്നില്ല . കുടിവെള്ളവും ലഭ്യമായിരുന്നില്ല . വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് അറിവില്ലായ്മ മൂലം വിദ്യാഭ്യാസ നിലവാരം വളരെ മോശമായിരുന്നു. സ്വന്തമായി അടച്ചുറപ്പുള്ള വീടുകൾ ഉണ്ടായിരുന്നില്ല . പസിസര മലിനീകരണം കോളനികളിൽ ഉയർത്തുന്ന ഭീക്ഷണി അപകടകരമായ പകർച്ച വ്യാധികൾക്ക് കാരണമായിരുന്നു .

വനിതാ വികസനം

1996-ൽ

വിദ്യാഭ്യാസ പരമായും , സാമ്പത്തിക പരമായും, തൊഴിൽ പരമായും സ്ത്രീകൾ വളരെ പുറകിലായിരുന്നു. സ്ത്രീകൾ പൊതു വേദികളിലും സാമൂഹിക പ്രവർത്തനങ്ങളിൽ മുന്നോട്ടുവരുന്നതിൽ കുറവുണ്ട് . തൊഴിലിടങ്ങളിലും സ്ത്രീ മുന്നേറ്റം കുറവാണ് ഉണ്ടായിരുന്നത് .

തദ്ദേശ സ്ഥാപനത്തിന്റെ സ്ഥിതി വിവര കണക്കുകൾ

പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിൻറെ പേര്	ദേശമംഗലം
ഉൾപ്പെടുന്ന വില്ലേജുകൾ	ദേശമംഗലം, പല്ലൂർ, തലശ്ശേരി, ആറംങ്ങോട്ടുകര
ബ്ലോക്ക് പഞ്ചായത്ത്	വടക്കാഞ്ചേരി
താലൂക്ക്	തലപ്പിള്ളി
ജില്ല	തൃശ്ശൂർ
നിയമസഭാമണ്ഡലം	ചേലക്കര (പട്ടികജാതി സംവരണം)
ലോകസഭാമണ്ഡലം	ആലത്തൂർ (പട്ടികജാതി സംവരണം)
വിസ്തീർണ്ണം	23.35 ച.കി.മീറ്റർ
കിഴക്ക്	വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്, ഭാരതപ്പുഴ
പടിഞ്ഞാറ്	തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
തെക്ക്	വരവൂർ ഗ്രാമപഞ്ചായത്ത്
വടക്ക്	ഭാരതപ്പുഴ
ജനസംഖ്യ	24754
സ്ത്രീകൾ	12521
പുരുഷൻമാർ	12233
സാക്ഷരതാ നിരക്ക്	95.90%
വാർഡുകളുടെ എണ്ണം	16
സ്ത്രീ സംവംരണം	8
പട്ടികജാതി സംവരണം	3
ജനറൽ	13

ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

23.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ദേശമംഗലം ഗ്രാമപഞ്ചായത്ത് മലകളും ചെങ്കുത്തായ ചെരിവും ഭ്രമികളും സമതലങ്ങളായ കൃഷിഭ്രമിയും നിറഞ്ഞ ഭ്രപ്രദേശമാണ്. നീരൊഴുക്കുകൾ ഒഴുകി നിളാ നദിയിൽ പതിക്കുന്നു. ഇവിടെ കുന്നിൻ പുറങ്ങളിൽ ചെമ്മണ്ണും സമതലങ്ങളിൽ എക്കൽ മണ്ണും കളിമണ്ണും കാണാം. കിഴക്ക് വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തും ഭാരതപ്പുഴയും, പടിഞ്ഞാറ് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തും തെക്ക് വരവൂർ ഗ്രാമപഞ്ചായത്തും വടക്ക് ഭാരതപ്പുഴയുമാണ്. കേരളത്തിൽ നടന്നുവരുന്ന അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ നാടിന്റെ വികസന മുന്നേറ്റത്തിന് ഏറെ സഹായിച്ചു. ഭക്ഷ്യസുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യുന്ന ഈ കാലത്ത് കാർഷികോൽപാദനം വർദ്ധിപ്പിക്കാതെ മുന്നോട്ട് പോകാനാവില്ല. പഞ്ചായത്തിൽ ആകെ 310 ഹെക്ടർ സ്ഥലം നെൽകൃഷിയും340 ഹെക്ടർ സ്ഥലം പുരയിടകൃഷിയുമാണ്. കൃഷിയോഗ്യമായ തരിശ്രുനിലം 5 ഹെക്ടറും തരിശായ കൃഷിയോഗ്യമായ പുരയിടം 30 ഹെക്ടറുമാണ്. 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമല്ലാത്ത തരിശ്രുനിലവുമാണ്.

കുന്നുകളും താഴ്വരകളും തോടുകളും കൊണ്ട് നിറഞ്ഞ പ്രകൃതി രമണീയമായ ഈ പഞ്ചായത്തിന്റെ ഒരു അതിർത്തി ഭാരതപ്പുഴയാണ്. ജലക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണുവാൻ ഈ പുഴ നമ്മെ സഹായിക്കുന്നുണ്ടെങ്കിലും കാലവർഷക്കാലത്ത് ഈ ഭ്രപ്രദേശത്ത് പെയ്യു ലഭിക്കുന്ന മഴവെള്ളം മുഴുവൻ 24 മണിക്കൂറിനുള്ളിൽ ഈ പുഴയിൽക്കൂടി ഒഴുകി അറബിക്കടലിൽ എത്തിച്ചേരുന്നു. ലഭിക്കുന്ന മഴവെള്ളം പാഴായിപ്പോകുന്ന ഇവിടെ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമവും അനുഭവപ്പെടുന്നുണ്ട്.എന്നാൽ ചെങ്ങണാംകുന്ന് റഗുലേറ്ററിന്റെ പണി പൂർത്തീകരിച്ചതിനാൽ ഭാരതപ്പുഴയിൽ ജല ലഭ്യത നല്ല രീതിയിൽ ഉണ്ടാകും. ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 24754ആണ്. ഇതിൽ 12521സ്ത്രീകളും 12233 പുരുഷൻമാരുമാണുള്ളത്. പട്ടികജാതി വിഭാഗക്കാർ ആകെ 3754 ആണ്. ഇതിൽ 1914 സ്ത്രീകളും 1840 പുരുഷൻമാരും ഉൾപ്പെടുന്നു. പഞ്ചായത്തിലാകെ 470 പട്ടികജാതി കുടുംബങ്ങളുണ്ട്. 4 പേർ അടങ്ങുന്ന ഒരു പട്ടിക വർഗ്ഗ കുടുംബവുമുണ്ട്.

ദേശമംഗലം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീമതി. സന്ധ്യ കെ.സി	പ്രസിഡന്റ്
2	ശ്രീ. സലിം കെ.എം	വൈസ് പ്രസിഡന്റ്
3	ശ്രീമതി. ബീന എം.എസ്	ചെയർപേഴ്സൺ വികസന സ്റ്റാന്റിങ്ങ്കമ്മിറ്റി
4	ശ്രീ. പി.എസ്. ലക്ഷ്മണൻ	ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റി
5	ശ്രീമതി. എം. മഞ്ജുള	ചെയർപേഴ്സൺ ആരോഗ്യ,വിദ്യഭ്യാസ, സ്റ്റാന്റിങ്ങ് കമ്മിറ്റി
6	ശ്രീ. ഷിഹാബുദ്ധീൻ	വാർഡ് മെമ്പർ
7	ശ്രീ. മനോജ് പി.ബി	വാർഡ് മെമ്പർ
8	ശ്രീമതി. സുധ പി. എൻ	വാർഡ് മെമ്പർ
9	ശ്രീ. കൃഷ്ണകുമാർ എം.വി	വാർഡ് മെമ്പർ
10	ശ്രീമതി. ജയലക്ഷ്മി ടീച്ചർ	വാർഡ് മെമ്പർ
11	ശ്രീമതി. ചലിത എം.സി	വാർഡ് മെമ്പർ
12	ശ്രീ. സക്കീർ ഹുസൈൻ	വാർഡ് മെമ്പർ
13	ശ്രീമതി. സിന്ധു കെ.എസ്	വാർഡ് മെമ്പർ
14	ശ്രീ. ഹരിദാസൻ	വാർഡ് മെമ്പർ
15	ശ്രീമതി. ഫർസാന	വാർഡ് മെമ്പർ
16	ശ്രീമതി. സരിത എം.ജി	വാർഡ് മെമ്പർ
	ലോകസഭാഗം	
1.	ശ്രീ. കെ രാധാകൃഷ്ണൻ	(എം.പി) ആലത്തൂർ നിയോജകമണ്ഡലം
	നിയമസഭാ അംഗം	
1.	ശ്രീ. യു ആർ പ്രദീപ്	(എം.എൽ.എ) ചേലക്കര നിയോജകമണ്ഡലം
	തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗം	
1.	ശ്രീമതി. മീന സാജൻ	ജില്ലാ പഞ്ചായത്ത്മെമ്പർ

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീ. കെ. പ്രേമൻ	കൊണ്ടയ്യൂർ ഡിവിഷൻ
2	ശ്രീ. പി.ഐ ഷാനവാസ്	ദേശമംഗലം ഡിവിഷൻ
3	ശ്രീമതി. ഷംല ഷിഹാബ്	തലശ്ശേരി ഡിവിഷൻ

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

1	ശ്രീ. ജസ്റ്റിൻ ലാൽ	സെക്രട്ടറി
2	ശ്രീ. പ്രേംചന്ദ് പി.എസ്	അസി.സെക്രട്ടറി
3	ശ്രീമതി. ഷീജ പി	ഹെഡ് ക്ലർക്ക്
4	ശ്രീമതി. ആർച്ച എസ്.വി	അക്കൌണ്ടൻറ്
5	ശ്രീമതി. ജാസ്മിൻ	സീനിയർ ക്ലർക്ക്
6	ശ്രീമതി. ദിവ്യ വേണുഗോപാൽ	സീനിയർ ക്ലർക്ക്
7	ശ്രീ. ശിവപ്രസാദ് ടി.എസ്	സീനിയർ ക്ലർക്ക്
7	ശ്രീ. ജിജീഷ് വി.എസ്	ക്ലർക്ക്
8	ശ്രീമതി. മേഘ്ന കെ.എൻ	ക്ലർക്ക്
9	ശ്രീ. പ്രശാന്ത് എം.കെ	ക്ലർക്ക്
10	ശ്രീ. സാജുമോൻ ബി	ക്ലർക്ക്
11	ശ്രീമതി. രാധിക സി.ബി	ഓഫീസ് അറ്റൻറ്റന്റ്
12	ഒഴിവ്	പാർട്ട് ടൈം സ്വീപർ
13	ശ്രീ. ഷെബീർ ഒ.എം	ടെക്നിക്കൽ അസിസ്റ്റന്റ്
14	ശ്രീ സുധീഷ് യു.എസ്	പ്രോജക്ട് അസിസ്റ്റന്റ്
15	ശ്രീമതി.ലളിത കെ.ബി	പ്രേരക്
16	ശ്രീമതി. സബ്ന വി.എ	ഇ.ഡി.ഇ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി

1	ശ്രീമതി. പ്രീതി രാജേഷ്	അക്രഡിറ്റഡ് എഞ്ചിനീയർ
2	ശ്രീ. പ്രജീഷ്. കെ	ഓവർസിയർ
3	ശ്രീമതി. ശ്രീദേവി	അക്കൌണ്ടന്റ് കം ഐ .ടി അസിസ്റ്റന്റ്

കുടുംബശ്രീ

1	ശ്രീമതി. രാഗിത കെ.എം	സി.ഡി.എസ്. ചെയർപെർസൺ
2	ശ്രീമതി. സ്മിത	അക്കൌണ്ടന്റ്

നിർവഹണ ഉദ്യോഗസ്ഥർ

1	ശ്രീ. ജസ്റ്റിൻ ലാൽ	സെക്രട്ടറി
2	ശ്രീമതി. ഡിംപിൾ	അസി.എഞ്ചിനീയർ
3	ശ്രീ. പ്രേംചന്ദ് പി.എസ്	അസി.സെക്രട്ടറി
4	ഡോ. സരിത	ആയുർവേദ മെഡിക്കൽ ഓഫീസർ
5	ഡോ. സനിത	മെഡിക്കൽ ഓഫീസർ അലോപ്പതി
6	ഡോ. വിദ്യ	മെഡിക്കൽ ഓഫീസർ ഹോമിയോ
7	ഡോ. സിബി സോമു	വെറ്ററിനറി സർജൻ
8	ശ്രീമതി. റംസീന. എ	കൃഷി ഓഫീസർ
9	ശ്രീമതി. മീന	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. കൊണ്ടയ്യൂർ
10	ശ്രീ. സിനോജ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
11	ശ്രീ. പ്രസൂൺ പവിത്രൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
12	ശ്രീമതി. ഗ്ലിറ്റി	ഐ.സിഡി.എസ് സൂപ്പർവൈസർ
13	ശ്രീമതി. ദിൽഷാദ ടി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

വിട്ടുകിട്ടിയ സ്ഥാപനങ്ങൾ

ക്രമ നം	ഓഫീസ്	വിലാസം	ഇ മെയിൽ ഐഡി	ഫോൺ

1	കൃഷി ഭവൻ ദേശമംഗലം	കൃഷി ഓഫീസർ , കൃഷി ഭവൻ , ദേശമംഗലം	kbdesamangalam@gmail.com	9383471218
2	ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനിയറിംഗ് വിഭാഗം	അസി.എഞ്ചിനിയർ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനിയറിംഗ് വിഭാഗം, ദേശമംഗലം	aelsgddsm@gmail.com	9747 782984
3	GLPS കൊണ്ടയൂർ	ഹെഡ് മാസ്റ്റർ , GLPS കൊണ്ടയൂർ	kondayoorschool@gmail.com	9495 782357
4	GLPS പള്ളം	ഹെഡ് മാസ്റ്റർ, GLPS പള്ളം	pallamglps@gmail.com	9656495620
5	ICDS ഓഫീസ്	ICDS സൂപ്പർ വൈസർ, ദേശമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ്	leejamv1969@gmail.com	9744 447746
6	ആയുർവേദ ഡിസ്പെൻസറി, ദേശമംഗലം	മെഡിക്കൽ ഓഫീസർ , ആയുർവേദ ഡിസ്പെൻസറി, ദേശമംഗലം	gaddesamangalam@gmail.com	9495 512454
7	കുടുംബാരോഗ്യ കേന്ദ്രം, ദേശമംഗലം	മെഡിക്കൽ ഓഫീസർ , കുടുംബാരോഗ്യ കേന്ദ്രം, ദേശമംഗലം	fhcdesamangalam@gmail.com	9496129607
8	മൃഗാശുപത്രി , ദേശമംഗലം	വെറ്റിനറി സർജ്ജൻ , മൃഗാശുപത്രി , ദേശമംഗലം	nighilroshas@gmail.com	9745 790450
9	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് , ദേശമംഗലം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് , ദേശമംഗലം	veodesamangalam@gmail.com	9746 402588

അംഗണവാടികളുടെ വിവരങ്ങൾ

ക്രമ നം	സെന്റർ നമ്പർ	വാർഡ്	വിലാസം	അംഗണവാടി വർക്കർ	മൊബൈൽ
1	50	3	കൊണ്ടയൂർ, പല്ലൂർ പി.ഒ	ശ്രീദേവി എം.ജി	9605903020
2	51	4	പല്ലൂർ, പല്ലൂർ പി.ഒ	ശാരദ എ.പി	9562421990
3	52	4	പല്ലൂർ, പല്ലൂർ പി.ഒ,	ഇന്ദിര പി	9744877029
4	53	6	കറ്റവട്ടൂർ , ദേശമംഗലം പി.ഒ	രഞ്ജിനി സി	7592091002
5	54	7	ദേശമംഗലം	രമണി എ.വി	7592091003
6	55	8	ആറ്റുപുറം , പള്ളം പി.ഒ	ഗീത കെ.പി	9605611086
7	56	8	കപ്പിംങ്ങാട് , പള്ളം പി.ഒ	ശ്രീവിദ്യ എസ്.കെ	9387410880
8	57	9	പള്ളം കൊറ്റമ്പത്തൂർ , പള്ളം പി.ഒ	മിനി മോൾ .കെ എസ്	8086153806
9	58	11	മേലെ തലശ്ശേരി, തലശ്ശേരി പി.ഒ	വസന്തകുമാരി എം	7335985730

10	59	11	തലശ്ശേരി, തലശ്ശേരി പി.ഒ	പ്രസന്നകുമാരി കെ	8129515356
11	60	15	അംബേദ്കർ കോളനി , ആറങ്ങോട്ടുകര പി.ഒ	പ്രജിത കെ	9946020641
12	61	14	കടുകശ്ശേരി , ആറങ്ങോട്ടുകര പി.ഒ	രമണി ആർ	9633401017
13	62	1	വറവട്ടൂർ , പല്ലൂർ പി.ഒ	രതി ഡി	9747476801
14	63	1	കൊണ്ടയൂർ GLPS സ്കൂൾ, പല്ലൂർ പി.ഒ	ഗിരിജ പി	9947325342
15	64	12	മനപ്പടി , ദേശമംഗലം പി.ഒ	സാവിത്രി കെ.സി	7561893280
16	65	9	പള്ളം, പള്ളം പി.ഒ	പ്രിയ കെ.വി	8113932022
17	66	1	വറവട്ടൂർ , പല്ലൂർ പി.ഒ	വള്ളി കെ.പി	9747375987
18	67	5	പല്ലൂർ നമ്പ്രം , പല്ലൂർ പി.ഒ	രജനി ടി	9946540345
19	68	10	ഒലിച്ചി ചേനത്ത് കാട്, ദേശമംഗലം പി.ഒ	സുമതി എം.കെ	7594947656
20	69	14	തച്ചുകുന്ന്, കടുകശ്ശേരി, ആറങ്ങോട്ടുകര പി.ഒ	രതി പി	9846208133

മറ്റ് ഗവ: സ്ഥാപനങ്ങൾ

ക്രമ നം	ഓഫീസ്	വിലാസം	ഫോൺ
1	G.H.S.S ദേശമംഗലം	ഗവ. ഹയർസെക്കൻഡറി സ്കൂൾ , ദേശമംഗലം	04884 277875
2	G.V.H.S.S ദേശമംഗലം	ഗവ. വോക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ , ദേശമംഗലം	04884 277875
3	I.T.I ദേശമംഗലം	ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ദേശമംഗലം	04884 279944
4	വില്ലേജ് ഓഫീസ് ദേശമംഗലം	വില്ലേജ് ഓഫീസ് ദേശമംഗലം , ദേശമംഗലം പി.ഒ	
5	വില്ലേജ് ഓഫീസ് ആറങ്ങോട്ടുകര	വില്ലേജ് ഓഫീസ് ആറങ്ങോട്ടുകര, ആറങ്ങോട്ടുകര പി.ഒ	

ഇപ്പോഴത്തെ അവസ്ഥ

തദ്ദേശ സ്ഥാപനത്തിൻറെ വികസന സ്ഥിതി

ഒരു കാലത്തെ ജൈന സംസ്കാരകേന്ദ്രം എന്ന നിലയ്ക്കാണ് തലപ്പിള്ളി (-പളളി) യുടെ സ്ഥലനാമോൽപത്തി. ഇന്നത്തെ തലപ്പിളളി താലൂക്കും പൊന്നാനി മുതൽ ചേറ്റുവാ വരെയുളള തീരപ്രദേശവും ഉൾപ്പെട്ടതായിരുന്നു തലപ്പിളളി നാടുകൾ. അരനൂറ്റാണ്ട് മുൻപ് താലൂക്കിൽപ്പെട്ട വില്ലേജുകളുടെ എണ്ണം 74 ആണ്. മൂന്നിലൊരു ഭാഗം മുഴുവനും ഘോരവനമായിരുന്നു. ചെറുതുരുത്തി, മുളളൂർക്കര, വടക്കാഞ്ചേരി കുന്നംകുളം, ഗുരുവായൂർ, പാലയൂർ തുടങ്ങിയ സ്ഥങ്ങൾ തലപ്പിളളി താലൂക്കിലെ മുഖ്യ ഘടകങ്ങളാണ്. താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തിയിലായി സ്ഥിതി ചെയ്യുന്ന വടുതല, കണ്ടാണശ്ശേരി, ആർത്താറ്റ്, അഞ്ഞൂർ, കാട്ടാകാമ്പാൽ, കടവല്ലൂർ, കൊരട്ടിക്കര എന്നീ സ്ഥലങ്ങൾക്ക് പൊതുവേ തലപ്പിളളി മേൽവട്ടം എന്നു പേരുണ്ടായിരുന്നു. (കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ-വി.വി.കെ വാലത്ത്) തലപ്പിളളി കീഴ് വട്ടത്തിലെ പേരാട്ട വീഥി എന്നറിയപ്പെടുന്ന മേഖലയിലെ ഗ്രാമമാണ് ദേശമംഗലം. മുളളൂർക്കര നാടുവാഴിയായിരുന്ന മനക്കോട്ടച്ചന്റെ അധീനതയിലായിരുന്നു ഈ ഗ്രാമമെന്നു പറയാം.

ചരിത്രം ചികഞ്ഞു നോക്കുമ്പോൾ ദേശമംഗലം എന്ന ഗ്രാമത്തെപ്പറ്റി അതതിടങ്ങളിൽ ചില്ലറ പരാമർശങ്ങൾ കാണാം. എന്നാൽ കേരള ചരിത്രത്തിൽ വലിയ പ്രാധാന്യമൊന്നും കാണുന്നില്ല. പ്രധാന പഥത്തിൽ നിന്നും അകത്തേക്കുമാറി കിടക്കുന്ന ഈ ഗ്രാമത്തിലൂടെ പടയോട്ടങ്ങളോ കച്ചവടയാത്രകളോ ഉണ്ടായിട്ടില്ല. ചരിത്രം ഊടുവഴികളിലൂടെയല്ലല്ലോ രൂപപ്പെടുന്നത്. പുരാതന കാലത്ത് നമ്പൂതിരി-ബ്രാഹ്മണ കുടിയേറ്റമുണ്ടായ സ്ഥലങ്ങളെയൊക്കെത്തന്നെ മംഗലം എന്ന് പൊതുവായി ചേർത്തു പറയാറുണ്ടായിരുന്നു. ഒരു പ്രധാന നമ്പൂതിര ഗ്രാമമെന്ന നിലക്കാണ് ദേശമംഗലം എന്ന പേര് ഈ ഗ്രാമത്തിന് സിദ്ധിച്ചത്.

തൃശ്ശൂർ ജില്ലയിൽപ്പെട്ട പ്രദേശമാണെങ്കിലും തൊട്ടടുത്തുളള വളളുവനാടൻ സംസ്കാരവുമായി ഇഴുകി ചേർന്ന നാടൻ തനിമയാണ് ദേശമംഗലത്തിന്റെ സംസ്കാരം. ഈ ഗ്രാമത്തിലെ സംസാരരീതിയും ആചാരവും കലകളും വേലയുത്സവങ്ങളും വളളുവനാടനാണ്. തൃശ്ശൂർ ജില്ലയുടെ വടക്കുഭാഗത്ത് ഭാരതപ്പുഴയുടെ കരയിലുളള ഈ ഗ്രാമം പ്രകൃതിഭംഗിക്കു കേൾവികേട്ടതാണ്. ചലച്ചിത്ര ഛായാഗ്രാഹകർക്ക് പ്രിയപ്പെട്ട ഭൂമി. അതിപ്രശസ്തരായ ഭാഗവതർമാരും വാരിയർമാരായ പണ്ഡിതൻമാരും ദേശമംഗലം എ. കെ.ടി.കെ എം (അവണ മന / കാണിയൂർ മന എന്നു കൂടി പേരുള്ള തെക്കിനിയേടത്ത് കീരങ്ങാട്ട് മന) മനയും ഇവിടെ ഉണ്ടായിരുന്നു. ദേശമംഗലം വാരിയത്തെ പണ്ഡിതൻമാരും ദേശമംഗലം വാരിയത്തെ പണ്ഡിതന്മാരുടെ സംഭാവനകളും ദേശമംഗലം മനയുടെ പ്രതാപവും എന്നും ഓർമ്മിക്കപ്പെടും. ലീലാതിലകം എന്ന പ്രാചീന മണിപ്രവാള ലക്ഷണഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി ദേശമംഗലം വാരിയത്തുനിന്നാണ് കണ്ടു കിട്ടിയത്. തിരുവനന്തപുരം സർവ്വകലാശാല മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലെ വലിയൊരു ശേഖരം ദേശമംഗലം വാരിയത്തെ താളിയോല കെട്ടുകളാണ്. കേരളത്തിലെ സാഹിത്യകാരന്മാർ ദേശമംഗലം മനയുടെ മംഗളോദയം (തൃശ്ശൂർ) മാസികയിലൂടെയും പബ്ലിക്കേഷൻ കമ്പനിയിലൂടെയും മംഗളോദയം നഴ്സിംഗ് ഹോമിലൂടെയും ആണ് സാഹിത്യ ജീവിതത്തെ വളർത്തിയെടുത്തത് എന്ന കാര്യം തകഴിയെപ്പോലുളളവർ ഇന്നും

ഓർക്കുന്നു. 'മംഗളോദയം' ദേശമംഗലത്തുനിന്ന് ഉദയം ചെയ്തത് എന്നർത്ഥം. മാസികയും അതിന്റെ കേരള കല്പദ്രുമം പ്രസ്സും ആരംഭിച്ചത് ദേശമംഗലത്തു നിന്നു തന്നെയാണ്.

ശ്രീ.എ.കെ.ടി.കെ.എം തമ്പുരാന്റെ സേവനം ഈ ഗ്രാമത്തിൻറെ പേര് പ്രകാശിപ്പിക്കുന്നതായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു ഭഗവത് ഗീതയും കുറെ മുലകളും' എന്ന സമാഹരത്തിലെ അതേ പേരുള്ള ചെറുകഥ അക്കാലത്തെ ദേശമംഗലത്തിന്റെ ആനച്ചന്തവും പെൺചന്തവും ജന്മിത്തവും വെളിപ്പെടുത്തുന്നു. മനകൊണ്ട് ദേശമംഗലം നിവാസികൾക്ക് കാര്യമായ ഭൗതിക നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിലും സ്ഥലപ്രശസ്തിക്കു അവരുടെ ആനകളും മംഗളോദയം പ്രവർത്തനങ്ങളും ഇടയാക്കിയിട്ടുണ്ട്. ഈ ഗ്രാമത്തിലെ കൊച്ചി സർക്കാർ ഗ്രാമീണവായനാശാലക്ക് ഡി.എച്ച്. നമ്പൂതിരിപ്പാടും മറ്റും ചെയ്ത സേവനങ്ങൾ ചെറിയ തോതിലാണെങ്കിലും ഓർക്കത്തക്കതാണ്.

സാഹിത്യ അക്കാദമി അവാർഡ് നേടിയ പുലാക്കാട്ടു രവീന്ദ്രൻ, പാർലമെന്റേറിയനും നിയമസഭാംഗവുമായിരുന്ന സി. കെ ചക്രപാണി, മുൻ മന്ത്രി കെ. കൊച്ചുകുട്ടൻ, എ.എസ്.എൻ. നമ്പീശൻ, കെ.എസ്. ശങ്കരൻ, സി. ശിവരാമമേനോൻ, എ.സി ജോസഫ് എന്നിവരുടെ നാമധേയങ്ങൾ ദേശമംഗലത്തിന്റെ പുരോഗതിയിൽ ഓർക്കപ്പെടേണ്ടവയാണ്. ദേശമംഗലം വാരിയർമാരുടെ നിരയിൽ അവസാനത്തെ കണ്ണിയായിരുന്ന പണ്ഡിതശിരോമണി പ്രൊഫ. ദേശമംഗലത്ത് രാമവാര്യർ നമ്മുടെ ഗ്രാമപ്രശസ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രശസ്ത മഹാകവി ഒഎൻവി കുറുപ്പ് ദേശമംഗലം ഗ്രാമവുമായി നിരന്തരബന്ധമുള്ള വ്യക്തിയാണെന്നും പ്രത്യേകം പറയേണ്ടതുണ്ട്. മലയാളത്തിലെ പ്രമുഖ കവിയും വിവർത്തകനും നിരൂപകനും അധ്യാപകനുമായ ദേശമംഗലം രാമകൃഷ്ണൻ ദേശമംഗലത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നു.

വിവിധ മേഖലകളുടെ ഇന്നത്തെ അവസ്ഥ

73,74 ഭരണഘടനാ ഭേദഗതിയോടെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാപദവിയുള്ള തദ്ദേശ സർക്കാരുകളായി മാറി. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ അധികാരത്തോടൊപ്പം സമ്പത്തും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ചു.

ഭവനനിർമ്മാണ പ്രവർത്തനം

ദേശമംഗലം പഞ്ചായത്തിലെ പാർപ്പിട സ്ഥിതി വളരെ മെച്ചപ്പെട്ട രീതിയിൽ ആയിട്ടുണ്ട്. ഓല വീടുകൾ ഇല്ല എന്നുതന്നെ പറയാം , എന്നാൽ പണ്ടുണ്ടായിരുന്നു ചില കർഷക കുടുംബങ്ങളുടെ വീടുകൾ നാശമായികൊണ്ടിരിക്കുന്ന അവസ്ഥയാണ് ഉള്ളത് , കൂടുതൽ വീടുകളും കോണ്ക്രീറ്റ് ആണ് 50% ത്തോളം വീടുകളും 1000 sq feet ന് മുകളിലുള്ളതും , 25% ത്തോളം 2000 sq feet ന് മുകളിലുള്ളതും, 75% വീടുകൾ രണ്ടു നിലയുള്ളവയാണ്. എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട് . ശൗചാലയങ്ങളും എല്ലാ വീടുകളിലും ഉണ്ട് . ആധുനിക സൗകര്യങ്ങളായ സ്മാർട്ട് ഫോൺ, ടെലിവിഷൻ എന്നിവയെല്ലാം 90% വീടുകളിലും ഉണ്ട് . ഗ്യാസ് കണക്ഷൻ ഇല്ലാത്ത 5% വീടുകൾ ഉണ്ട് . കുടിവെള്ള ക്ഷാമം ഇപ്പോഴും നേരിടുന്ന പഞ്ചായത്തിൽ ഇനിയും പദ്ധതികൾ ആവശ്യമാണ് . ഓരോ വാർഡിലും 3ഉം 4ഉം പദ്ധതികൾ ഉണ്ടെങ്കിലും പലതും പ്രാവർത്തികമായിട്ടില്ലാത്തതും പകുതി വഴിയിൽ നിർത്തിവെച്ചതും ആണ്. കോവിഡ് മഹാമാരി സമയത്ത് കുട്ടികൾക്ക് പഠന ആവശ്യത്തിനായി നെറ്റ് സൗകര്യം ഇല്ലാത്തതിനാൽ വായനശാലകളിലും അംഗൻവാടികളിലും ക്ലബ്ബുകളിലും ആണ് പഠന സൗകര്യം ഒരുക്കിയിരുന്നത് ആയതിനാൽ എല്ലാ വീടുകളിലും ഇന്റർനെറ്റ് സൗകര്യം ഒരുക്കി നൽകുന്നതിന് പ്രത്യേക പദ്ധതികൾ രൂപികരിക്കണം .

സാമൂഹ്യ ക്ഷേമം

കുടുംബ ശ്രീ രൂപികരണത്തോടെ സ്ത്രീകളുടെ കൂട്ടായ്മകളും സ്വയം തൊഴിൽ പദ്ധതികളും സമൂഹത്തിൽ സാമ്പത്തികമായ വൻ മുന്നേറ്റത്തിന് വഴിയായി . പുരുഷനോടൊപ്പം തൊഴിൽ ചെയ്യാൻ സ്ത്രീകൾ മുന്നോട്ട് വന്നതോടുകൂടി സമൂഹത്തിൽ സാമ്പത്തികമായി വളരെ പുരോഗതി ഉണ്ടാക്കുക വഴി ദാരിദ്ര നിർമ്മാർജനത്തിനും വഴി ഒരുക്കി , അതു മൂലം കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം മസസിലാക്കിയ പുതിയ ഒരു ജനത തന്നെ ഉയർന്നു വന്നു . കുടുംബശ്രീയുടെ DDUGKY പദ്ധതി പ്രകാരം യുവാക്കൾക്കും യുവതികൾക്കും തൊഴിൽ നൈപുണ്യ പരിശീലനം ലഭിക്കുകയും പല തൊഴിലുകളിലും ഏർപെടുകയും ചെയ്യാൻ സഹായകമായി. സ്ത്രീകൾ കൂട്ടമായും ഒറ്റയ്ക്കും കൃഷി ഭൂമികൾ പാട്ടത്തിന് എടുത്ത് പണിയുകയും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു .

ദേശമംഗലം പഞ്ചായത്തിലെ 20 അംഗൻവാടികളിൽ 19 എണ്ണത്തിനും സ്വന്തമായി കെട്ടിടം ഉണ്ട്, 1 എണ്ണം പള്ളം സെന്ററിൽ വാടകയ്ക്കും ഉണ്ട് . സാമൂഹ്യ ക്ഷേമ പെൻഷനുകൾ എല്ലാ അർഹതപ്പെട്ടവർക്കും ലഭിക്കുന്നുണ്ട് . പുതിയ അപേക്ഷ കൊടുക്കുന്നവർക്ക് കാലതാമസം ഇല്ലാതെ തന്നെ പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാണ് നടക്കുന്നത് .

ദേശമംഗലം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ പകുതിയിലധികം പണി കഴിഞ്ഞ നിലയിൽ ആണ് ഉള്ളത് , അത് പണി കഴിപിച്ച് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കണം.

വനിതാ വികസനം

കുടുംബശ്രീ രൂപികരനത്തിനു ശേഷം സ്ത്രീകൾ പൊതു വേദികളിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ബോധം സൃഷ്ടിക്കാൻ കഴിഞ്ഞു .കുടുംബശ്രീ വഴി നടത്തുന്ന സ്ത്രീ ശാസ്തികരണ ക്ലാസ്സുകളും സെമിനാറുകളും നിയമ ക്ലാസ്സുകളും സ്വയം തൊഴിൽ പരിശീലനങ്ങളും സ്ത്രീകളുടെ മാനസിക ശേഷി വർദ്ധിപ്പിച്ചതോടുകൂടി ഗ്രാമങ്ങളിലെ സ്ത്രീകളെ ഏതൊരു തൊഴിലിനും അതിന്റേതായ മാന്യത ഉണ്ട് എന്നാ ബോധം ഉള്ളവരാക്കി മാറ്റി .

സഹകരണ മേഖല

പഞ്ചായത്തിലെ ജനങ്ങൾക്ക് സാമ്പത്തികമായ ഏത് ആവശ്യത്തിനും ആദ്യം കയറിച്ചെല്ലാവുന്ന ഇടമായി ദേശമംഗലം സഹകരണ ബാങ്ക് മാറി . വായ്പ്പ സംമ്പ്രദായത്തിൽ കൂടുതൽ ഉദാരമാക്കി കൃഷിയോടൊപ്പം വ്യവസായത്തിനും പ്രധാന്യം നൽക്കുന്നു . വളം ഡിപ്പോയുടെ പ്രവർത്തനം നടക്കുന്നു , മൈക്രോ സ്വയം സഹായ സംഘങ്ങൾ , കുടുംബശ്രീ ലിങ്കേജ് വായ്പ്പകൾ , വായ്പകൾക്ക് ഇൻഷുറൻസ് പരിരക്ഷ എന്നിവയും ലഭിക്കുന്നു . ഒരു മാവേലി സ്റ്റോർ സഹകരണ അടിസ്ഥാനത്തിൽ ദേശമംഗലത്ത് ഉള്ളത് വിലകയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്തുന്നതിന് സഹായിക്കുന്നു .

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിവിധ സ്കീമുകളിലായി പട്ടികജാതിക്കാരുടെ വീടുകളിൽ പ്രഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾചെയ്യുക വഴി മുഴുവനായി അല്ലെങ്കിൽ കൂടി ഒരു പരിധിവരെ പരിഹാരമായി . ഇവർക്ക് വേണ്ടി മാത്രമായി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക വഴി കുടിവെള്ള പ്രശ്നത്തിനും പരിഹാരമായിട്ടുണ്ട് . ഒരു പരിധി വരെ റോഡുകളുടെ പണി കഴിഞ്ഞതിനാൽ കോളനികളിലേക്ക്

വാഹന സൗകര്യവും ഇന്നുണ്ട് . വിദ്യാഭ്യാസത്തെ കുറിച്ച് ഇന്നത്തെ തലമുറയിലുള്ളവർക്ക് ബോധ്യം ഉള്ളതിനാൽ അവർ മക്കളെ പഠിക്കാൻ വിടുന്നു . സമൂഹത്തിന്റെ ഏതു മേഖലകളിലും ഇടപെടാൻ പ്രാപ്തരായ ഇവരുടെ ജീവിത രീതിയിലും അതിന്റെ മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട് ,

എന്നാൽ ഇനിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസം പാതി വഴിയിൽ ഉപേക്ഷിക്കാതെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമയി കണ്ട് പദ്ധതികൾ രൂപികരിക്കെണ്ടതുണ്ട് മാലിന്യ സംസ്കരണത്തിനും കോളനികൾ തോറും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പൊതു ഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ)

പൊതുജനങ്ങൾക്ക് ദൈനം ദിനാവശ്യങ്ങൾക്ക് ഉതകും വിധം ഭരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആവശ്യമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ സംവിധാനം വാർഡ് സേവാ ഗ്രാമകേന്ദ്രങ്ങളിലൂടെ ജനകീയമാക്കാൻ കഴിയണം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേഗത്തിൽ നല്ല സേവനത്തിൽ നല്ല സേവനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. വിവര സാങ്കേതികവിദ്യയുടെ മുന്നേറ്റവും കമ്പ്യൂട്ടർവല്ക്കരണവും പഞ്ചായത്ത് വളരെ നല്ല രീതിയിൽ സ്വായത്തമാക്കുകയും അത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

കൂടുതൽ കാര്യക്ഷമമായ രീതിയിൽ ജനങ്ങൾക്ക് സേവനങ്ങളും വിവരങ്ങളും നല്കുന്നതിന് സർക്കാരിന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി k-smart പദ്ധതി രൂപീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

k-smart അപ്ലിക്കേഷൻ പ്രവർത്തികമായതോടുകൂടി വസ്തുനികുതി ഉൾപ്പടെയുള്ള എല്ലാ നികുതികളുടേയും പിരിവും അവയുടെ നിർണ്ണയവും കാര്യക്ഷമമായികൊണ്ടിരിക്കുന്നു. നിലവിൽ ഓൺലൈൻ വഴിയും ജനങ്ങൾക്ക് നികുതി അടക്കാനും മറ്റു സേവനങ്ങൾ ലഭ്യമാക്കാനും കഴിയും

കൃഷിയും അനുബന്ധമേഖലകളും (മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവൽക്കരണം ഉൾപ്പെടെ)

ദേശമംഗലം പഞ്ചായത്തിൽ 290 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. വിരിപ്പ് സീസണിൽ കഷ്ടിച്ച് 30 ഹെക്ടർ സ്ഥലത്ത് മാത്രമെ കൃഷിയിറക്കുന്നുള്ളു. വെള്ളക്കെട്ടും തൊഴിലാളി ദൗർലഭ്യവും ആണ് ഇതിന് കാരണം. ചില പാടശേഖരങ്ങളിൽ തരിശ് ആയി നിലം കിടക്കുന്നുണ്ട്. ജലസേചന സൗകര്യങ്ങളുടെ കുറവ് ഒരു പ്രശ്നമാണ്. നടീൽ യന്ത്രം, ട്രാക്ടർ.ടില്ലർ,കൊയ്ത്തുമെതിയന്ത്രം എന്നിവ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതുണ്ട്. നെൽകൃഷിയിൽ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായി ഉല്പാദനോപാധികൾ (വിത്ത്, ജൈവ രാസ കീടാണു വളങ്ങൾ, കുമ്മായം, കള ജൈവിക കീടനാശിനികൾ, കുമിൾനാശിനികൾ) ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. ഇവയുടെ വിതരണത്തിന് കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്ന ഡിപ്പാർട്ട്മെന്റുകളുടെ വിഹിതം അപര്യാപ്തമായതിനാൽ ഉല്പാദന ഉപാധികൾ വിതരണം ചെയ്യുന്നതിനായി സമഗ്ര പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

തൊഴിലാളിക്ഷാമവും കർഷകർ നേരിടുന്ന ഗുരുതര പ്രശ്നമാണ്. പാടശേഖരങ്ങളിൽ ട്രാക്ടർ ഇറക്കാൻ കഴിയുന്ന തരത്തിൽ റാമ്പുകൾ സ്ഥാപിച്ചിട്ടില്ല

തോടുകളുടെ സൈസ് കെട്ടിയും ആഴം കൂട്ടിയും വെള്ളകെട്ട് പ്രശ്നം പരിഹരിക്കേണ്ടതുണ്ട് യന്ത്രവൽകൃത കൃഷിയുടെ അഭാവവും പ്രശ്നമായി അവശേഷിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 12 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി. സമഗ്ര പുരയിട കൃഷി വികസനത്തിന്റെ ഭാഗമായി വാഴ ,പച്ചക്കറി, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, കിഴങ്ങു വർഗ്ഗ വിളകൾ, ഇവയുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ശാസ്ത്രീയമായി ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനും ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി നിർദ്ദേശിക്കുന്നു. പച്ചക്കറി വികസനത്തിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നല്കുന്ന പദ്ധതി നടപ്പിലാക്കി ജൈവ ഉല്പന്നങ്ങൾക്കായുള്ള വിപണി പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിക്കുന്നു. പച്ചക്കറികൃഷിയുടെ വിപുലീകരണത്തിനായി പഞ്ചായത്തും കൃഷിഭവനും കൂടി പദ്ധതികൾ ആവഷ്കരിക്കുന്നണ്ട്. പ്രധാനപ്പെട്ട മറ്റൊരു കൃഷിയാണ് തെങ്ങ്. നാളികേരവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് പോലും പഞ്ചായത്തിൽ ഇല്ല. എന്നാൽ നാളികേര സംഭരണത്തിലൂടെ തെങ്ങ് കൃഷിചെയ്യുന്നവരെ ഒരു പരിധി വരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മൃഗസംരക്ഷണവും ക്ഷീരവികസനവും

ദേശമംഗലം ഗ്രാമപഞ്ചായത്ത് കാർഷികമായ ഒരു പാരമ്പര്യമുള്ള പഞ്ചായത്താണ്. 10-ാമത് കന്നുകാലി സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 956 കന്നുകാലികളും(പശുക്കൾ) 672 ആട്, 10 എരുമ 3200 കോഴികൾ എന്നിവയാണുള്ളത്. ഗ്രാമപഞ്ചായത്തിലെ പാലിന്റെയും മുട്ടയുടേയും ആവശ്യകത മുഴുവനായി നിറവേറ്റുന്നതിന് ഈ സമ്പത്ത് പര്യാപ്തമല്ല. ആയതിനാൽ പശുക്കളും കോഴികളും വളർത്തുന്നവർക്ക് കൂടുതൽ പ്രോത്സാഹനം നല്കണ്ടതാണ്. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നു. കൂടുതൽ ഡയറി യൂണിറ്റുകൾ തുടങ്ങേണ്ട ആവശ്യകതയിലേക്കാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ചെറുകിട വ്യവസായം

ദേശമംഗലം പഞ്ചായത്തിൽ ചെറുകിടവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഉത്പാദന മേഖലയിൽ സംരംഭം നടത്തുന്നവർക്ക് അത് മാർക്കറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, നൈപുണ്യവികസനം എന്നിവയിൽ പരിശീലനം നൽകുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും വേണം.

ദാരിദ്ര്യ ലഘൂകരണം

നിരവധി ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇനിയും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവത്സര പദ്ധതി കാലയളവിൽ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ദേശമംഗലം ഗ്രാമപഞ്ചായത്ത് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 212 കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്. ഈ ഗ്രൂപ്പുകൾക്കെല്ലാം റിവോൾവിംഗ് ഫണ്ട് നല്കി, ചെറിയ തോതിൽ ബിസിനസ്സ്, കൃഷി, മൃഗസംരക്ഷണം എന്നീ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സംരംഭങ്ങൾ ഒന്നും ഇല്ലാത്ത ഗ്രൂപ്പുകളും നിലവിലുണ്ട്.

എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതു വഴി 2017-20 വർഷം മുതൽ ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളു. കുടുംബശ്രീതലത്തിലും പാർപ്പിടമേഖലയിലും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. എങ്കിലും ഭവന രഹിതരായവർ

ഇപ്പോഴും നിലവിലുണ്ട്. സ്വയം തൊഴിൽ മേഖലയിൽ നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. സ്വയം തൊഴിൽ മേഖലയിൽ വിപണനകേന്ദ്രം ഇന്ന് നിലവില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പടെ)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിവരുന്നുണ്ട്. പഞ്ചായത്ത് വിഹിതവും, ബ്ലോക്ക് വിഹിതവും, ജില്ലാവിഹിതവും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നിലവിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, വൃദ്ധർക്ക് കട്ടിൽ, ട്രൈസ്കൂട്ടർ തുടങ്ങിയവ ത്രിതല പഞ്ചായത്ത് വിഹിതം വഴി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിഞ്ഞിട്ടുണ്ട്. വൃദ്ധ ജനങ്ങൾക്ക് ഒരു ആശ്വാസ കേന്ദ്രമായി ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ചേർത്ത് പകൽ വീട് ആരംഭിച്ചു കഴിഞ്ഞു. വയോജന പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വാർഡിലും പകൽവീട് സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്.

പട്ടികജാതി വികസനം

ഭവന രഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും വീടും ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോഴും കക്കൂസ് ഉണ്ടെങ്കിലും ഉപയോഗശൂന്യമായ സ്ഥിതിയിലുള്ള കുടുംബങ്ങൾ ഉണ്ട്. കക്കൂസ് സൗകര്യം തീരെ ഇല്ലാത്ത അപൂർവ്വം ചില കുടുംബങ്ങളുമുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സങ്കേതങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഇവിടങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പട്ടിക ജാതി സങ്കേതങ്ങളിലെ വൈദ്യുതീകരണവും തെരുവു വിളക്കു പരിപാലനവും പുതിയ തെരുവു വിളക്ക് സ്ഥാപിക്കലും ഏറ്റെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനോടൊപ്പം ബിരുദ ധാരികളെ സൃഷ്ടിക്കുകയും അവർക്ക് പി.എസ്.സി കോച്ചിംഗ് നല്കുന്നതിനും കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിലും കൂലിപണിയും കൺസ്ട്രക്ഷൻ മേഖലയിലുമാണ് കൂടുതൽ പേരും തൊഴിലെടുക്കുന്നത്. സ്വയം തൊഴിലും സ്ഥിരം തൊഴിലും ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കേണ്ടതുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പെൻഷനുകൾ നല്കുകയും അയൽക്കൂട്ട രൂപീകരണവും തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിച്ചും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക സഹായങ്ങൾ നല്കി മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

വടക്കാഞ്ചേരി ബ്ലോക്കിലെ ദേശമംഗലം പഞ്ചായത്തിൽ 2011–12 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഐ.സി.ഡിഎസ്–ന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക സർവ്വേ പ്രകാരം ആകെ ജനസംഖ്യ 24754–ഉം സ്ത്രീജനസംഖ്യ 12521–ഉം പുരുഷ ജനസംഖ്യ 12233 ഉം ആണ്. ആറുവയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2085 ഉം അതിൽ ആൺകുട്ടികളുടെ എണ്ണം 1090 ഉം അതിൽ പെൺകുട്ടികളുടെ എണ്ണം 995 ഉം ആണ്.

പഞ്ചായത്തിൽ 20 അഗൻവാടികളുണ്ട്. ഇവ 1 മുതൽ 16 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. ഓരോ അംഗൻവാടിയിലും ഒരു വർക്കറും ഒരു ഹെൽപ്പറും ജോലി ചെയ്യുന്നു. 20 അംഗൻവാടികളിൽ 19 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 1 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 20 അംഗൻവാടികളിൽ 10 എണ്ണത്തിന് ശിശുസൗഹൃദ കക്കൂസ് ഉണ്ട്. 14 അംഗൻവാടികളിൽ വയറിംഗ് നടത്തി കണക്ഷൻ ലഭിച്ചിട്ടുണ്ട്. 10 അംഗൻവാടികൾക്കാണ് സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത്. 13 അംഗൻവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിലായി അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ, ഫ്ളാഗ് പോസ്റ്റ്, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണീച്ചർ എന്നിവ നൽകിയിട്ടുണ്ട്.

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിന് അംഗൻവാടികളിൽ കൂടി പോഷകാഹാരവിതരണം നടത്തുന്നു. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അമൃതം ഫുഡ് എന്ന പേരിലുള്ള പോഷകാഹാരം നല്കി വരുന്നു. കൂടാതെ ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അംഗൻവാടികളിൽ കൂടി ഭക്ഷണം നല്കുന്നുണ്ട്.

അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് രാവിലെ 11 മണിക്ക് നിലക്കടല വറുത്തത്/നിലക്കടല മിഠായി, ഉച്ചക്ക് ചെറുപയർ ചേർത്ത് വേവിച്ച കഞ്ഞി, 3 മണിക്ക് ഗോതമ്പ് ഉപ്പുമാവ്/പായസം എന്നിവ നൽകുന്നു. ആരോഗ്യപ്രവർത്തകർ അംഗൻവാടികളിൽ കൂടി രോഗ പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നു. അമ്മമാരെയും കൗമാരപ്രായക്കാരായ കുട്ടികളെയും പരിശോധിച്ച് വിളർച്ച മാറ്റുവാനുള്ള ഗുളികകൾ നല്കി വരുന്നു. അതിനു പുറമെ അമ്മമാർക്കും, . കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ഉൾക്കൊള്ളുന്ന വിധത്തിലുള്ള ബാലസഭയുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടക്കുന്നുണ്ട്. കുടുംബശ്രീ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുന്ന രീതിയുള്ള പരിപാടികൾ കൂടി ഉൾപ്പെടുത്തി വികസന നയം രൂപപ്പെടുത്തണ്ടതാണ്.

ആരോഗ്യം

കുടുംബാരോഗ്യ കേന്ദ്രം (FHC)

A) PHC- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി.

- രോഗികൾക്ക് മെച്ചപ്പെട്ട സേവനവും മരുന്നും നല്കാൻ കഴിയുന്നുണ്ട്
- ലാബിൽ ഓട്ടോമാറ്റിക്ക് ഉപകരണങ്ങളുടെയും ആധുനിക ഉപകരണങ്ങളുടെയും അപര്യാപ്തത പരിഹരിച്ചു.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി പ്ലാന്റ് നിർമ്മിച്ചു.
- KMSCL വഴി ലഭിക്കുന്നതിനുപുറമെ ജനകീയാസൂത്രണം വഴിയും മരുന്നുകൾ വിതരണം ചെയ്യുന്നു.
- പേവിഷബാധ പ്രതിരോധ കുത്തിവെയ്പ് നൽകി വരുന്നു.
- E HEALTH നടപ്പിലാക്കി
- CCTV ക്യാമറകൾ സ്ഥാപിച്ചു.
- ഭിന്ന ശേഷി സൗഹൃദ ആശുപത്രിയാക്കി
- കുട്ടികൾക്ക് കളിക്കുവാൻ കളിസ്ഥലം / പാർക്ക് നിർമ്മിച്ചു

നിലവിലുള്ള സ്റ്റാഫുകൾ

ഡോക്ടർമാർ - **4**

ഫാർമസിസ്റ്റ് - **2**

ഹെൽത്ത് ഇൻസ്പെക്ടർ - **1**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 3

JPHM - 4

സ്റ്റാഫ് നഴ്സ് - 2

MLSP - 2

ലാബ് ടെക്നീഷ്യൻ - 1

സബ് സെന്ററുകൾ

- പള്ളം, കൊണ്ടയൂർ, തലശ്ശേരി സബ് സെന്ററുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പ്രവർത്തന ക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫർണീച്ചറുകളുടെ അപര്യാപ്തത പരിഹരിച്ചു. .പള്ളം സബ് സെന്ററിനെ ആർദ്രം പദ്ധതിയിൽപെടുത്തി ഉൾപ്പെടുത്തി ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

- കൊണ്ടയൂർ സബ് സെന്റർ പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചു വരുന്നു.

ആയുർവേദ ആശുപത്രി

- ആയുർവേദ ആശുപത്രി കെട്ടിടത്തിൽ സ്റ്റോർ ,ബാത്ത്റൂം, ട്രസ്സ് വർക്ക് ഉൾപ്പെടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. KASH നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആശുപത്രിയിൽ കുഴൽ കിണർ നിർമ്മിച്ചുവെങ്കിലും ആവശ്യാനുസരണം വെള്ളം ലഭ്യമായിട്ടില്ല.

- പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നു

പൊതുജനാരോഗ്യം

- പകർച്ചാവ്യാധികൾ കുറഞ്ഞ എണ്ണത്തിൽ ഓരോ വർഷവും ഉണ്ടാവുന്നു

- ജലജന്യരോഗങ്ങൾക്ക് കക്കൂസ് കുഴിയും കിണറും തമ്മിലുള്ള അകലക്കുറവും ശുചിത്വ നിലവാരക്കുറവും തെറ്റായ ആരോഗ്യനിലകൾ എന്നിവയും കാരണമാവുന്നു

- പ്രതിരോധ കുത്തിവെപ്പ് എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

- കിടപ്പിലായവരും, വൃക്ക രോഗങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പാലിയേറ്റീവ് പരിപാടി വഴി സ്വാന്തനവും സേവനവും മരുന്നും ലഭിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയും പുരോഗതി വരുത്തേണ്ടതുണ്ട്

- രോഗപ്രതിരോധ,നിയന്ത്രണ,ബോധവൽക്കരണ പ്രവർത്തങ്ങൾ നല്ല നിലയിൽ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിയുന്നു

- പകർച്ചവ്യാധികൾ ഒരു പരിധിവരെ പ്രതിരോധിക്കാൻ കഴിയുന്നു

- ദേശീയ ആരോഗ്യ പരിപാടികൾ പഞ്ചായത്ത് പ്രദേശത്ത് നല്ല നിലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

- ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ച കൊണ്ടിരിക്കുന്നു. ആയതിനുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

വിദ്യാഭ്യാസം,സംസ്കാരം,കല കായിക വികസനം യുവജനക്ഷേമം

കൊണ്ടയൂർ GLP സ്കൂളിൽ 57 കുട്ടികളും 8 ക്ലാസ് മുറികളും 4 ഡിവിഷനുകളുമുണ്ട്. 8 ക്ലാസ് മുറികളിൽ 4 എണ്ണം അധ്യായനത്തിനും ബാക്കി ഓഫീസ്റൂം, കംപ്യൂട്ടർ റൂം, അംഗൻവാടി ,ലൈബ്രറി എന്നിവയും പ്രവർത്തിക്കുന്നു. സ്കൂളിൽ സ്റ്റേജും പാചകപുരയും ഉണ്ട്. പളളം GLPS ൽ 31 കുട്ടികളും 4 ഡിവിഷനുകളും 6 ക്ലാസ് മുറികളും ഉണ്ട്. പള്ളം സ്കൂളിൽ സ്റ്റേജും ഹാളും ഉണ്ട്. കലാ കായിക വികസനം ലക്ഷ്യം വച്ച കൊണ്ട് യുവജനങ്ങൾക്ക് (ക്ലബുകൾക്ക്) സ്പോർട്സ് കിറ്റ് നൽകാൻ കഴിഞ്ഞു. യുവജനങ്ങൾക്ക് ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, കളിസ്ഥലം നിർമ്മാണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

താരതമ്യ പഠനം

സാഹിത്യത്തിലും, കലയിലും വളരെയധികം പുരോഗമനപരമായ നടപടികൾ കൈകൊണ്ടിട്ടുള്ളതും സാഹിത്യകാരന്മാരുടെ എഴുത്തുകൾ അച്ചടിച്ച് ജനങ്ങളുടെ ഹൃദയത്തിലേക്ക് എത്തിച്ച എന്നത് ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ മുൻകാല പാരമ്പര്യങ്ങളിൽ പ്രധാനമാണ്. തീർത്തും ഗ്രാമീണമായ, ഭാരതപുഴ തൊട്ടു തലോടി പച്ചപ്പ് തീർക്കുന്ന ഒരു നല്ല കാർഷിക ഗ്രാമമാണ് ദേശമംഗലം. ജനങ്ങൾ പ്രധാനമായും കാർഷിക വൃത്തികളിലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ഒരു സമൂഹമാണ് ദേശമംഗലത്ത് അധിവസിച്ചിരുന്നത്. വള്ളുവനാടൻ പാരമ്പര്യം പിന്തുടരുന്ന തീർത്തും നിഷ്കളങ്കരായ ജനങ്ങളാണ് ഇവിടെയുള്ളത്, പാലക്കാടിനോട് അതിർത്തി പങ്കിടുന്നതിനാൽ പാലക്കാടൻ സ്വാഭാവ രീതികൾ ജനങ്ങളിൽ ഇപ്പോഴും കണ്ടുവരുന്നുണ്ട്.

1998 ന് മുമ്പ് കാർഷിക വൃത്തി മാത്രമായിരുന്ന ഈ നാട്ടുകാരുടെ പ്രധാന വരുമാന മാർഗ്ഗം. കാർഷിക വൃത്തിക്ക് ഉതകുന്ന വിധത്തിലുള്ള കുറെയധികം മണ്ണ് റോഡുകളും മറ്റുമാണ് ഈ പഞ്ചായത്തിൽ പ്രധാനമായും ഉണ്ടായിരുന്നത്. വേനൽ കാലത്ത് കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടിരുന്ന സ്ഥലമാണിത്. ദേശമംഗലം മനക്കാർ നൽകിയ സ്ഥാപനങ്ങൾ മാത്രം നിലനിന്നിരുന്ന കാലം മൺ കുടിലുകളിലും, ഓല പുരകളിലും താമസിച്ചിരുന്ന വളരെ ദരിദ്രരായ കർഷക തൊഴിലാളികൾ അടങ്ങുന്ന ഒരു വിഭാഗവും ഈ കാലങ്ങളിൽ കാണാൻ സാധിക്കും. കാർഷിക വൃത്തി ഇല്ലാത്തപ്പോൾ കൊടിയ ദാരിദ്ര്യം അനിബവിച്ചിരുന്ന തീർത്തും നിർധനരായ ആളുകൾ താമസിച്ചിരുന്നു. അത് ഏതാണ്ട് ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയോളം ആയിരുന്നു. തുടർന്ന് 1998 ൽ ജനകീയാസൂത്രണം വഴി ദേശമംഗലം പഞ്ചായത്തിലും, സ്വന്തമായി ചിന്തിക്കുന്നതിനും അവർക്ക് ആവശ്യമുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും സാധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ദാരിദ്ര്യം ലഘൂകരിക്കുക എന്നത് ലക്ഷ്യം വെച്ച് തീർത്തും നിർധനരായവർക്ക് പല പദ്ധതികളിലായി സബ്സ്ിഡിയോടു കൂടി വീടുകൾ അനുവദിക്കുന്നതിന് സാധിച്ചു. അതോടെ പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ റോഡുകളും ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുകയും ചെയ്തു. ഇപ്പോൾ പഞ്ചായത്തിലെ എല്ലാ റോഡുകളും, കാനകളും വളരെയധികം പൂർത്തികരിക്കാൻ സാധിച്ചു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണറുകളും, കുടിവെള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സാധിച്ചതുമൂലം ഒരു പരിധി വരെ ജനങ്ങളുടെ അടിസ്ഥാന ആവശ്യം നിറവേറ്റാനായി. സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാപനം മൂലം പഞ്ചായത്തിന്റെ പൊതു വീഥികൾ പ്രകാശമാനമായി. ജനങ്ങളുടെ ജീവിതത്തിൽ ഇടപഴകുന്നതിന്റെ ഭാഗമായി കാർഷിക വൃത്തിയിലും മൃഗസംരക്ഷണ മേഖലയിലും സബ്സ്ിഡികൾ നൽകി പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന് സാധിച്ചു.

പുതുതലമുറയുടെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ പരിഗണന നൽകുന്നതിന്റെ ഭാഗമായി പോഷകാഹാര വിതരണത്തിലൂടെയും അംഗൻവാടികളുടെ നിർമ്മാണത്തിലൂടെയും ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് സാധിച്ചു. ആരോഗ്യമേഖലയുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പ്രാഥമിക സൗകര്യങ്ങൾ മാത്രം ഉണ്ടായിരുന്ന PHC

നവീകരിക്കുന്നതിനും 24 മണിക്കൂർ പ്രവർത്തന നിരതമായ രീതിയിൽ വളർത്തുന്നതിനും ആയതിന് ആവശ്യമായ മരുന്നുകളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് സാധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും, ഏതൊരു സ്ഥാപനത്തിനോടും കിടപിടിയ്ക്കുന്ന രീതിയിൽ അവയെ വളർത്തുന്നതിനും സാധിച്ചു. പട്ടികജാതി വിഭാഗക്കാർക്ക് അവരുടെ ജീവിത സാഹചര്യങ്ങളും അവസ്ഥയും മാറ്റുന്നതിന് ജനകീയാസൂത്രണം വഴി സാധിക്കുകയുണ്ടായി. വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും, വീട് നിർമ്മാണത്തിനും ജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പഞ്ചായത്ത് ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണ്. മൊത്തത്തിൽ ജനകീയാസൂത്രണം വഴി പഞ്ചായത്തുകളുടെ വളർച്ച ജനങ്ങളുടെ ഇടയിലേക്ക് ചെന്ന് അവർക്ക് ആവശ്യമായ കാര്യങ്ങൾ സാധിച്ചു കൊടുക്കുന്നതിനുമാണ് ഊന്നൽ നൽകിയിരിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ - ഫോറം 1

ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 34/1 , 20-01-2026

ക്രമ. നം	പേരും വിലാസവും	ഫോൺ ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപെടുന്ന വിഭാഗം	സ്ത്രീ/ പുരുഷൻ	എസ്. സി/ എസ്.ടി / മറ്റുള്ളവ	വിദ്യാഭ്യാസ യോഗ്യത	വൈദഗ്ധ്യം / പരിജ്ഞയം മേഖല	തൊഴിൽ
1	സന്ധ്യ കെ.സി	8129750668	അദ്ധ്യക്ഷ	തദ്ദേശ ഭരണ അദ്ധ്യക്ഷ	സ്ത്രീ	മറ്റുള്ളവ	ബിരുദം	സന്നദ്ധ പ്രവർത്തക	സാമൂഹിക പ്രവർത്തക
2	അബ്ദുൾ സലാം	9947081850	ഉപാദ്ധ്യക്ഷൻ	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
3	സലിം	9961924079	അംഗം	തദ്ദേശ ഭരണ ഉപാദ്ധ്യക്ഷൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
4	ബീന	9544861074	അംഗം	സ്റ്റാന്റ്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	എസ്. സി	PLUSTWO	സന്നദ്ധ പ്രവർത്തക	സാമൂഹിക പ്രവർത്തക
5	മഞ്ജുള	9645698355	അംഗം	സ്റ്റാന്റ്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തക	സാമൂഹിക പ്രവർത്തക
6	ലക്ഷ്മണൻ	9847706047	അംഗം	സ്റ്റാന്റ്റിംഗ് കമ്മിറ്റി ചെയർമാൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ

7	നാസർ	8606863585	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
8	ബാലൻ ഇ.കെ	9846462031	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	PLUSTWO	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
9	ജയദേവൻ	9946105118	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	PLUSTWO	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
10	സനാദനൻ	9846477855	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
11	മുഹമ്മദ് അലി	8848583813	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	DIPLOMA	സന്നദ്ധ പ്രവർത്തകൻ	സാമൂഹിക പ്രവർത്തകൻ
12	സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്								

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : പൊതുഭരണവും ധനകാര്യവും
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 34/1 , 20-01-2026

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	സലിം കെ.എം	9961924079	ചെയർമാൻ	പുരുഷൻ				
2			വൈസ് ചെയർമാൻ					
കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 12 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി. സമഗ്ര പുരയിട കൃഷി വികസനത്തിന്റെ ഭാഗമായി വാഴ ,പച്ചക്കറി, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ,കിഴങ്ങു വർഗ്ഗ വിളകൾ , ഇവയുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ശാസ്ത്രീയമായി ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനും ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി നിർദ്ദേശിക്കുന്നു. പച്ചക്കറി വികസനത്തിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നല്കുന്ന പദ്ധതി നടപ്പിലാക്കി ജൈവ ഉല്പന്നങ്ങൾക്കായുള്ള വിപണി പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിക്കുന്നു. പച്ചക്കറികൃഷിയുടെ വിപുലീകരണത്തിനായി പഞ്ചായത്തും കൃഷിഭവനും കൂടി പദ്ധതികൾ ആവഷ്കരിക്കുന്നണ്ട്. പ്രധാനപ്പെട്ട മറ്റൊരു കൃഷിയാണ് തെങ്ങ്. നാളികേരവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് പോലും പഞ്ചായത്തിൽ ഇല്ല. എന്നാൽ നാളികേര സംഭരണത്തിലൂടെ തെങ്ങ് കൃഷിചെയ്യുന്നവരെ ഒരു പരിധി വരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(വെല്ലുവിളികൾ , പ്രശ്നവിശകലനം , പരിഹാരസാധ്യതകൾ)

1) ജലക്ഷാമം – പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത് ഇത് സംഭരിച്ച് നിർത്തുന്ന കുളം, തോട് , എന്നിവയുടെ കേടുപാടുകൾ മൂലം പൂർണ്ണമായും ജലവിനിയോഗം നടക്കുന്നില്ല. ഈ പ്രധാന പ്രശ്നം പരിഹരിച്ചാൽ നിലവിൽ മൂന്നു പൂവിലും കൃഷി ഇറക്കാൻ സാധിക്കും

2) തൊഴിലാളി ക്ഷാമം– കടുത്തതൊഴിലാളി ക്ഷാമം കാർഷികമേഖലയിൽ നിലനിൽക്കുന്നുണ്ട്. ഇതിന് പരിഹാരമായി പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ ബാങ്ക് സ്ഥാപിക്കേണ്ടതാണ് നിലവിലുള്ള കാർഷികകർമ്മസേനയെ പുനരുജ്ജീവിപ്പിക്കലും അടിയന്തിരമായി നടത്തേണ്ടതാണ്

3) യന്ത്രങ്ങളുടെ ഉയർന്നവാടക ലഭ്യതക്കുറവ് --- നിലവിൽ കാർഷിയന്ത്രങ്ങൾ കൃത്യസമയത്തു ലഭിക്കാത്തതും ഉള്ളതിന് ഉയർന്ന വാടകയും വരുന്നത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. പൊതുഉടമസ്ഥതയിൽ വ്യക്തമായ മേൽനോട്ടത്തോടെ യന്ത്രങ്ങൾ ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരം ലഭിക്കും .

4) വിപണത്തിനുള്ള സൌകര്യമില്ലായ്മ --- നിലവിൽ പഞ്ചായത്ത് തല മാർക്കറ്റ് ഇല്ലാത്തത് കർഷകർക്ക് സ്വന്തം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വളരെ അധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

പഞ്ചായത്തതല ചന്ത മൊബൈൽ ചന്ത എന്നിവയുടെ രൂപീകരണം വഴി ഈ പ്രതിസന്ധി നമുക്ക് മറികടക്കാനാവും

5) സംഭരണത്തിന്റെസ അസൌകര്യം ---വിവിധ വിളകള്ക്ക് സംഭരണ സൌകര്യം ഇല്ലാത്തതിനാൽ കൃഷി കുറയാനും ഒരുപാട് ഉല്പന്നങ്ങൾ നശിച്ചുപോകാനും കാരണമാകുന്നുണ്ട്. സംഭരണസൌകര്യം ഇല്ലാത്തതാണ് വിരിപ്പുകൃഷി പൂർണ്ണമായും ഇല്ലാതായത് ഓരോ പാടശേഖരങ്ങളിലും സംഭരണ ഗോഡൌൺ നിർമ്മിക്കുന്നത് വഴി ഈ പ്രശ്നങ്ങൾ പരിഹരിക്കാനാവും .

6) മൂല്യവത്കരണത്തിൻറ അഭാവം – നിലവിൽ ഉല്പാദിപ്പിക്കുന്ന അതേപോലെ വിറ്റഴിക്കുന്ന കൂടുതൽ ഉല്പന്നങ്ങൾ പാഴായിപ്പോകാനും വിലക്കുറവിനും ഇത് കാരണമാകുന്നുണ്ട്. എന്നാൽ ഉയർന്ന വില ലഭിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിറ്റഴിച്ചാൽ കൂടുതൽ ലാഭം കർഷകർക്ക് ലഭിക്കും. ഇതിനു വേണ്ട മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും പരിശീലനങ്ങളും യൂണിറ്റുകളും ആരംഭിക്കുക വഴി ഈ പ്രശ്നം പരിഹരിക്കാനാകും

മൃഗസംരക്ഷണവും ക്ഷീരവികസനവും

ദേശമംഗലം ഗ്രാമപഞ്ചായത്ത് കാർഷികമായ ഒരു പാരമ്പര്യമുള്ള പഞ്ചായത്താണ്. 10–ാമത് കന്നുകാലി സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 956 കന്നുകാലികളും(പശുക്കൾ) 672 ആട്, 10 എരുമ 3200 കോഴികൾ എന്നിവയാണുള്ളത്. ഗ്രാമപഞ്ചായത്തിലെ പാലിന്റെയും മുട്ടയുടേയും ആവശ്യകത മുഴുവനായി നിറവേറ്റുന്നതിന് ഈ സമ്പത്ത് പര്യാപ്തമല്ല. ആയതിനാൽ പശുക്കളും കോഴികളും വളർത്തുന്നവർക്ക് കൂടുതൽ പ്രോത്സാഹനം നല്കണ്ടതാണ്. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നു. കൂടുതൽ ഡയറി യൂണിറ്റുകൾ തുടങ്ങേണ്ട ആവശ്യകതയിലേക്കാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(1996 വർഷം അവസ്ഥയും 2022 വർഷ അവസ്ഥയും)

(താരതമ്യപഠനം)

നം.	1996 ലെ അവസ്ഥയും	2022 ലെ അവസ്ഥയും
		ഈ സബ് സെൻറർ പിന്നീടു മൃഗാശുപത്രിയുമായി ഉയർന്നു. ജനകീയാസൂണം 2000– 01 ചെറിയ മൃഗാശുപത്രി കെട്ടിടം വിപുലീകരിച്ചു. 2001–05 വർഷം പുതിയ ആശുപത്രി കെട്ടിടം 646 (sq feet)

1	ചികിത്സിക്കുന്നതിനും കുത്തിവെപ്പിനുമായി ഒരു സെൻറർ മാത്രമേ അന്നുണ്ടായിരുന്നുള്ളു.	
2	സ്ഥിരമായി ഡോക്ടറും അസിസ്റ്റൻറും അന്നുണ്ടായിരുന്നില്ല.	നിലവിൽ സ്ഥിരമായി ഒരു വെറ്റിനറി ഡോക്ടറും 2 ലൈവ്സ്റ്റോക്ക് ഇൻസ്പെ ക്ടറും ഉണ്ട്. (ഒരാൾ മൃഗാശുപത്രിയിലും ഒരാൾസബ്സ്ൻറിലും)
3	ഒരു ക്ഷീരസഹകരണ സംഘം അന്നുണ്ടായിരുന്നുള്ളു. (തലശ്ശേരി) പാൽ വിപണനവും കാലിത്തീറ്റ വില്പനകേന്ദ്രവും ഇതു വഴിയായിരുന്നു. അന്ന് ഏകദേശം	**1.** നിലവിൽ സ്ഥിരമായി 2 ക്ഷീരസഹകരണസംഘങ്ങൾ ദേശമംഗലം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. **2.**തലശ്ശേരി ക്ഷീരസഹകരണസംഘം 1996 ൽ നിലവിൽ വന്നു. നിലവിൽ 500 ലിറ്റർ പാൽ ദിവസം മിൽമക്ക് നൽകുന്നു. **3.**വറവട്ടൂർ ക്ഷീരസഹകരണസംഘം.
	130 ലിറ്റർ പാൽ ദിവസം മിൽമക്ക് ദേശമംഗലം ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിരുന്നു.	2017 ൽ നിലവിൽ വന്നു. നിലവിൽ 390 ലിറ്റർ പാൽ ദിവസം മിൽമക്ക് നൽകുന്നു.
4	കൃത്രിമബീജസകലനം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളു. മൂരികളുടെ എണ്ണം കൂടുതലായിരുന്നു. പലർക്കും വിമുഖത ഉള്ളതു കൊണ്ട് 117 കൃത്രിമബീജസങ്കലനം ആ വർഷം ചെയ്തിരുന്നുള്ളു.	ടെക്നിക്കലായി ഈ കാര്യത്തിൽ വളരെയധികം മുന്നോട്ടുപോയി. എല്ലാ പശുക്കളിലും ഇപ്പോൾ കൃത്രിമബീജസങ്കലനം മാത്രമാണ് ചെയ്യുന്നത്. 689 കുത്തിവെപ്പ ഒരു വർഷം ചെയ്യുന്നു. ട്രാക്ടർ വന്നതോടെ പലരും കൃഷി ആവശ്യത്തിന് കന്നുകാലികളെ വളർത്തുന്ന രീതി ഉപേക്ഷിച്ചു പലരും പാലിനും ചാണകത്തിനും വേണ്ടിയാണ് നിലവിൽ കന്നുകാലികളെ വളർത്തുന്നത്. ആയതിനാൽ മൂരികളുടെ എണ്ണം കുറഞ്ഞു. കൃത്രിമബീജസങ്കലനം ഇപ്പോൾ ആടുകളിലും നടത്തുന്നുണ്ട്. (സൌജന്യമായി) ആടുകളിൽ 137 ഓളം കുത്തിവെപ്പ് ഒരു വർഷം നടത്തുന്നുണ്ട്.

5	അലഞ്ഞു തിരിയുന്ന നായകൾ അന്നേ പ്രശ്നമായിരുന്നു.	ജനസംഖ്യാ വർദ്ധനവിനൊപ്പം നായകളുടെ എണ്ണവും വർദ്ധിച്ചു. കോവിഡ് 19 സാഹചര്യത്തിൽ പലരും നാടൻ നായക്കുട്ടികളെ എടുത്ത് വളർത്തുന്നത് സ്ഥിരമായിട്ടുണ്ട്. അന്നു കുടുംബങ്ങളിൽ സ്നേഹം പങ്കിടാൻ നായകൾ, ഇപ്പോൾ ഒരു അംഗമായിട്ടാണ് പലരും വളർത്തുന്നത്. ആയതുകൊണ്ടു തന്നെ വാക്സിനേഷൻ ചെയ്യാനും ചികിത്സിക്കാനുമായി ധാരാളം ആളുകൾ മൃഗാശുപത്രിയിൽ വരുന്നുണ്ട്. ഭാവിയിൽ ഓമന മൃഗങ്ങളുടെ സ്പെഷൽ ആശുപത്രികൾ ഗവൺമെൻറ് തലത്തിൽ വരേണ്ടതുണ്ട്.
6	കൃത്രിമബീജസങ്കലനം വഴി സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചതുവഴി പാലുല്പാദനരംഗത്ത് നമുക്ക് വമ്പിച്ച മാറ്റം വരുത്താൻ കഴിഞ്ഞെങ്കിലും പല നാടൻ പശുക്കളെയും ജനുസിനെ സംരംക്ഷിക്കുന്നതിനായി പദ്ധതികൾ കൂടി വിഭാവനം ചെയ്യേണ്ടതുണ്ട്. വെച്ചൂർ ഗിർ പശുസംരംക്ഷണത്തിനായി അതാത് ജനുസുകളിൽ അതിൻറെ തന്നെ ബീജം വെച്ചൂർ ബീജം ഗിർ ബീജം എന്നിവ കൃത്രിമ ബീജസങ്കലനത്തിന് ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്.	
	19996 വർഷം	2022 വർഷം
7	പശു സങ്കരവർഗ്ഗത്തിൻ ആൺ 212 എണ്ണം പെൺ 528 എണ്ണം നാടൻവിഭാഗത്തിൻ ആൺ 412 പെൺ 282	ആൺ കന്നുകാലികളെ മിക്ക ക്ഷീര കർഷകരും 1,2 വർഷം വളർത്തി ഇറച്ചി ആവശ്യത്തിന് വില്ക്കപ്പെടുന്നു. ആയതിനാൽ സങ്കരപശുക്കൾ തീരെ കുറഞ്ഞതായും കാണുന്നു.നാടൻ പശുക്കളുടെ എണ്ണം കൂടിയതായും ആൺ മൃരികളുടെ എണ്ണം കുറഞ്ഞതായും കാണുന്നു. കൃത്രിമബീജസങ്കലനം വന്നതോടെ പല നാടൻ പശുക്കളും സങ്കരവർഗ്ഗമായതായും തദ്വാര പാലുല്പാദനം കൂടിയതായും കാണുന്നു.

8	എരുമ 67 എണ്ണം പോത്ത് 78 എണ്ണം	ട്രാക്ടർ വന്നതോടെ പലരും കൃഷി ആവശ്യത്തിന് കന്നുകാലികളെ വളർത്തുന്നത് ഉപേക്ഷിച്ചു. ആയതിനാൽ പോത്തു വളർത്തുന്നത് ഇറച്ചി ആവശ്യത്തിന് വേണ്ടി മാത്രമായിചുരുങ്ങി. എരുമ വളർത്തൽ വളരെ പ്രയാസമുളളതിനാൽ പലരും ഇതുപേക്ഷിച്ചതായികാണാം. പ്രത്യേകിച്ച്(ഗൾഫ് മേഖലയിലേക്ക് പല കർഷകരും കുടിയേറിയതിനാൽ) എന്നിരുന്നാലും കോവിഡ് 19 സാഹചര്യത്തിൽ ഈ മേഖലയിൽ ചില അനക്കങ്ങൾ കണ്ടുതുടങ്ങിയിരിന്നു. (പോത്തുവർഗ്ഗം 45 എണ്ണം നിലവിൽ ഉണ്ട്)
9	ആടുകൾ 2986 എണ്ണം ഉണ്ടായിരുന്നു.	ജനസംഖ്യ വർദ്ധനവിനോടൊപ്പം പുതിയ വീടുകളുടെ ആവിർഭാവം മേച്ചിൽ സ്ഥലങ്ങൾ കുറച്ചു. ആയതിനാൽ ആടുകളുടെ എണ്ണം കുറഞ്ഞെങ്കിലും 25 വർഷ കാലയളവിൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിനാൽ ചെറിയ വിത്യാസം മാത്രമേ ഉണ്ടായുളളു. നിലവിൽ 1694 ആടുകൾ ഉണ്ട്.

ഇരുപത്തിയഞ്ചു വർഷത്തെ വിലയിരുത്തലുകൾ

കൃത്രിമ ബീജസങ്കലനം വഴി സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിപ്പിച്ചതോടൊപ്പം അസുഖങ്ങളുടെ എണ്ണവും കൂടുതലായാണ് കാണുന്നത്. ആയതിനാൽ മൃഗാശുപത്രി പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതാണ്. 25 വർഷം മുമ്പുളള സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും നിലവിലുളളത്. ആയതിനാൽ ലബോറട്ടറി ടെക്നീഷ്യൻ പദ്ധതികൾ ചെയ്യുന്നതിനായി ഒരു ടെക്നിക്കൽ അസിസ്റ്റൻറ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ പ്ലാൻ പദ്ധതിയിൽ ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. (തൊഴിലവസരം) കോവിഡ് 19 സാഹചര്യത്തിൽ ഓമനപക്ഷി,മൃഗങ്ങളെ പരിപാലിക്കുന്ന കർഷകർ ഈ രംഗത്തേക്ക് കടന്നുവന്നതായി കാണാം. ഇതുമൂലം മൃഗാശുപത്രിയിൽ നല്ല തിരക്ക് അനുഭവപ്പെടുന്നുണ്ട്. മരുന്നിൻറെ ക്ഷാമം ലബോറട്ടറി സൌകര്യക്കുറവ് എന്നിവയെല്ലാം ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളാണ്.

പാലുല്പാദനരംഗത്ത് വന്പിച്ച മുന്നേറ്റമുണ്ടായെങ്കിലും വിപണനം ചെയ്യുന്ന രംഗത്ത് ഇനിയും സാധ്യതകൾ ഉണ്ട്. പാലുല്പന്നങ്ങളായ തൈര്, പേട,ഐസ്ക്രീം, എന്നിവ ഉണ്ടാക്കുന്നതിനായി ബോധവത്ക്കരണക്ലാസുകൾ നടത്തി ഗ്രൂപ്പുകളെ സൃഷ്ടിച്ച് സബ്സിഡി നൽകി തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

ബ്രോയിലർ രംഗത്ത് അത്യപൂർവ്വമായ വളർച്ചയാണ് ഉണ്ടായതെങ്കിലും പലതും വൻകിട കമ്പനികൾ കയ്യടക്കിയതു കാരണം ചെറുകിടകർഷകർക്കു മത്സരിക്കാൻ പറ്റിയിട്ടില്ല. ആയതിന് ഈ മേഖലയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി സബ്സിഡി നൽകി പ്രോത്സഹിപ്പിക്കാവുന്നതാണ്. (പ്രത്യേകിച്ച് കോവിഡ് 19 സാഹചര്യത്തിൽ വിദേശത്തു നിന്നും മടങ്ങിവന്നവർക്ക്)

മുട്ട ഉത്പാദനരംഗത്തും വളർച്ച ഉണ്ടായെങ്കിലും വൻകിട കമ്പനികളുടെ കയ്യേറ്റംമൂലം ചെറുകിടകർഷകർക്ക് പിടിച്ചുനിൽക്കാൻ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

25 വർഷം മുൻപ് കോഴികളുടെ എണ്ണം 6208 ആയിരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിച്ചതിനാൽ മാറ്റം ദർശിക്കാവുതന്നതാണ്.നിലവിൽ 7265 കോഴികൾ ഉണ്ട്.

മാംസോൽപാദനരംത്ത് വളർച്ചയുണ്ടായെങ്കിലും ശാസ്ത്രീയമായി കശാപ്പു ചെയ്യുന്ന അറവുശാലകൾ ഇനിയും വരേണ്ടതായി കാണാം. ആയത് ബ്ലോക്ക് തലത്തിലെങ്കിലും നിർമിക്കുന്നതിനെക്കുറിച്ചെങ്കിലും ചിന്തിക്കാവുന്നതാണ്. മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിനായി പോത്തുകുട്ടി,മൂരിക്കുട്ടി, എന്നിവ വളർത്തുന്നതിനാവശ്യമായ ധനസഹായം സബ്സിഡിയായി നൽകുന്നതിനെക്കുറിച്ച് പദ്ധതികൾ ചെയ്യേണ്ടതായിട്ടുണ്ട്.

നിലവിലുള്ള അവസ്ഥാവിശകലനം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 90 ശതമാനം ജനങ്ങളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മൃഗസംരക്ഷണം ഉപതൊഴിലായി സ്വീകരിച്ചു വരുന്നവരാണെങ്കിലും അതിൽ 10 ശതമാനത്തോളം പേർ ഇത് മുഖ്യതൊഴിലായി സ്വീകരിച്ചുവരുന്നു. ചെറിയകുന്നുകളും കുറ്റിച്ചെടികളും അടങ്ങുന്ന ഈ പഞ്ചായത്തിലെ ഭൂപ്രകൃതി മൃഗസംരംക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ആടുവളർത്തലിന് ഏറ്റവും അനുയോജ്യമാണെന്നുതോന്നുന്നു.

20ാം കന്നുകാലി സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ മൃഗപക്ഷികളുടെ എണ്ണം

പശുവർഗ്ഗം	**877**	**പോത്തുവർഗ്ഗം**	**45**
ആട്	**1694**	**പന്നികൾ**	**27**
നായ	**312**	**മുയൽ**	**16**
ആന	**2**	**കോഴി**	**7265**
താറാവ്	**204**	**ടർക്കി**	**8**

- റജിസ്റ്ററർ ചെയ്ത കർഷകർ 589 ----
- ക്ഷീരസംഘങ്ങൾ 3

കോവിഡ് 19 സാഹചര്യത്തിൽ കൂടുതൽ ജനങ്ങൾ മൃഗസംരംക്ഷണ മേഖലയിലേക്ക് വന്നതായി കാണുന്നു. പ്രത്യേകിച്ച് ആട്, എരുമ, മൃഗപരിപാലനം, ഇത് ഒരു താല്കാലിക പ്രതിഭാസമാണെങ്കിലും ഇവരിൽ പകുതിയെങ്കിലും ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ സാധ്യതയുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു.

മറ്റു സ്ഥലങ്ങളിലേതുപോലെ തന്നെ കോവിഡ് കാലത്ത് പാലുൽപാദനം വർദ്ധിപ്പിച്ചെങ്കിലും വിപണനസാധ്യതകൾ പഴയതുപോലെതന്നെയാണ് ഇരിക്കുന്നത്. കുടുംബശ്രീ ശ്രമഫലമായി പാലുൽപ്പന്ന നിർമാണമേഖലയിൽ (തൈര് ഉൽപാദനം) ചെറിയ ഒരു ചലനം ദർശിക്കാവുന്നതാണ്. (പാൽപേട, ഐസ്ക്രീം)

നായ, പൂച്ച. ഓമനപക്ഷികൾ, എന്നിവയുടെ വളർത്തൽ കോവിഡ് കാലത്തു വർദ്ധിപ്പിച്ചെങ്കിലും ഇവയുടെ വംശവർദ്ധനവ് നടത്തി ഇതൊരു ഉപജീവനമാർഗ്ഗമായി നടത്തുന്നവർ തുലോം കുറവാണെന്നു കാണാം.

വൻകിടക്കാർ കൈയ്യടക്കിയിരിക്കുന്നതിൽ ബ്രോയിലർ ഉൽപാദനം വളരെ നാമമാത്രമായി മാത്രവും മുട്ടയുൽപാദനം പരമ്പരാഗതരീതിയിൽ മാത്രവും നടന്നുവരുന്നു.

മുൻകാലമാതൃകാ/വിജയം കൈവരിച്ച പ്രൊജക്ടുകൾ ഫോറം 3

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :മൃഗസംരസരംക്ഷണം		
ക്രമ നമ്പർ	മേഖല/ ഉപമേഖല	പ്രൊജക്ടിൻറെപേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ല ക്ഷ്യം)	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ
1.	ഉലാപാദനം/ മൃഗസംരംക്ഷണം	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	ജനറൽ	625000	കന്നുകുട്ടികളെ ശാസ്ത്രീയമായ രീതിയിൽ തീറ്റ നൽകി വളർത്തി	കന്നുകുട്ടികൾ പ്രായപൂർത്തി കൈവരിച്ച് പ്രസവിച്ചു.	പാലുല്പാദനം കൂടി.
2.	ഉല്പാദനം	ആടു വളർത്തൽ-എസ്സി	(scp)	270000	നേരത്തെ പ്രസവിപ്പിക്കുക ആടുല്പാദനം മാസോല്പാദനം കൂട്ടാൻ	പാലുല്പാദനം കൂടി, മാംസോല്പാദനം കൂടി,ആടുല്പാദനം കൂടി	ആടുകളുടെ എണ്ണം വർദ്ധിച്ചു.
3.	ഉല്പാദനം	പശു വളർത്തൽ – ജനറൽ	ജനറൽ	60000	പാലുല്പാദനം, മാംസോല്പാദനം കൂട്ടാൻ	പാലുല്പാദനം കൂട്ടി	പാലുല്പാദന കൂട്ടി
4	ഉല്പാദനം	വനിതകൾക്ക് കറവപ്പശു വിതരണം എസ് സി	(scp)	150000	പാലുല്പാദനം, മാംസോല്പാദനം കൂട്ടാൻ	പാലുല്പാദനം കൂട്ടി	പാലുല്പാദന കൂട്ടി
5	ഉല്പാദനം	മുട്ടകോഴി വളർത്തൽ	ജനറൽ	26400	മാംസോല്പാദനം കൂട്ടാൻ	മാംസോല്പാദനം കൂട്ടാൻ	മാംസോല്പാദനം കൂട്ടാൻ

ഫോറം 6

പതിനാലാം പഞ്ചവത്സരപദ്ധതി (2022-27)

പ്രശ്ന വിശകലനവുംപ്രശ്ന പരിഹാര സാധ്യതകളും

ക്രമ നമ്പർ	മേഖല /ഉപ മേഖല	പ്രശ്നബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിൻറെതീവ്രത			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ	പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
			ലഘുതരം	ഗുരുതരം	അതീവഗുരുതരം		തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ	ഇതരതദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ	സർക്കാർതലത്തിൽ	സർക്കാർതരതലത്തിൽ
1.		കാലിത്തീറ്റ തീറ്റ ച്ചെലവ്		*****		കാലിത്തീറ്റ വിലവർദ്ധനവ്	കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകൽ		ക്ഷീരകർഷകരെ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തുക	
2.		സ്ഥലപരിമിതി		*****					ഫാമുകള് കേന്ദ്രീകരിച്ച് നടത്തിപ്പിന് സബ്സിഡി നൽകൽ	
3		പാലുല്പാദനം	******						പാലുല്പന്നങ്ങൾ നിർമിക്കുന്നതിന് ബോണസ്സും സസബ്സിഡി നൽകൽ	

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : **ദേശമംഗലം**					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് : മൃഗസംരംക്ഷണം		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ദീർഘകാലലക്ഷ്യം(2032-ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സരപദ്ധതിയിലെ ലക്ഷ്യം	പതിനാലാം പഞ്ചവത്സരപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1.	മൃഗസംരംക്ഷണം	പാലുല്പാദനം വർദ്ധനവ്	3504	1400/ day	2500 L/day	പാലുല്പാദനംകൂട്ടുക	ഈ മേഖലയിൽ താല്പര്യമുള്ള സ്ഥലസൌകര്യമുള്ള ക്ഷീര കർഷകരെ തിരഞ്ഞെടുത്ത് ആവശ്യമായ സബ്സിഡി നൽകൽ
2.	മൃഗസംരംക്ഷണം	മുട്ട ഉല്പാദനം വർദ്ധനവ്	5000	2000 Egg/day	6000kg / day	മുട്ട ഉല്പാദനം കൂട്ടുക	കോഴി വളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് വളർത്തുന്നതിനാവശ്യമായ ധനസഹായം നൽകുക
3.	മൃഗസംരംക്ഷണം	മാംസ ഉല്പാദനം വർദ്ധനവ്	100	36000 kg/ day	45000 kg /	മാംസ ഉല്പാദനം കൂട്ടുക	പോത്തു വളർത്താൻ പ്രോത്സഹിപ്പിക്കുക ആവശ്യമായ ധനസഹായം നൽകൽ

ചെറുകിട വ്യവസായം

ദേശമംഗലം പഞ്ചായത്തിൽ ചെറുകിടവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്.. ഉത്പാദന മേഖലയിൽ സംരംഭം നടത്തുന്നവർക്ക് അത് മാർക്കറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, നൈപുണ്യവികസനം എന്നിവയിൽ പരിശീലനം നൽകുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും വേണം.

ദാരിദ്ര്യ ലഘൂകരണം

നിരവധി ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇനിയും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവത്സര പദ്ധതി കാലയളവിൽ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ദേശമംഗലം ഗ്രാമപഞ്ചായത്ത് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 86 കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്. ഈ ഗ്രൂപ്പുകൾക്കെല്ലാം റിവോൾവിംഗ് ഫണ്ട് നല്കി, ചെറിയ തോതിൽ ബിസിനസ്സ്, കൃഷി, മൃഗസംരക്ഷണം എന്നീ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സംരംഭങ്ങൾ ഒന്നും ഇല്ലാത്ത ഗ്രൂപ്പുകളും നിലവിലുണ്ട്.

എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതു വഴി 2017-20 വർഷം മുതൽ ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളു. കുടുംബശ്രീതലത്തിലും പാർപ്പിടമേഖലയിലും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട് . ലൈഫ് മിഷന്റെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. എങ്കിലും ഭവന രഹിതരായവർ ഇപ്പോഴും നിലവിലുണ്ട്. സ്വയം തൊഴിൽ മേഖലയിൽ നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. സ്വയം തൊഴിൽ മേഖലയിൽ വിപണനകേന്ദ്രം ഇന്ന് നിലവില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ദാരിദ്ര്യ ലഘൂകരണപദ്ധതികൾക്ക് ഊന്നൽ നൽകി കൊണ്ടാണ് ജനങ്ങൾ ജനങ്ങളാൽ തിരഞ്ഞെടുത്ത സർക്കാർ സംവിധാനത്തിലൂടെ അധികാരം ജനങ്ങളിലേക്ക് എന്ന ജനകീയാസൂത്രണത്തിൻറെ കാതലായ തത്വം, ഉൾകൊണ്ട് 1996 മുതൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ദാരിദ്ര്യ ലഘൂകരണ പദ്ധതികളിൽ എക്കാലവും അടിസ്ഥാന വികസനങ്ങള്ക്കാണ് മുൻ തൂക്കം നൽകിയിട്ടുള്ളത്, അടച്ചുറപ്പുള്ള വീട്, വീട് റിപ്പയർ, അടിസ്ഥാന ആവശ്യമായ കക്കൂസ് നിർമാണം എന്നിവക്ക് പ്രാധാന്യം നൽകി.

1996 കാലഘട്ടത്തിൽ അടച്ചുറപ്പില്ലാത്ത ചോർന്നൊലിക്കുന്ന വൈക്കോൽ, ഓല, കരിമ്പനഓല തുടങ്ങിയവ കൊണ്ട് നിർമിച്ച വീടുകളിലായിരുന്നു. ജീവിച്ചിരുന്നത്. ദേശമംഗലം ഗ്രാമപഞ്ചായത്തിൽ ധനസഹായം അനുവദിച്ച് നൽകിയതിലൂടെ 2022 കാലഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ അടച്ചുറപ്പുള്ള കോൺക്രീറ്റും, ഓടും നിർമിച്ച വീടുകളിലേക്ക് മാറിജീവിക്കാൻ പഞ്ചായത്തിലെ വലിയ ഒരു വിഭാഗം ജനങ്ങൾക്ക് സാധിച്ചു.

1996 കാലഘട്ടത്തിൽ സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ വീട് നിർമ്മിക്കാൻ സാധിക്കാതിരുന്നവർക്ക് 2022 കാലഘട്ടത്തിനിൽക്കുമ്പോൾ ലൈഫ് പദ്ധതിയിലൂടെ വീടും സ്ഥലവും അനുവദിച്ചു നൽകാൻ സാധിച്ചു. ജീവിത സാഹചര്യങ്ങളിൽ കാതലായ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. വീട് വാസയോഗ്യമാക്കൽ പദ്ധതികളിലൂടെ വീടുകളുടെ നിലനിൽപ് ഉറപ്പുള്ളതാക്കി മാറ്റാൻ സാധിച്ചു.

1996 കാലഘട്ടത്തിൽ പാടത്തും പറമ്പിലും മലമൂത്രവിസർജ്ജനം നടത്തിയിരുന്നവർ ഇന്ന് സ്വന്തം വീടുകളിൽ കക്കൂസുകൾ നിർമ്മിച്ച് അതിൻറെ ആവശ്യകത മനസ്സിലാക്കി കൊണ്ട് അതിനെ ഉപയാഗപ്പെടുത്തുന്നു. ഒ.ഡി.ടി. പദ്ധതിയിലൂടെ സമ്പൂർണ ശുചിത്വപദവി നേടിയെടുക്കാൻ ദേശമംഗലം ഗ്രാമപഞ്ചായത്തിന് സാധിച്ചു.

1996 കാലഘട്ടത്തിൽ ദുരസ്സായ കിണറുകളായിരുന്നു. ശുദ്ധമായ വെള്ളം ലഭിക്കുന്നതിന് സർക്കാർ സംവിധാനത്തിലൂടെ കിണർ നിർമ്മാണത്തിനും കിണർ ചുറ്റുമതിൽ കെട്ടുന്നതിനും ധനസഹായം അനുവദിച്ചു. ഇത് ഒട്ടേറ കുടുംബങ്ങൾക്ക് പ്രയോജനകരമായി

1996 കാലഘട്ടത്തിൽ അഗതിആശ്രയ പ്രത്യേക പദ്ധതികൾ ഇല്ലായിരുന്നുവെങ്കിൽ 1996 ന് ഇപ്പുറം അഗതി ആശ്രയപദ്ധതികൾക്ക് രൂപം നൽകി കുടുംബശ്രീ മിഷനുകൾ സ്ഥാപിക്കപ്പെട്ടു. ആശ്രയ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം, വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേകപദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ എന്ന പദ്ധതി നടപ്പിലാക്കുന്നു. വികലാംഗർക്ക് പെട്ടിക്കടകൾ, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മോട്ടോർവാഹനങ്ങൾ എന്നിവ നൽകുക വഴി അശരണരിലും ആശാകിരണമായി ജീവിക്കാനുള്ള പ്രചോദനം ഉൾകൊണ്ട് അവരെ മുന്നോട്ടു കൊണ്ടുവരാൻ സാധിച്ചു.

1996 കാലഘട്ടത്തിൽ 4 ചുമരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന സ്ത്രീ സമൂഹത്തെ സ്വയംതൊഴിൽ പരിശീലനങ്ങൾ തൊഴിൽ സംബന്ധമായ വാഹനങ്ങൾ ,സബ്സിഡികൾ എന്നിവക്കനുവദിച്ചു നൽകിയതിലൂടെ പഞ്ചായത്തിലെ സ്ത്രീകൂട്ടായ്മയുടെ പങ്കാളിത്ത ബാഹുല്യം വർദ്ധിപ്പിക്കാനും അവരെ പൊതുസമൂഹത്തിലേക്ക് കൊണ്ടുവരുന്നതിനും സാധിച്ചു.

ഒരു പിടി അരിക്കു വേണ്ടി കൈനീട്ടുന്നവരും നഗ്നതമറക്കുന്നതിന് ഒരു മുഴം തുണിക്കുവേണ്ടി യാചിക്കുന്നവരും ഒരു കൂരയില്ലാതെ വഴിയോരങ്ങളിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട കുടുംബങ്ങളും ഇല്ല എന്നത് 1996 ന് ഇപ്പുറം ജനകീയാസൂത്രണത്തിൻറെ വിജയത്തിൻറെ കാതലായ മാറ്റം വെളിപ്പെടുത്തുന്നു.

1996 കാലഘട്ടത്തിൽതുടങ്ങി നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു. (ഓഫീസിൽ ലഭ്യമായ രേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.)

ഭവന നിർമ്മാണം

ഭവന പദ്ധതി	വർഷം	എണ്ണം
EMS ഭവനം	2010-11	107
ജനകീയാസൂത്രണ പദ്ധതി	2014-15	45
LIFE ഭവന പദ്ധതി	2018 -19	62
LIFE ഭവന പദ്ധതി	2020-21	47
LIFE ഭവന പദ്ധതി	2021-22	22
LIFE ഭവന പദ്ധതി	2022-23	29
LIFE ഭവന പദ്ധതി	2023-24	33
LIFE ഭവന പദ്ധതി	2024-25	43
LIFE ഭവന പദ്ധതി	2025-26	8

വീട് വാസയോഗ്യമാക്കൽ

2010-11	18 എണ്ണം
2011-12	68 എണ്ണം
2016-17	69 എണ്ണം
2018-19	42 എണ്ണം
2020-21	64 എണ്ണം+25 എണ്ണം =89 എണ്ണം.
2021-22	17 എണ്ണം

കക്കൂസ് നിർമ്മാണം

2011-12	34 എണ്ണം
2016-17	41 എണ്ണം
2018-19	18 എണ്ണം

കക്കൂസ് പുനരുദ്ധാരണം

2020-21	104 എണ്ണം
2021-22	80 എണ്ണം

ബയോ ഡൈജസ്റ്റർ

2017-18	18 എണ്ണം

കിണർ റീചാർജിംഗ്

2019-20	26 എണ്ണം
2020-21	27 എണ്ണം

25 വർഷത്തെ വിലയിരുത്തൽ

1996 മുതൽ ജനകീയാസൂത്രണത്തിലുള്ള മികവ് പദ്ധതി രൂപീകരണത്തിനും പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും പ്രധാനപങ്ക് വഹിച്ചിട്ടിണ്ട്.

1997-2002

ജനകീയാസൂത്രണം ഒമ്പതാം പഞ്ചവത്സരപദ്ധതി ടി കാലഘട്ടത്തിൽ പാർപ്പിടം, വൈദ്യുതി വൽക്കരണം എന്നിവ നടപ്പിലാക്കുന്നതിന് ഊന്നൽ നൽകി സമ്പൂർണ്ണ സാക്ഷരത കൈവരിച്ച് കുടുംബശ്രീ നിലവിൽ വന്നു.

2002-2007 (കേരള വികസനം)

ടി കാലഘട്ടത്തിൽ ടോയ് ലറ്റ് നിർമ്മാണം വീട്പുനരുദ്ധാരണം , വീടില്ലാത്തവർക്ക് വീട് എന്നിവക്ക് പ്രധാന്യം നൽകി നടപ്പിലാക്കി.

2007-2012

ടി കാലഘട്ടത്തിൽ കുടുംബശ്രീ മുഖേന ആശ്രയ പദ്ധതികൾ നടപ്പിലാക്കി സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡികൾ അനുവദിച്ച എം. എൻ പാർപ്പിട പദ്ധതി ഇ.എം.എസ്. പദ്ധതി നടപ്പിലാക്കി.

2012-2017

ടി കാലയളവിൽ വിവാഹധനസഹായം 50 വിധവകളുടെ മക്കൾക്ക് വിവാഹധന സഹായം, ഓട്ടോ തുടങ്ങിയ എസ്.സി. പഠനഉപകരണങ്ങൾ, ആശ്രയ കുടുംബങ്ങൾക്ക് വീട് എന്നിവ അനുവദിച്ച് നൽകി, ദാരിദ്യലഘൂകരണത്തിന് ഉതകുന്ന തരത്തിലുള്ള റിവോൾവിംഗ് ഫണ്ടുകൾ കുടുംബശ്രീക്ക് അനുവദിച്ചുകൊണ്ട് സംരംഭങ്ങൾ ആരംഭിക്കാൻ സഹായിച്ചു.

ഓരോ കാലഘട്ടവും വികസനപാതയിൽ ഒന്നിനൊന്ന് മികച്ചതായിരുന്നു.

2017 ൽ മാലിന്യ നിർമ്മാർജ്ജനത്തോടനുബന്ധിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തി. ഒ. ഡി.ടി. പദ്ധതി നടപ്പിലാക്കി, തുടർപദ്ധതികൾ നടപ്പിലാക്കുന്നു.

ബക്കറ്റ് കംപോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്തു. ബയോഗ്യാസ് പ്ലാൻറുകള് അനുവദിച്ചുനൽകി N.R.E.G.S പദ്ധതിയിലൂടെ കംപോസ്റ്റ് പിറ്റ്, സോക്പിറ്റ്, എന്നിവ അനുവദിച്ചുനൽകി. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻതൂക്കം നൽകി.

ഹരിതകർമ്മസേന നിലവിൽ വന്നു. വീടുകൾ തോറും കയറി പ്ലാസ്റ്റിക് ശേഖരിക്കുക വഴി പ്ലാസ്റ്റികിൻറെ ദുരുപയോഗം തടയുന്നതിനും അമിതുപയാഗം തടയുന്നതിന് സാധിക്കുന്നു. ക്യാൻസർ മുതലായ മാരകരോഗങ്ങൾ ഉണ്ടാക്കുന്ന പ്ലാസ്റ്റിക് കത്തിക്കുന്നതിരെ ബോധവൽക്കരണവും പിഴചുമത്തലുകളും നടന്നവരുന്നു.

ലൈഫ് ഭവനപദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർഥമായി കൊണ്ടിരിക്കുന്നു. പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിലുള്ള പദ്ധതിയുടെ ഭാഗമായി വികസനം എല്ലാ പ്രദേശങ്ങളിലും ഒരു പോലെ എത്തിനിൽക്കുന്നു.

അതിദരിദ്രരെ കണ്ടെത്താൻ പദ്ധതിയിലൂടെ 41 പേരെ കണ്ടെത്തി. അതിൽ 5 പേർ മരണപ്പെട്ടു. ബാക്കി ജീവിച്ചിരിക്കുന്ന 36 അതിദാരിദ്രർക്ക് കൈതാങ്ങാവാൻ പഞ്ചായത്ത് ഒറ്റക്കെട്ടായിനിൽക്കുന്നു.

വെല്ലുവിളികൾ പ്രശ്നവിശകലനം പരിഹാരസാധ്യതകൾ

ദാരിദ്ര്യ ലഘൂകരണ പദ്ധതികളിൽ പ്രധാനമായും നടപ്പിലാക്കുന്ന അടിസ്ഥാന വികസനത്തിൽ പ്രധാനവെല്ലുവിളിയായി ഉയർന്നു വരുന്നത്, വീടുകൾ ലഭിക്കേണ്ടതിൻറെ ആവശ്യം കൂടിവരുന്നു എന്നത് വികസനത്തിൻറെ വളർച്ചയിൽ പ്രധാന വെല്ലുവിളിയാണ്.

നിലവിലുള്ള വീടുകൾ സ്ഥലങ്ങൾ എന്നിവ മക്കളുടെ വിവാഹം മറ്റു വ്യക്തിപര മായ കാരണങ്ങൾ രോഗങ്ങൾ എന്നിവ വരുമ്പോള് വില്പനനടത്തിയതിനു ശേഷം ഇവർ വീണ്ടും വീട് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നു.

പട്ടയം ഇല്ലാത്ത ഭൂമിയിൽ വീട് വെച്ച് താമസിക്കുന്നു എന്നതാണ് രണ്ടാമത്തെ പ്രധാന വെല്ലുവിളി, പട്ടയം ലഭിക്കാത്തതിനാൽ ഇവർ പുതിയ സ്ഥലത്തിനും വീടിനും വേണ്ടി അപേക്ഷ സമർപ്പിക്കുന്നു, ഇത് വളരെ ഗൌരവമുള്ളതാണ്.

കൂട്ടുകുടുംബങ്ങൾ എന്ന രീതിയിൽ നിന്നും ചെറിയ ചെറിയ കുടുംബങ്ങളായി വേർപിരിയുന്നതാണ് മറ്റൊരു പ്രശ്നം . ഒരു കുടുംബത്തിലുള്ള മക്കൾക്കെല്ലാവർക്കും ഓരോ വീട്, അച്ഛനും അമ്മക്കും വേറെ വീട് എന്ന ചിന്തയിലാണ് എല്ലാവരും ജീവിക്കുന്നത്. ഇത് സ്ഥലത്തിന്റേയും വീടുകളുടെയും ആവശ്യകത വർദ്ധിപ്പിക്കുന്നു.

നിലവിലുള്ള വീട് ആധുനികരീതിയിലാക്കാൻ എല്ലാവരും ശ്രമിക്കുന്നു. അതിനുവേണ്ടി വീടുകൾ പൊളിച്ച് പുതിയ വീടുകൾ നിർമിക്കുന്നതിനു വേണ്ടി അപേക്ഷകൾ സമർപ്പിച്ച് കാത്തിരിക്കുന്നു. എന്നത് ഒരു പ്രധാനപ്രശ്നമാണ്.

പ്രശ്നപരിഹാരം

പഞ്ചായത്ത് തലത്തിൽ ജനങ്ങളെ ബോധവാൻമാരാക്കേണ്ടതുണ്ട്. സ്ത്രീധനം കൊടുക്കുന്നതിനും മറ്റും സ്ഥലവും വീടും വില്പനനടത്തുന്നതും പണയപ്പെടുത്തുന്നതുമായ പ്രവണത ഒഴിവാക്കണം . ഗുരുതര രോഗം ബാധിച്ചവർക്ക് സൌജന്യചികിത്സ, മരുന്നുകൾ എന്നിവ ലഭ്യമാക്കണം.

പട്ടയം അനുവദിക്കണം

ഫണ്ട് ലഭ്യതക്കനുസരിച്ച് ധനസഹായതുക വർദ്ധിപ്പിച്ച് അനുദിക്കണം, കൂട്ടുകുടുംബ വ്യവസ്ഥ തിരികെ കൊണ്ടുവരണം, അർഹത ഇല്ലാത്തവരും ഒരിക്കൽ ലഭിച്ചവരും വീണ്ടും ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ കർശനശിക്ഷ, നടപടികൾക്ക് നിയമവ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കണം

ഗ്രാമസഭകൾ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കണം

പദ്ധതി ആസൂത്രണം താഴെ തട്ടിലുള്ളവരുടെ ആവശ്യങ്ങൾ മുൻനിർത്തിയാകണം

എസ്. സി. ജനറൽ വിഭാങ്ങൾക്ക് നൽകുന്ന വീട് റിപ്പയർ മറ്റു ആനുകൂല്യങ്ങൾ എന്നിവയുടെ തുക വർദ്ധിപ്പിക്കുകയും തുല്യമാക്കുകയും വേണം.

വികസനപരിപ്രേക്ഷ്യം

ദേശമംഗലം പഞ്ചായത്തിൽ സമഗ്രമമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് പദ്ധതികൾ ദീർഘകാല വീക്ഷണത്തോടെ

1. ലൈഫ് പദ്ധതിയിലൂടെ വീടുകൾ ലഭ്യമാക്കുന്നു .
2. സ്ഥലവും വീടും ഇല്ലാത്തവർക്കു സ്ഥലം അല്ലെങ്കിൽ ഫ്ലാറ്റ് സമുച്ചയം ആശയമായി ഉയർന്നുവന്നിട്ടുണ്ട് .സ്ഥലം വാങ്ങുന്നതിന് നിലവിൽ ലഭ്യമാക്കുന്നുണ്ട് .
3. പട്ടയം ഇല്ലാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിന് ഒറ്റകെട്ടായി നിൽക്കുന്നു .
4. വീട് റിപ്പയർ ധനസഹായം അർഹരായ എല്ലാവരിലും എത്തിച്ച് വീടിൻറെ നിലനിൽപ് ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
5. അർഹതയുള്ള മുഴുവൻ ഗ്രണഭോക്താക്കളെയും ആശ്രയപദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
6. ജനകീയ ഹോട്ടലുകൾ വഴി ഭക്ഷണലഭ്യത അശരണർക്ക് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
7. സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വായ്പയും റിവോൾവിംഗ് ഫണ്ടുകളും ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
8. തൊഴിലുറപ്പു പദ്ധതിയിൽ എല്ലാവരേയും ഉൾപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നു .

സംയോജനസാധ്യതകൾ

1. ബ്ലോക്ക്എന്നിവ സംയോജിപ്പിച്ച ,സംസ്ഥാനാവിഷ്കൃതപദ്ധതികൾ ,ജില്ല, കൊണ്ട് ലൈഫ് പദ്ധതിപ്രകാരം അർഹതയുള്ള എല്ലാവരിലും വീട് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരും .
2. ഹരിതകർമ്മസേനക്ക് ആവശ്യമായ M.M.C F കൾ M.G.N.R.E.G.S. മായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.
3. മാലിന്യനിർമ്മാർജ്ജനത്തിനുതകുന്ന തരത്തിലുള്ള വ്യക്തിഗത ആനുകൂല്യങ്ങളും ശുചിത്വമിഷനുമായി ചേർന്ന് നടപ്പിലാക്കുന്നു.
4. ഭവനനിർമ്മാണ M.G.N.R.E.G.S പദ്ധതിയിലൂടെ തൊഴിൽദിനങ്ങള് അനുവദിക്കുന്നു .
5. തൊഴുത്ത് കംപോസ്റ്റ് എന്നിവ,കോഴിക്കൂട്,ആട്ടിൻകൂട് ,M.G.N.R.E.G.S. പദ്ധതിയിലൂടെ മൃഗസംരംക്ഷണത്തിലൂടെ സാമ്പത്തിക മുന്നേറ്റത്തിന് അവസരമൊരുക്കുന്നു .

ശുചിത്വസംരംക്ഷണ പ്രവർത്തനങ്ങൾ കോളനികളുടെ അടിസ്ഥാന വികസനത്തിന് M.G.N.R.E.G.S പദ്ധതികളുടെ സംയോജനം സാധ്യമാക്കുന്നു.

ഫോറം 3

മുൻകാലമാതൃകാ/വിജയം കൈവരിച്ച പ്രൊജക്ടുകൾ

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :ദാരിദ്ര്യലഘൂകരണം		
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ല ക്ഷ്യം)	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ
1		വയോജനങ്ങൾക്ക് കട്ടിൽ(എസ് സി)	ജനറൽ	154000	സാമൂഹ്യസുരക്ഷിതത്വം	സാമൂഹ്യസുരക്ഷിതത്വം	ലഭ്യമായ ഗുണഭോക്താക്കൾ ഈ സേവനം ലഭ്യമാക്കുന്നു.
2		വനിതകൾക്ക് ഇരുചക്ര വാഹനത്തിന് ധനസഹായം	ജനറൽ	37323	സാമൂഹ്യസുരക്ഷിതത്വം	സാമൂഹ്യസുരക്ഷിതത്വം	സ്ത്രീകളുടെ ക്ഷേമം
സ്ഥലം: തീയതി: .....(വർക്കിംഗ്ഗ്രൂപ്പ്)					ഒപ്പ്: പേര് : കൺവീനർ:		

ഫോറം 4

പ്രതീക്ഷിച്ചപ്രയോജനം കൈവരിക്കാത്ത മൻകാല പ്രൊജക്ടുകൾ

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :ദാരിദ്ര്യലഘൂകരണം			
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	ലക്ഷ്യമിട്ടപ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ	കൂടുതൽപ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ
1		ടോയ് ലറ്റ് – റിട്രോഫിറ്റിംഗ്	ജനറൽ	27720	ശുചിത്വം, മാലിന്യസംസ്കരണം (വ്യക്തിഗതം)	കൈവരിച്ചില്ല	ഗുണഭോക്താക്കളുടെ കുറവ്	ബോധവൽക്കരണം
സ്ഥലം: **തീയ്യതി:**					**ഒപ്പ്:** **പേര്** **കൺവീനർ** **.....വർക്കിംഗ് ഗ്രൂപ്പ്**			

ഫോറം 6

പതിനാലാം പഞ്ചവത്സരപദ്ധി(2022–27)

പ്രശ്ന വിശകലനവുംപ്രശ്ന പരിഹാര സാധ്യതകളും

ക്രമ നമ്പർ	മേഖല/ ഉപമേഖല	പ്രശ്നബാധി പ്രദേശം ,വിഭാഗം	പ്രശ്നത്തിൻറെതീവ്രത			പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ	പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		തദ്ദേശസ്വയംഭരണസ്ഥാപങ്ങൾ	ഇതരതദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ	സർക്കാർതലത്തിൽ	സർക്കാർതരതലത്തിൽ
1		കൊറ്റമ്പത്തൂർ കോളനി			അതീവ ഗുരുതരം	ഉരുൾപൊട്ടൽ മേഖല / കുന്നിൻ പ്രദേശം	ജനങ്ങളെ മാറ്റിപാർപ്പിക്കൽ			

സ്ഥലം:

തീയതി:

ഒപ്പ്:

പേര്

കൺവീനർ

..... വർക്കിംഗ് ഗ്രൂപ്പ്

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :ദാരിദ്ര്യലഘൂകരണം		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെഅവസ്ഥ	ദീർഘകാലലക്ഷ്യം(2032–ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം	പതിനാലാംപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1		എല്ലാവർക്കുംഅടച്ചുറപ്പുള്ള വീട്		ഭവനനിർമാണം നടക്കുന്നു.	അടിസ്ഥാന വികസനം	ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട്.	വീടുള്ളവരെ ഒഴിവാക്കികൊണ്ട് മറ്റുള്ളവർക്ക് വീട്
2		അതിദാരിദ്ര്യത്തിൽനിൽക്കുന്ന 43 പേരെ ദാരിദ്ര്യത്തിൽനിന്നുംസമ്പന്നതയിലേക്ക് കൊണ്ടുവരൽ		അതീദാരിദ്ര്യം	സാമ്പത്തിക ഉന്നമനം	ദരിദ്രരില്ലാത്ത ഗ്രാമപഞ്ചായത്ത്	ആശ്രയപദ്ധതി വിപുലീകരിക്കൽ
3		എല്ലാവർക്കുംതൊഴിൽ		ഭാഗികമായിതൊഴിലേർപ്പെടുന്നു.	കുടുംബത്തിലെഒരാൾക്കെങ്കിലും MGNREG പദ്ധതിയിലൂടെ തൊഴിൽ നൽകൽ		ബോധവൽക്കരണം
സ്ഥലം: തിയ്യതി:					ഒപ്പ്: പേര് കൺവീനർ:		

പ്രാദേശിക സാമ്പത്തിക വികസനം

1996 ലെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും

പഞ്ചായത്തിൻറെ സമഗ്രവികസനം ആണ് പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

പാർപ്പിടം

1996 കളിൽ വീടില്ലാത്ത നിശ്ചിത എണ്ണം ആളുകളെ തിരഞ്ഞെടുത്താണ് പ്രൊജക്ടുകൾ നടപ്പിലാക്കിയിരുന്നത്, എങ്കിൽ ഇന്ന് ലൈഫ് പദ്ധതിയിലൂടെ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുന്നു.

കൃഷി

1996 ൽ കാർഷികരംഗത്ത് കർഷകർ നിലനിന്ന് പോന്നിരുന്ന രീതികളാണ് തുടർന്നിരുന്നെങ്കിൽ ഉദാ. കാളപ്പൂട്ട്, കറ്റമെതിക്കൽ,സ്ത്രീകൾ ചേർന്ന് ഞാറുനടൽ, വളപ്രയോഗങ്ങൾ, ഇന്ന് കാർഷികരംഗത്ത് പഞ്ചായത്ത് പദ്ധതികളിലൂടെ ട്രാക്ടർ,നല്ലയിനം നെൽവിത്തുകൾ കൂലിച്ചെലവ്, പഴം, പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ നൽകുന്ന കാർഷികവിപണി കണ്ടെത്തി നൽകുന്ന കർഷകരുടെ വരുമാനം ഉറപ്പുവരുത്തുന്നു.

മൃഗസംരംക്ഷണം

മൃഗസംരംക്ഷണപരിപാലനവുമായി 1996 കാലഘട്ടത്തിൽ പ്രോജക്ടുകൾ വലിയതോതിൽ നടപ്പിലാക്കിയിരുന്നില്ല. എന്നാൽ ഇന്ന് മൃഗസംരംക്ഷണത്തിന് ഒട്ടേറെ പദ്ധതി നടപ്പിലാക്കുന്നു. കോഴി, ആട്,പശു, എന്നിവ സബ്സിഡി വഴി കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിലൂടെ പ്രാദേശിക സാമ്പത്തികവികസനം ദൃഢമാക്കുന്നു.

പശ്ചാത്തലം പരിപാലനപരിപാടികൾ

1996 കളിൽ ഇടുങ്ങിയ റോഡുകളും സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും ആയിരുന്നു എങ്കിൽ 2022 ൽ റോഡുകൾ എല്ലാ വിഭാഗം ആളുകളുടെയും യാത്രാസൌകര്യം സുഗമമാക്കുന്നതിനോടോപ്പം അവരുടെ ജീവിതനിലവാരം മെച്ചടുത്തുന്നതിനുള്ള സാഹചര്യങ്ങളും, വികസനങ്ങളും അവരിൽ ഉണ്ടാക്കിയ M.G.N.R.E.G.S പഞ്ചായത്ത് സംയോജിപ്പിച്ച് റോഡുകളുടെ നിർമ്മാണം സുഗമമായി നടത്തിവരുന്നു.

കുടിവെള്ളം

1996 കളിൽ കുടിവെള്ളത്തിന് വിപുലമായ സൌകര്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് തോടുകളുടെയും കുളങ്ങളുടെയും സംരംക്ഷണവും, പലപദ്ധതികളുടെയും LWMP C.F.C GRAND

പഞ്ചായത്ത് ഫണ്ട് കേന്ദ്രഫണ്ടുകൾ, ജില്ല, ബ്ലോക്ക്, സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകരമാകുന്ന സാമ്പത്തികവികസനത്തിന് ആക്കം കൂട്ടുന്നു.

വിദ്യാഭ്യാസം

1996 നെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്തെ പുരോഗതി പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. സമൂഹത്തിലെ പ്രാദേശിക സാമ്പത്തിക വികസനത്തിന് കാതലായ മാറ്റം വരുത്താൻ വിദ്യാഭ്യാസത്തിൻറെ വളർച്ചക്ക് സാധിച്ചിട്ടുണ്ട്. ഈ രംഗത്തെ പദ്ധതിപ്രവർത്തനങ്ങൾ പ്രാദേശികവികസനത്തിന് മുതൽക്കൂട്ടായി നിലകൊള്ളുന്നു. അംഗനവാടികൾ സ്കൂളുകളുടെ അടിസ്ഥാനവികസനം, ഉച്ചഭക്ഷണം,സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരം,കുട്ടികളുടെ വളർച്ചക്കുറവിനുള്ള പദ്ധതികൾ.

ആരോഗ്യം

1996 കളിൽ നിന്നും ഇന്നത്തെ ആരോഗ്യരംഗത്തെ സമഗ്രപദ്ധതികൾ പ്രാദേശികസാമ്പത്തിക വികസനത്തിന് അടിസ്ഥാനമാകുന്നു. ആരോഗ്യമുള്ള സമൂഹം അതാണ് ലക്ഷ്യമാക്കുന്നത്. ആരോഗ്യമുള്ള സമൂഹത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാകുന്നു.

ഈ മേഖലകളിലെല്ലാം നടന്നിട്ടുള്ള എല്ലാ പദ്ധതികളും പ്രാദേശികസാമ്പത്തിക വികസനം ലക്ഷ്യം വെക്കുന്നു. ഇതു കൂടാതെ കുടുംബശ്രീ വഴിയുള്ള വായ്പ ധനസഹായ പദ്ധതികൾ സംരംഭങ്ങൾ കാർഷിക പ്രോത്സാഹനം J.L.G ഗ്രൂപ്പുകൾക്ക് ധനസഹായം ഇവയെല്ലാം ഈ രംഗത്തെ വളർച്ചക്ക് അടിസ്ഥാനമാക്കുന്നു.

ശുചിത്വമാലിന്യപരിപാലന പദ്ധതികളിലൂടെ പ്രാദേശികവികസനം സാധ്യമാക്കുന്നു. ഹരിതകർമ്മ സേന ശുചിത്വം ഉറപ്പാക്കുന്നതിലൂടെ സാമ്പത്തികവികസനത്തിന് സാധ്യമാക്കുന്നു.

സാധാരണ ജനങ്ങൾക്ക് ഹാനികരമായേക്കാവുന്ന പ്ലാസ്റ്റിക്കിൻറെ ദൃഷ്യഫലങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണത്തിലൂടെ സാമ്പത്തികമായും അവരെ രക്ഷിക്കുന്നു, 1 ടണ്ണിനു മീതെ പ്ലാസ്റ്റിക് ശേഖരിച്ച് വില്പന നടത്തുകയും, MCF / RRF തുടങ്ങിയവയും പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെവിശാലമായ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനഘടകങ്ങളായി നിലകൊള്ളുന്നു.

MCF, ടേക്ക്ബ്രേക്ക്, കളക്ഷൻ സ്റ്റാൾ എന്നിവ മാലിന്യനിർമാർജ്ജനത്തിന് ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്.

വികസന പരിപ്രേക്ഷ്യം

പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിൻറെ എല്ലാ നിർദ്ദേശങ്ങളും ഈ രംഗത്തെ വികസന ലക്ഷ്യങ്ങളാക്കി കാണുന്നു

കുടുംബശ്രീ

ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 2000 ത്തിൽ 30 ഓളം സ്വയം സംഘങ്ങളായി പ്രവർത്തിച്ചിരുന്ന വനിത കൂട്ടായ്മ 2002 ൽ കുടുംബശ്രീ എന്ന പേരിലേക്ക് ലയിച്ചു. 2002 ൽ സി.ഡി.എസ്. ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ 70 കുടുംബശ്രീ ആണ് ഉണ്ടായിരുന്നത്. അവക്ക് പഞ്ചായത്തിൽ നിന്നും R.F നേടിക്കൊടുത്ത കൊണ്ട് ആരംഭിച്ചു. തുടക്കത്തിൽ സ്ത്രീകൾ പുറത്തേക്ക് ഇറങ്ങുന്നതിന് മടിയായതിനാൽ കുടുംബശ്രീ രൂപീകരിക്കുക എന്നത് വെല്ലുവിളി ആയിരുന്നു. ഓരോ കുടുംബത്തേയും പോയി കണ്ടും സംസാരിച്ചും നിർബന്ധിച്ചും ആണ് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചത്. അതിന് മുൻപത്തെ പഞ്ചായത്ത് പ്രസിഡണ്ടും വാർഡ് മെമ്പർമാരും വളരെയധികം പരിശ്രമിച്ചിട്ടുണ്ട്.2005 ൽ 5 സംരംഭങ്ങൾ ആണ് തുടങ്ങി വച്ചത്. അന്ന് പരിശീലനം ആയതിനാൽ അതിൻറെ ബുദ്ധിമുട്ടും സ്ത്രീകൾ നേരിട്ടു. ആയത്കൊണ്ട് ഈ രംഗത്തേക്ക് വരാൻ താല്പര്യക്കുറവ് ആയിരുന്നു. സബ്സിഡിയോടെ വായ്പ നൽകി. 2006 ൽ ആരും തുണയില്ലാതെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കായി ആശ്രയ പദ്ധതി തുടങ്ങി അത് കുടുംബശ്രീയെ ഏൽപ്പിച്ചു. ഈ പ്രൊജക്ട് തുടങ്ങി വക്കാൻ കുറച്ച് കാലതാമസം നേരിട്ടുവെങ്കിലും 2008 മുതൽ പദ്ധതി ഏറ്റെടുത്ത് വിജയിപ്പിക്കാനും രണ്ടാം ഘട്ട പ്രൊജക്ട് ഉണ്ടാക്കി നല്കാനും സാധിച്ചു.

2007 ൽ ജെ. എൽ. ജി. 20 എണ്ണത്തിൽ തുടങ്ങി. സ്ത്രീകൾ പാട്ടകൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിച്ചുകൊണ്ട് ബോണസ് ജില്ലാ മിഷൻ മുഖേന നൽകി അതിനുശേഷം ഹോം ഷോപ്പ് ഏറ്റെടുത്ത് കുറച്ച് സ്ത്രീകൾക്കെങ്കിലും അതിൽ നിന്ന് വരുമാനം ഉണ്ടായി എന്നാൽ പിന്നീട് പരാജയപ്പെടുകയാണ് ഉണ്ടായത്. 2008 ൽ ബാലസഭകൾ ആരംഭിച്ചു. കുട്ടികളുടെ മാനസിക, ശാരീരിക വളർച്ചക്ക് ഉതകുന്നതിനായി 10 ബാലസഭകൾ ആണ് തുടങ്ങിവച്ചത്. ആദ്യ കാലത്ത് 9 സി.ഡി.എസ്. മെമ്പർമാർ ആണ് പ്രവർത്തിച്ചുവരുന്നത്. സ്ത്രീകൾ പുറത്തിറങ്ങാൻ മടിച്ചിരുന്ന കാലത്ത് സി.ഡി.എസ്. വാർഷികത്തിന് റാലി സംഘടിപ്പിക്കുന്നതിന് വളരെ കഷ്ടപ്പാടുണ്ടാക്കി.

ജെ.എൽ.ജി, സംരംഭം, എന്നിവയുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്നത് വലിയ വെല്ലുവിളി ആയിരുന്നു. ആയതിന് വേണ്ടി 2006 മുതൽ ഓണച്ചന്ത നടത്താൻ തുടങ്ങി. 2008 ൽ കുടുംബശ്രീ അംഗങ്ങൾക്ക് 361 പേർക്ക് ഗ്യാസ് കണക്ഷൻ നൽകാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി കാണുന്നു. S.B.I , ഗ്യാസ് ഏജൻസി, സി.ഡി.എസ്. എന്നിവരുടെ കൂട്ടായ്മയിൽ വായ്പ നൽകി കൊണ്ടാണ് ഗ്യാസ് കണക്ഷൻ നൽകിയത്. അന്ന് ബാങ്ക് വായ്പ ലഭിക്കാൻ വേണ്ടി വളരെ ബുദ്ധിമുട്ട് നേരിട്ടു. സമരം നടത്താൻ വരെ തീരുമാനിക്കയുണ്ടായി. ഒരുപാട് ചർച്ചകൾക്ക് ശേഷമാണ് S.B.I യിൽ നിന്ന് വായ്പ ലഭിച്ചത്.

പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി സി.ഇ.എഫ്, വായ്പയും പശുവളർത്തൽ, ആടുവളർത്തൽ ഗ്രൂപ്പിന് സബ്സിഡിയോടെ വായ്പയും സി.ഐ.ജി. വായ്പയും ജെ.എൽ.ജി ക്ക് പലിശ സബ്സിഡി വായ്പയും ഇൻസെൻറീവും നൽകി വരുന്നുണ്ട്.ഓട്ടോ ഓടിക്കുന്നതിനും ശിങ്കാരിമേളം ഗ്രൂപ്പ് ഉണ്ടാക്കുന്നതിനും തെങ്ങ് കയറുന്നതിനും സ്ത്രീകൾ മുന്നോട്ട് വന്നത് മാറ്റത്തിൻറെ സൂചനകളാണ്.

ഇന്ന് കുടുംബശ്രീയുടെ തിരിച്ചടവിലുള്ള വിശ്വാസ്യത കൊണ്ട് വായ്പ നൽകാൻ എല്ലാ ബാങ്കുകളും തയ്യാറാണ്. തുടക്കത്തിൽ സ്ത്രീകൾ പുറത്തിറങ്ങാനും അയൽക്കൂട്ടം രൂപീകരിക്കാനും

മടിച്ചിരുന്ന കാലത്തിൽ നിന്നും ഇന്ന് സമസ്ത മേഖലകളിലും സാന്നിധ്യം അറിയിക്കാൻ സ്ത്രീകൾ തയ്യാറാണ്. സ്ത്രീകളുടെ ഫുട്ബോൾ ടീം രൂപീകരിക്കാനും സംസ്ഥാനതല മത്സരത്തിൽ വരെ പങ്കെടുക്കാനും സാധിച്ചു. അയൽക്കൂട്ടം കുടുംബാംഗങ്ങളിലെത്താനും യുവജനങ്ങൾക്കായി DDUGKY പദ്ധതി പ്രകാരം കോഴ്സുകൾ നൽകുകയും തൊഴിൽ നേടികൊടുക്കാനും സാധിക്കുന്നുണ്ട്. ഇന്ന് കുടുംബശ്രീ പ്രസ്ഥാനം ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ മൈക്രോഫിനാൻസ്, സൂക്ഷ്മസംരംഭങ്ങൾ, M.K.S.P ബാലസഭ, അഗതിരഹിത കേരളം , ബി.ആർ.സി, കാർഷികസഹായകേന്ദ്രം കണക്ട് ടു വർക്ക്, DDUGKY തുടങ്ങിയവയാണ്.

2010 മുതൽ മികച്ച സി.ഡി.എസ്. ആയി ജില്ലാ തലത്തിൽ അവാർഡുകൾ ലഭ്യമായിട്ടുണ്ട്. സംസ്ഥാനതലത്തിൽ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നതിനും സാധിച്ചു. ബ്ലോക്ക്തലത്തിൽ മികച്ച സി.ഡി.എസ്. ആയി തെരെഞ്ഞെടുത്ത് മോഡൽ സിഡിഎസ്. ആയി വരവൂരിനെ പ്രഖ്യാപിച്ചിട്ടുണ്ട്.

ലക്ഷ്യങ്ങൾ

ഓരോ വാർഡിലും വിട്ടുപോയിട്ടുള്ള മുഴുവൻ കുടുംബത്തെയും അയൽക്കൂട്ട അംഗങ്ങളാക്കി മാറ്റും

100 സ്ത്രീകൾക്കെങ്കിലും തൊഴിൽ കൊടുത്തുകൊണ്ട് സ്ത്രീകളെ സ്വയം പര്യാപ്തമാക്കും .

കാർഷികമേഖയിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ജെ.എൽ.ജികൾ രൂപീകരിക്കും

വളർന്നു വരുന്ന കുട്ടികളാണ് ഭാവിതലമുറയെ വാർത്തെടുക്കേണ്ടത്. എന്ന ഉദ്ദേശ്യത്തോടുകൂടി തന്നെ ബാലസഭ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആൺ, പെൺ, വിത്യാസം ഇല്ലാതെ കുട്ടികളെ ഓരോ പ്രവർത്തനങ്ങളിലും സജീവമാക്കും

ഫോറം 3

മുൻകാലമാതൃകാ/വിജയം കൈവരിച്ച പ്രൊജക്ടുകൾ

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് : പ്രാദേശികസാമ്പത്തികവികസനം		
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെപേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ചയഥാർത്ഥ പ്രയോജനം(ഭൗതിക നേട്ടം)	വിതയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ
2		വനിതാഗ്രൂപ്പിന് സ്വയം തൊഴിൽ പരിശീലനം	ജനറൽ	1200000	ദാരിദ്ര്യലഘൂകരണം	കുടുംബശ്രീ ഗ്രൂപ്പുകള്ക്ക് സംരംഭങ്ങൾക്ക് പ്രചോദനം	സംരംഭം നിലനിൽക്കുന്നു.

സ്ഥലം: **പേര്**

ഒപ്പ്:

കൺവീനർ

ഫോറം 6

പതിനാലാം പഞ്ചവത്സരപദ്ധി(2022–27)

പ്രശ്ന വിശകലനവുംപ്രശ്ന പരിഹാര സാധ്യതകളും

ക്രമനമ്പർ	മേഖല/ഉപമേഖല	പ്രശ്നബാധിപ്രദേശം,വിഭാഗം	പ്രശ്നത്തിൻറെതീവ്രത			പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ	പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
			ലഘുതരം	ഗുരുതരം	അതീവഗുരുതരം		തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ	ഇതരജദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ	സർക്കാർതലത്തിൽ	സർക്കാർതരതലത്തിൽ
	1	വിപണികണ്ടെത്തൽ	**********			ഗുണമേൻമയുള്ളവിശ്വാസക്കുറവ്	പരിശീലനങ്ങൾവിപണികണ്ടെത്തിനൽകൽ	വിപണി	സാമ്പത്തികസഹായം	പ്രോത്സാഹനം
		സാമ്പത്തികം		**********		മൂലധനത്തിൻക്കുറവ്	വായ്പാധനസഹായങ്ങൾ	വിപണി	സാമ്പത്തിക സഹായം	പ്രോത്സാഹനം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് :

സ്ഥലം :

തീയതി:

വർക്കിംഗ് ഗ്രൂപ്പിൻറെ പേര് :

ഒപ്പ്

പേര്

കൺവീനർ

സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പടെ)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിവരുന്നുണ്ട്. പഞ്ചായത്ത് വിഹിതവും, ബ്ലോക്ക് വിഹിതവും, ജില്ലാവിഹിതവും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നിലവിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, വൃദ്ധർക്ക് കട്ടിൽ, ടൈ സ്കൂട്ടർ തുടങ്ങിയവ ത്രിതല പഞ്ചായത്ത് വിഹിതം വഴി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിഞ്ഞിട്ടുണ്ട്. വൃദ്ധ ജനങ്ങൾക്ക് ഒരു ആശ്വാസ കേന്ദ്രമായി ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ചേർത്ത് പകൽ വീട് ആരംഭിച്ചു കഴിഞ്ഞു. വയോജന പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വാർഡിലും പകൽവീട് സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്.

പട്ടികജാതി വികസനം

ഭവന രഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും വീടും ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോഴും കക്കൂസ് ഉണ്ടെങ്കിലും ഉപയോഗശൂന്യമായ സ്ഥിതിയിലുള്ള കുടുംബങ്ങൾ ഉണ്ട്. കക്കൂസ് സൗകര്യം തീരെ ഇല്ലാത്ത അപൂർവ്വം ചില കുടുംബങ്ങളുമുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സങ്കേതങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഇവിടങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പട്ടിക ജാതി സങ്കേതങ്ങളിലെ വൈദ്യുതീകരണവും തെരുവു വിളക്കു പരിപാലനവും പുതിയ തെരുവു വിളക്ക് സ്ഥാപിക്കലും ഏറ്റെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനോടൊപ്പം ബിരുദ ധാരികളെ സൃഷ്ടിക്കുകയും അവർക്ക് പി.എസ്.സി കോച്ചിംഗ് നല്കുന്നതിനും കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിലും കൂലിപണിയും കൺസ്ട്രക്ഷൻ മേഖലയിലുമാണ് കൂടുതൽ പേരും തൊഴിലെടുക്കുന്നത്. സ്വയം തൊഴിലും സ്ഥിരം തൊഴിലും ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കേണ്ടതുണ്ട്.

അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പെൻഷനുകൾ നല്കുകയും അയൽക്കൂട്ട രൂപീകരണവും തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിച്ചും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക സഹായങ്ങൾ നല്കി മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്.

1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1991 ലെ സെൻസസ് അനുസരിച്ച് ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 3275 ആയിരുന്നു അതിൽ 1548 പേർ പുരുഷൻമാരും 1727 പേർ സ്ത്രീകളും ആയിരുന്നു. 17173 ആയിരുന്നു ജനസംഖ്യ അന്ന് ജനസംഖ്യയുടെ 19% പേർ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരായിരുന്നു. ഇപ്പോഴത്തെ ജനസംഖ്യ 21982/– ആണ് ഇതിൽ 2951 പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നു 1436 പുരുഷൻമാരും,1515 സ്ത്രീകളും ആണ് ഉള്ളത്. ജനസംഖ്യയുടെ 13% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്.

33 പട്ടികജാതി കോളനികളിൽ നിന്ന് 37 കോളനികളും 3 പട്ടികജാതി സങ്കേതങ്ങളും ആയി മാറിയിട്ടുണ്ട് .പട്ടികജാതി കോളനികൾ മിക്കവാറും കുന്നിൻപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്, 1996 കാലഘട്ടത്തിൽകുടിവെള്ളക്ഷാമം കോളനികളിൽ രൂക്ഷമായിരുന്നു ആ പഴയ അവസ്ഥയിൽ നിന്നും ഇന്ന് ഏറെ കുടിവെള്ള ലഭ്യത മാറിയിട്ടുണ്ട്.കുടിവെള്ള പദ്ധതികളുടെയും ,ജലനിധി,കുഴൽ കിണറുകൾ തുടങ്ങിയ കുടിവെള്ള വിതരണ രീതികളിലൂടെ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനായിട്ടുണ്ട്.പട്ടികജാതി സങ്കേതങ്ങൾ കുന്നിൻ പ്രദേശങ്ങളിൽ ആയത് കൊണ്ട് പ്രകൃതിക്ഷോഭവും ശക്തമായ മഴ മൂലവും പലകോളനികളിലും മണ്ണിടിച്ചിൽ സ്ഥിരമായി അനുഭവപ്പെട്ടുവരുന്നു. കോളനിനിവാസികളെ മാറ്റി പാർപ്പിക്കേണ്ടിവരികയും ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങേണ്ട സാഹചര്യവും ഉണ്ട്. ചിറ കോളനി, സാംബവ കോളനി , പള്ളം കൊറ്റമ്പത്തൂർ കോളനി എന്നിവിടങ്ങളിൽ മണ്ണിടിച്ചിൽ ഈ വർഷം അനുഭവപ്പെടുകയുണ്ടായി.

വൈദ്യുത രംഗത്ത് ഏറെ പുരോഗതി കൈവരിക്കുകയും മിക്കവാറും എസ് സി കോളനികളിലെ വീടുകൾ വൈദ്യുതികരിച്ചിട്ടുണ്ട് . മിക്ക കോളനികളിലേക്കുമുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ബിരുദ ബിരുദാനന്തരം നേടിയ ഒട്ടറെ കുട്ടികൾ കോളനികളിലുണ്ട്.

ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതി മേഖലയിൽ ഉണ്ടായ കാതലായ മാറ്റങ്ങളും പോരായ്മകളും വികസന തന്ത്രങ്ങളും സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയും പ്രയോജനം ലഭിക്കാതെ പോയ പ്രൊജക്ടുകളും,പരാജയപ്പെട്ട പ്രൊജക്ടുകളും ആസ്തികളുടെയും വിവരങ്ങളും ശേഖരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അംഗനവാടികളും, ഭവനനിർമ്മാണവും, വീട് റിപ്പയറിങ്ങ് എന്നീ മേഖലകളിൽ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. പണി പൂർത്തിയാവാത്ത എസ് സി കുടുംബങ്ങൾ എന്നിവർക്ക് ധനസഹായം തുടർന്നും അനുവദിക്കേണ്ടതുണ്ട്. 50 വർഷത്തോളം പഴക്കമുള്ള വീടുകൾ പലതും നിർമ്മിച്ചിരിക്കുന്നത് പച്ച ഇഷ്ടികകൾകൊണ്ടാണ് . വീടുകൾ കാണുമ്പോൾ പുതുതായി തോന്നുമെങ്കിലും മേൽക്കുരയും ഭിത്തികളും മറ്റും അപകടാവസ്ഥയിലായിരിക്കും ഇത്തരം വീടുകളെ കണ്ടെത്തി പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. പെരുങ്കുന്ന് കോളനി ,അത്തിക്കുന്ന് കോളനി എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റിഹാളുകൾ നിലവിലുണ്ട്. എസ് സി വനിതകൾക്ക് ഓട്ടോറിക്ഷ നൽകൽ എന്ന പദ്ധതിയും വിജയകരമായി പൂർത്തീകരിച്ചവയാണ്. ജനകീയാസൂത്രണത്തിന് ശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയിട്ടുണ്ടെന്നുള്ളത് വളരെ ആശ്വാസമാണ്. കോളനികളിൽ നിന്ന് സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവരും ഉണ്ട്.

വികസന പരിപ്രേക്ഷ്യം

പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസപരമായും അടിസ്ഥാന പരമായും ഉള്ള വികസനം ലക്ഷ്യം വെയ്ക്കുന്നതിനുള്ള പദ്ധതികളിലായി ദീർഘകാല ലക്ഷ്യം കൈവരിക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ് എസ് സി ഗ്രൂപ്പ് സംരംഭങ്ങൾ ,ലാപ്പ് ടോപ് നൽകൽ തുടങ്ങിയ പ്രൊജക്ടുകൾ ഈ മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്

സംയോജന സാധ്യതകൾ

തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് എസ് സി സങ്കേതങ്ങളിൽ സോക്ക് പിറ്റ് ,മഴക്കുഴി,കമ്പോസ്റ്റ് പിറ്റ് തുടങ്ങിയവയും ,ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് നിർമ്മാണവും ഗ്രാമ വികസന വകുപ്പുമായി ചേർന്ന് സംയോജന സാധ്യതയുള്ള പദ്ധതികൾ തയ്യാറാക്കുവുന്നതാണ്.

ഫോറം 3

മുൻകാലമാതൃകാവിജയം കൈവരിച്ച പ്രൊജക്ടുകൾ/

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : **ദേശമംഗലം**

വർക്കിംഗ്ഗ്രൂപ്പിൻറെ പേര് പട്ടികജാതി വികസനം:

ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെപേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം) (ഭൗതിക ലക്ഷ്യം	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം ഭൗതിക) (നേട്ടം	വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ നിഗമനങ്ങൾ/ തുടങ്ങിയവ
1.		ആട് വളർത്തൽ പദ്ധതി എസ്സി വനിത 2019	SCSP	912000	മൃഗസംരക്ഷണം	മൃഗസംരക്ഷണം	
2.		അങ്കണവാടി അനുപൂരക പോഷകാഹാരം	SCSP	500000	പോഷകാഹാരം	പോഷകാഹാരം	
3.		ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ്വീൽ	SCSP	240000	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	
4.		വയോജനങ്ങൾക്ക് കട്ടിൽ	SCSP	304400	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	
5.		ലൈഫ് പാർപ്പിട പദ്ധതി വായ്പാ തിരിച്ചടവ് എസ് സി	SCSP	2140000	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	
6.		വീട് വാസയോഗ്യമാക്കി എസ് സി	SCSP	2750000	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	

7.		പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്	SCSP	284383	വിദ്യാഭ്യാസം	വിദ്യാഭ്യാസം	
8.		പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ	SCSP	199774	വിദ്യാഭ്യാസം	വിദ്യാഭ്യാസം	
സ്ഥലം തീയതി					ഒപ്പ് കൺവീനർ വർക്കിംഗ് ഗ്രൂപ്പ്.....		

ഫോറം 4

പ്രതീക്ഷിച്ചപ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്ടുകൾ

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് :

വർക്കിംഗ്ഗ്രൂപ്പിൻറെ പേര് പട്ടികജാതി വികസനം :

ക്രമനമ്പർ	മേഖലഉപ/മേഖല	പ്രൊജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം) (ഭൗതിക ലക്ഷ്യം	കൈവരിച്ചയഥാർത്ഥ്യപ്രയോജനംഭൗ) (തിക നേട്ടം	ലക്ഷ്യമിട്ടപ്രയോജനം ലഭിക്കാത്തതിനുള്ളകാരണങ്ങൾനിഗമ/നങ്ങൾ	കൂടുതൽപ്രയോജനകരമാക്കിമാറ്റുന്നതിനുള്ളനിർദ്ദേശങ്ങൾ
2		ലൈഫ് പദ്ധതി സ്ഥലം–വാങ്ങൽ		0	2260000	കൈവരിച്ചില്ല		
3		കുടിവെള്ള ടാങ്ക് നിർമ്മാണം		0	കുടിവെള്ളം	കൈവരിച്ചില്ല		
4		കുടിവെള്ളപദ്ധതികൾ) എസ്.സി)–ഡെപ്പോസിറ്റ് വർക്ക്	0	0	കുടിവെള്ളം	കൈവരിച്ചില്ല		

സ്ഥലം :

തീയതി

ഒപ്പ്

കൺവീനർ

വർക്കിംഗ് ഗ്രൂപ്പ്.....

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

വടക്കാഞ്ചേരി ബ്ലോക്കിലെ ദേശമംഗലം പഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഐ.സി.ഡിഎസ്-ന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക സർവ്വേ പ്രകാരം ആകെ ജനസംഖ്യ 24754-ഉം സ്ത്രീജനസംഖ്യ 12521-ഉം പുരുഷ ജനസംഖ്യ 12233 ഉം ആണ്. ആറുവയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2085 ഉം അതിൽ ആൺകുട്ടികളുടെ എണ്ണം 1090 ഉം അതിൽ പെൺകുട്ടികളുടെ എണ്ണം 995 ഉം ആണ്.

പഞ്ചായത്തിൽ 20 അഗൻവാടികളുണ്ട്. ഇവ 1 മുതൽ 15 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. ഓരോ അംഗൻവാടിയിലും ഒരു വർക്കറും ഒരു ഹെൽപ്പറും ജോലി ചെയ്യുന്നു. 20 അംഗൻവാടികളിൽ 16 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. ഒരെണ്ണം സ്കൂളിൽ പ്രവർത്തിക്കുന്നു. 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 എണ്ണത്തിന് സ്ഥലം കിട്ടിയിട്ടുണ്ട്. 20 അംഗൻവാടികളിൽ 10 എണ്ണത്തിന് ശിശുസൗഹൃദ കക്കൂസ് ഉണ്ട്. 14 അംഗൻവാടികളിൽ വയറിംഗ് നടത്തി കണക്ഷൻ ലഭിച്ചിട്ടുണ്ട്. 10 അംഗൻവാടികൾക്കാണ് സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത്. 13 അംഗൻവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിലായി അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ, ഫ്ളാഗ് പോസ്റ്റ്, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണീച്ചർ എന്നിവ നൽകിയിട്ടുണ്ട്.

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിന് അംഗൻവാടികളിൽ കൂടി പോഷകാഹാരവിതരണം നടത്തുന്നു. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അമൃതം ഫുഡ് എന്ന പേരിലുള്ള പോഷകാഹാരം നല്കി വരുന്നു. കൂടാതെ ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അംഗൻവാടികളിൽ കൂടി ഭക്ഷണം നല്കുന്നുണ്ട്.

അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് രാവിലെ 11 മണിക്ക് നിലക്കടല വറുത്തത്/നിലക്കടല മിഠായി, ഉച്ചക്ക് ചെറുപയർ ചേർത്ത് വേവിച്ച കഞ്ഞി, 3 മണിക്ക് ഗോതമ്പ് ഉപ്പുമാവ്/പായസം എന്നിവ നൽകുന്നു. ആരോഗ്യപ്രവർത്തകർ അംഗൻവാടികളിൽ കൂടി രോഗ പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നു. അമ്മമാരെയും കൗമാരപ്രായക്കാരായ കുട്ടികളെയും പരിശോധിച്ച് വിളർച്ച മാറ്റുവാനുള്ള ഗുളികകൾ നല്കി വരുന്നു. അതിനു പുറമെ അമ്മമാർക്കും,

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ഉൾക്കൊള്ളുന്ന വിധത്തിലുള്ള ബാലസഭയുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടക്കുന്നുണ്ട്. കുടുംബശ്രീ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുന്ന രീതിയുള്ള പരിപാടികൾ കൂടി ഉൾപ്പെടുത്തി വികസന നയം രൂപപ്പെടുത്തണ്ടതാണ്.

വനിതാ വികസനം , സാമൂഹ്യ ക്ഷേമം

(1996 ലെ അവസ്ഥയും 2022 ലെ അവസ്ഥയും)

1996 - 97 വാർഷിക കണക്കുകൾ പ്രകാരം ദേശമംഗലം ഗ്രാമ പഞ്ചായത്ത് ജനസംഖ്യയിൽ 9884 പേര് സ്ത്രീകൾ ആണ്. 2021 ലെ ഐ സി ഡി എസ് വാർഷിക സർവ്വേ അനുസരിച്ചു ജനസംഖ്യയായ 22280 ൽ 11545 സ്ത്രീകളും 1312 കുട്ടികളും ഉൾപ്പെടുന്നു.

ഇരുപത്തിയഞ്ചു വർഷത്തെ വിലയിരുത്തൽ

കഴിഞ്ഞ 25 വർഷത്തെ സാഹചര്യം പരിശോധിച്ചാൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 1996 ൽ മുൻപ് ബാലവാടിയായി പ്രവർത്തിച്ചിരുന്ന 4 സെന്ററുകൾ ഉൾപ്പെടെ 15 സെന്ററുകളുമായി അംഗൻവാടികൾ പ്രവർത്തനംആരംഭിച്ചത്. തുടക്കത്തിൽ മഹിളാസമാജങ്ങളിൽ പ്രവർത്തിച്ചിരുന്ന നാലു സെന്ററുകളാണ് (അംഗൻവാടി നമ്പർ 30 ,31 ,34 ,42) സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നത്. 1998 -99 വർഷത്തിൽ മൂന്ന് സെന്ററുകൾക്കു കൂടി കെട്ടിടം ഉണ്ടായി .2007 ഫെബ്രുവരിയിൽ 6 അങ്കണവാടികൾ കൂടി പ്രവർത്തനം തുടങ്ങുകയുണ്ടായി .2010 ഡിസംബർ മാസത്തിൽ cn0 49 പ്രവർത്തനം ആരംഭിച്ചു .96 ൽ 6 സെന്ററുകളുമായി പ്രവർത്തനം തുടങ്ങിയ അംഗൻവാടികൾ നിലവിൽ 22 എണ്ണമായി വർധിച്ചു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അംഗൻവാടികൾക്കു പിന്നീടുള്ള വർഷങ്ങളിൽ പഞ്ചായത്തിന്റെയും ഡിപ്പാർട്മെന്റിന്റെയും ഫണ്ടുകൾ വിനിയോഗിച്ചു സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെയും ഭൗതിക സാഹചര്യങ്ങളുടെയും അഭാവം ഉണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളിലും, (അംഗൻവാടി നമ്പർ 46 ഒഴികെ) വിവിധ വർഷങ്ങളിൽ വെള്ളം , ഇലക്ട്രിസിറ്റി മുതലായവ ഇന്ന് നൽകിയിട്ടുണ്ട് . കൂടാതെ അംഗനവാടികളിലേക്കു ആവശ്യമായ മേശ, അലമാര, കസേര,കുട്ടികൾക്ക് ആവശ്യമായി കളിയുപകരണങ്ങൾ എന്നിവ വിവിധ വർഷങ്ങളിൽ പഞ്ചായത്ത് നൽകി അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ട്.

തുടക്കത്തിൽ നാമ മാത്രമായ ഗുണഭോക്താക്കൾക്ക് മാത്രമാണ് പോഷകാഹാരം നല്കാൻ കഴിഞ്ഞിരുന്നുള്ളൂ . ഇന്ന് വിവിധ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്കായി 22 ലക്ഷം രൂപയാണു ഈ ഇനത്തിൽ ചിലവഴിക്കുന്നത് . ആകെ ജനസംഖ്യയിൽ പ്രീ സ്കൂൾ വിഭാഗത്തിൽ (3 വയസു മുതൽ 6 വയസുവ വരെ) 859 കുട്ടികൾ ഉള്ളതിൽ 418 കുട്ടികളാണ് വിവിധ അംഗൻവാടികളിലായി അനൗപചാരിക വിദ്യാഭ്യാസത്തിനു ചേർന്നിട്ടുള്ളത് . ഈ കുട്ടികൾക്ക് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും കൂടാതെ ജനറൽ ഫീഡിങ് മുതലായവ നൽകി വരുന്നു.ഇതോടൊപ്പം 6 മാസം വരെ പ്രായമായ ആകെ 593 കുട്ടികളിൽ 298 കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് നൽകി വരുന്നു. പ്രദേശത്തെ ഗർഭിണികളായ 139 പേരിൽ 114 പേർക്കും പാലൂട്ടുന്ന 166 അമ്മമാരിൽ 69 പേർക്കും പോഷക പൊടിയും നൽകി വരുന്നു.കൗമാരക്കാരായ

പെൺകുട്ടികളിൽ 114 പേർക്കാണ് പോഷകാഹാരം നൽകുന്നത്. കൗമാരക്കാരായ പെൺകുട്ടികൾ , ഗർഭിണികൾ എന്നിവരിൽ കാണുന്ന അനീമിയ കണ്ടുപിടിക്കുന്നത്തിനും പോഷണക്കുറവ് പരിഹരിക്കുന്നതിനും വേണ്ട നടപടികൾ ഡിപ്പാർട്മെന്റിന്റെ ന്യൂട്രിഷ്യൻ ക്ലിനിക് വഴി നടത്തി വരുന്നു. കൂടാതെ കുട്ടികളുടെയും മാതാപിതാക്കളുടെയും മാനസികാരോഗ്യം , കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പാരന്റൽ ക്ലിനിക് സൗകര്യവും ഉപയോഗപ്പെടുത്തുന്നു.അത് പോലെ തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ് നല്കുന്നതിലേക്കായി മുൻ വർഷത്തെക്കാൾ 2021 - 22 വര്ഷത്തിൽ സ്കോളർഷിപ്പിനായി ജനറൽ വിഭാഗത്തിൽ 48 കുട്ടികൾക്കും, എസ് സി വിഭാഗത്തിലെ 11 കുട്ടികൾക്കുമായി 879000 രൂപ ചിലവഴിക്കുകയും , വിഭിന്ന ശേഷിയുള്ളവർക്കായിtriscooter, വിവിധ സഹായ ഉപകരണങ്ങളും നൽകി വരുന്നു . മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ പ്രവർത്തനവും നടത്തി വരുന്നു .

വയോജനങ്ങളുടെയും വനിതാകളുടെയും ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.മുൻ വർഷങ്ങളിൽ വയോജനങ്ങൾക്കു മരുന്ന്, മറ്റ അവശ്യ സാധനങ്ങൾ എന്നിവ പ്രൊജക്ട് വച്ച് നൽകുകയും കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി കട്ടിൽ വിതരണവും നടത്തി വരുന്നു. ഡിപ്പാർട്മെന്റ് പദ്ധതിപ്രകാരംഅർഹരായ വയോജനങ്ങൾക്കു ഗ്ലൂക്കോമീറ്റർ വിതരണത്തെ നടത്താനും കഴിഞ്ഞിട്ടുണ്ട് .

ആകെ ജനസംഖ്യയിൽ പ്രീ സ്കൂൾ വിഭാഗത്തിൽ (3 വയസു മുതൽ 6 വയസുവ വരെ) 859 കുട്ടികൾ ഉള്ളതിൽ 418 കുട്ടികൾ മാത്രമാണ് നിലവിൽ അംഗനവാടികളിൽ ഉള്ളത്. മറ്റ കുട്ടികളെ കൂടി അംഗൻവാടിയിലേക്കു എത്തിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളാനും എല്ലാ അംഗൻ വാടികൾക്കും കൂടുതൽ മെച്ചപ്പെട്ട ഇൻഡോർ , ഔട്ഡോർ കളിസ്ഥലവും കളിയുപകരണങ്ങളും വരും വർഷങ്ങളിൽ ഉൾപ്പെടുത്താനും നിർദേശങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ എല്ലാ അംഗൻവാടികളിലും പ്രവർത്തന യോഗ്യമായ ബേബി ഫ്രണ്ട്ലി ടോയ്ലെറ്റുകൾ കൂടി നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു .

വികസനപരിപ്രേക്ഷ്യം

അംഗനവാടി പോഷകാഹാരം പദ്ധതിക്ക് വികസന ഫണ്ടു കൂടാതെ കേന്ദ്രവിഹിതവും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ചു വരുന്നു . ഭിന്നശേഷിക്കാർക്ക് scholarshipപദ്ധതികൾക്ക് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ചു വരുന്നു. തന്മൂലം കൂടുതൽ ഗുണഭോക്താക്കളിലേക്കു പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കാൻ സാധിക്കുന്നു. കൂടാതെ വനിതാ ശിശു വികസന വകുപ്പ് മുഖാന്തിരം നടത്തി വരുന്ന വിവിധ പഠിതാക്കളും പഞ്ചായത്തിലെ അര്ഹരായവരിലേക്കു എത്തിക്കുന്നു

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്ടുകൾ

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :			
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	ലക്ഷ്യമിട്ടപ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ	കൂടുതൽപ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ
1		വനിതാ വ്യവസായ കേന്ദ്രം	ജനറൽ					

സ്ഥലം:
തിയ്യതി

ഒപ്പ്:
പേര്:
കൺവീനർ:
.....(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 6

പതിനാലാം പഞ്ചവത്സരപദ്ധി(2022–27)

പ്രശ്ന വിശകലനവുംപ്രശ്ന പരിഹാര സാധ്യതകളും

ക്രമനമ്പർ	മേഖല/ഉപമേഖല	പ്രശ്നബാധിപ്രദേശം,വിഭാഗം	പ്രശ്നത്തിൻറെതീവ്രത			പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ	പ്രശ്നത്തിനുള്ളകാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
			ലഘുതരം	ഗുരുതരം	അതീവഗുരുതരം		തദ്ദേശസ്വയംഭരണസ്ഥാപങ്ങൾ	ഇതരതദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ	സർക്കാർതലത്തിൽ	സർക്കാർതരതലത്തിൽ
1		ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്		$			$			
2		ഇൻഡോർ ,ഔട്ഡോർഗെയിംസൗകര്യം		$			$			

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെഅവസ്ഥ	ദീർഘകാലലക്ഷ്യം(2032–ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സരപദ്ധതിയിലെലക്ഷ്യം	പതിനാലാംപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1		ഇൻഡോർ ,ഔട്ഡോർഗെയിം സൗകര്യം		നിലവിൽ സൗകര്യവും ഇല്ല			
2		ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്		നിലവിൽ സൗകര്യവും ഇല്ല			
സ്ഥലം: തിയ്യതി:					ഒപ്പ്: പേര്: കൺവീനർ: .....(വർക്കിംഗ്ഗ്രൂപ്പ്)		

ആരോഗ്യം

(കുടുംബാരോഗ്യ കേന്ദ്രം)

(1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും)

A) PHC- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി.

- രോഗികൾക്ക് മെച്ചപ്പെട്ട സേവനവും മരുന്നും നല്കാൻ കഴിയുന്നുണ്ട്
- ലാബിൽ ഓട്ടോമാറ്റിക്ക് ഉപകരണങ്ങളുടെയും ആധുനിക ഉപകരണങ്ങളുടെയും അപര്യാപ്തത പരിഹരിച്ചു.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി പ്ലാന്റ് നിർമ്മിച്ചു.
- KMSCL വഴി ലഭിക്കുന്നതിനുപുറമെ ജനകീയാസൂത്രണം വഴിയും മരുന്നുകൾ വിതരണം ചെയ്യുന്നു.
- പേവിഷബാധ പ്രതിരോധ കുത്തിവെയ്പ് നൽകി വരുന്നു.
- E HEALTH നടപ്പിലാക്കി
- CCTV ക്യാമറകൾ സ്ഥാപിച്ചു.
- ഭിന്ന ശേഷി സൗഹൃദ ആശുപത്രിയാക്കി
- കുട്ടികൾക്ക് കളിക്കുവാൻ കളിസ്ഥലം / പാർക്ക് നിർമ്മിച്ചു

നിലവിലുള്ള സ്റ്റാഫുകൾ

ഡോക്ടർമാർ - 4

ഫാർമസിസ്റ്റ് - 2

ഹെൽത്ത് ഇൻസ്പെക്ടർ - 1

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 3

JPHM - 4

സ്റ്റാഫ് നഴ്സ് - 2

MLSP – 2

ലാബ് ടെക്നീഷ്യൻ – 1

<u>സബ് സെന്ററുകൾ</u>

- പള്ളം, കൊണ്ടയൂർ, തലശ്ശേരി സബ് സെന്ററുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പ്രവർത്തന ക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫർണീച്ചറുകളുടെ അപര്യാപ്തത പരിഹരിച്ചു. .പള്ളം സബ് സെന്ററിനെ ആർദ്രം പദ്ധതിയിൽപെടുത്തി ഉൾപ്പെടുത്തി ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

- കൊണ്ടയൂർ സബ് സെന്റർ പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചു വരുന്നു.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ഗവ. കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗികളുടെ കണക്കുകൾ .

YEARS	NEW PATIENTS				OUT PATIENTS				TOTAL
	M	F	C	T	M	F	C	T	
2009	1233	2387	1583	5207	5882	7610	5473	18965	24172
2010	683	1555	1523	3761	5715	7012	4315	17042	20803
2011	659	1104	1229	2992	4812	6512	3813	15137	18129
2012	876	1569	1171	3616	3094	6817	3553	13464	17080
2013	1197	2258	1534	4989	2061	5034	2285	9380	14369
2014	1269	2359	1555	5183	2524	6232	3088	11844	17027
2015	1269	2443	1523	5235	2696	6039	3380	12115	17350
2016	683	1301	1027	3011	3323	6436	3951	13710	16721

2017	659	1229	964	2852	4013	6793	4873	15679	18531
2018	755	1535	1015	3305	3215	6815	4980	15010	18315
2019	2371	3722	2585	8678	2440	4036	3951	10427	19105
2020	1274	2419	1104	4797	1295	3384	1314	5993	10790
2021	1044	2020	1344	4408	2403	5609	2228	10240	14648
2022–23	7437	9630	6626	23693	22609	288650	13803	65217	88970

തുടക്കത്തിൽ ജനറൽ ഒ. പി. മാത്രമാണ് സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ജനറൽ ഒ പി ക്ക് പുറമെ സ്ത്രീ സാന്ത്വനപരിപാലന പദ്ധതിയായ സീതാലയം, കൌമാരക്കാരുടെ പ്രശ്നങ്ങൾ, പഠനവൈകല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സദ് ഗമയ തുടങ്ങി. സ്പെഷൽ ഒ. പി കൾ 2015 മുതൽ സ്ഥാപനത്തിൽ പ്രവർത്തനമാരംഭിച്ചു.

പിന്നീട് 2021 ൽ കോവിഡാനന്തര ചികിൽസയുമായി പോസ്റ്റ് കോവിഡ് ക്ലിനികും പ്രവർത്തനം ആരംഭിച്ചു. ഇതിനു പുറമെ ജനറൽ മെഡിക്കൽ ക്യാമ്പുകളും, സാംക്രമികരോഗപ്രതിരോധ ക്യാംപുകൾ , ബോധവത്കരണക്ലാസുകൾ തുടങ്ങിയവയെല്ലാം ഡിസ്പെൻസറിയുടെ ആരംഭം മുതൽ ഇപ്പോഴും തുടരുന്നു.

ഡിസ്പെൻസറിയുടെ ആരംഭത്തിൽ രോഗികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനുള്ള ഫണ്ട് അപര്യാപ്തമായിരുന്നെങ്കിലും കാലക്രമേണ പഞ്ചായത്ത് ഫണ്ട് വിഹിതം വർദ്ധിപ്പിക്കുകയും മുഴുവൻ രോഗികൾക്കാവശ്യമായ മരുന്നുകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുകയും ചെയ്തു.

തുടക്കത്തിൽ സ്ഥാപനത്തിൻറെ പ്രവർത്തനത്തിനാവശ്യമായ വെള്ളം ലഭ്യമായിരുന്നില്ല. സമീപവീടുകളിൽ നിന്നും വെള്ളം കൊണ്ടുവരികയായിരുന്നു. പിന്നീട് 2002-03 ൽ സ്ഥാപിച്ച കുഴൽകിണറിൽ നിന്നും ശുദ്ധജലം ഇപ്പോഴും ലഭിക്കുന്നില്ല.

സ്ഥാപനത്തിൻറെ തുടക്കത്തിൽതന്നെ വൈദ്യുതി ലഭ്യമാണ്. പ്രാരംഭത്തിൽതന്നെ ടെലഫോൺ കണക്ഷൻ ലഭിച്ചിരുന്നില്ല എങ്കിലും 2010 മുതൽ ടെലഫോൺ സൌകര്യം ഉണ്ട്. പിന്നീട് 2012 ൽ ഹോമിയോപ്പതി വകുപ്പിൽ നിന്നും കംപ്യൂട്ടർ , യു പി എസ് പ്രിൻറെർ എന്നിവ നൽകുകയും ചെയ്തു. 2022 ൽ ഇൻ്റർനെറ്റ് കണക്ഷൻ ലഭിക്കുകയും ചെയ്തു.

മാലിന്യസംസ്കരണ സംവിധാനം ഡിസ്പെൻസറിയുടെ തുടക്കം മുതൽ ഇപ്പോഴും പ്രശ്നമായി തുടരുന്നു. 2022 ല് ജനവരി മുതൽ ഹരിതകർമ്മസേന മുഖേന സ്ഥാപനത്തിലെ പേപ്പർ , പ്ലാസ്റ്റിക് കൂപ്പികൾ തുടങ്ങിയ മാലിന്യങ്ങൾ സ്ഥാപനത്തിൽനിന്നും നീക്കം ചെയ്യുന്നു.

തുടക്കത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തനാരംഭിച്ച സ്ഥാപനത്തിനായുളള സ്വന്തം കെട്ടിടം 11-08-2000 ത്തിൽ ശിലാസ്ഥാപനം നടത്തുകയും 7-2-2002 ൽ ഉദ്ഘാടനം നിർവ്വഹിച്ച് ചുറ്റമതിലോട് കൂടിയ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പരിശോധന മുറി , ഫാർമസി, സ്റ്റോർ,ബാത്ത്റൂം എന്നിവ മാത്രമായിരുന്നു ആദ്യ ഘട്ടത്തിൽ ഡിസ്പെൻസറിയിൽ ഉണ്ടായിരുന്നത്. പിന്നീട് രോഗികൾക്കാവശ്യമായുളള കാത്തിരിപ്പ് മുറിയും ഒരു വലിയ സ്റ്റോറും കൂട്ടിച്ചേർക്കുകയുണ്ടായി.

സ്ഥാപനത്തിൻറെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ തുടക്കത്തിൽ ഉണ്ടായിരുന്നില്ല എങ്കിലും പിന്നീട് സ്റ്റെതസ് കോപ്പ് , ബി പി അപ്പാരറ്റസ് , പൾസ് ഓക്സി മീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ എന്നിവ ലഭ്യമായി . മഴവെളള സംഭരണി ഇപ്പോഴും സ്ഥാപനത്തിലില്ല. ലാബ് സൌകര്യം , ഫീഡിംഗ് റൂം , സോളാർ പാനൽ, ടോക്കൺ സംവിധാനം തുടങ്ങിയവയും ഇല്ല. സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് , അറ്റൻഡർ, കാഷ്വൽ ഓഫീസർ , എന്നീ 4 ജീവനക്കാർ ആണ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് പക്ഷേ സ്ഥാപനത്തിൻറെ ദൈനംദിന ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ഒരു ക്ലറിക്കൽ സ്റ്റാഫ് കൂടി ആവശ്യമാണ്.

25 വർഷത്തെ വിലയിരുത്തൽ

തുടക്കത്തിൽ ചെറിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനത്തിന് വലിയ കെട്ടിടവും ലഭിച്ചു. കാലക്രമേണ കെട്ടിടം നവീകരിക്കുകയും ചെയ്തു. എന്നിരിന്നാലും ലാബ്, സോളാർ പാനൽ , ഫീഡിംഗ് റൂം, തുടങ്ങിയവയെല്ലാം ഇപ്പോഴും പോരായ്മയായി തുടരുന്നു.

പഞ്ചായത്ത് പദ്ധതി പ്രകാരം മരുന്ന് വാങ്ങൽ പ്രൊജക്ടാണ് സ്ഥാപനത്തിൽ പ്രധാനമായും നടക്കുന്നത്, കൂടാതെ വയോജന പരിപാലന പദ്ധതിയായ ആശ്രയ പദ്ധതികളും നടപ്പിലാക്കിയിരുന്നു.

പഞ്ചായത്ത് മുഖേന നടപ്പിലാക്കിയിട്ടുളള എല്ലാ പദ്ധതികളും വളരെ വിജയകരമായി പൂർത്തുകരിച്ചു. 2022-23 വാർഷിക പദ്ധതി പ്രൊജക്ട് പ്രകാരം 3 ലക്ഷം രൂപയുടെ മരുന്ന് വാങ്ങൽ പൊജക്ടാണ് സ്ഥാപനം നടപ്പിലാക്കിയത്.

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ജനങ്ങളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കൃത്യമായ ഇടവേളകളിൽ ഹോമിയോപ്പതിക് ഇമ്മ്യൂൺ ബൂസ്റ്ററായ ആർസനിക് ആൽബം 30 പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും മുഴുവൻ ജനങ്ങൾക്കും വിതരണം ചെയ്തു. ഏകദേശം 25000 ത്തോളം പേർക്ക് പല ഘട്ടങ്ങളിലായി ഇതിൻറ പ്രയോജനം ലഭിച്ചു മാത്രമല്ല, സമീപ ഗ്രാമപഞ്ചായത്തായ ദേശമംഗലം പഞ്ചായത്തിലും വിതരണം നടത്തി.

ഹോം ക്വാറൻറൈനിലുള്ള പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉൾപ്പട്ടവർക്കും കോവിഡ് രോഗികൾക്കും ടെലിമെഡിസിൻ സംവിധാനം വഴി ആവശ്യമായ മരുന്നുകൾ അവരവരുടെ വീടുകളിലെത്തിച്ചു. ഏകദേശം 1000 ത്തോളം പേർക്ക് ഇതിൻറ പ്രയോജനം ലഭിച്ചു.

കരുതലോടെ മുന്നോട്ട് എന്ന പദ്ധതിയിലൂടെ സ്കൂൾകുട്ടികൾക്ക് ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്തു. ഈ പദ്ധതിയിലൂടെ ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തിലുമായി ഏകദേശം 1000 ത്തോളം കുട്ടികൾക്ക് ഇതിൻറെ പ്രയോജനം ലഭിച്ചു.

2021 അവസാനത്തോടെ ആശുപത്രിയിൽ ഓഫീസ് കംപ്യൂട്ടർവത്കരണം , കടലാസ് രഹിത ഓഫീസ്, ടോക്കൺ സിസ്റ്റം , അംഗപരിമിതർക്കുള്ള ശൌചാലയം , വാട്ടർ പ്യൂരിഫയർ, എയർകണ്ടീഷൻ ചെയ്ത ഫാർമസി തുടങ്ങിയ ഭൌതിക സാഹചര്യങ്ങൾ ഏർപ്പെടുത്തി.

വെല്ലുവിളി , വികസന വിടവ്, പ്രശ്ന വിശകലനം പരിഹാരസാധ്യതകൾ

പുനർനിർമിതി നടത്തുന്നതിന് ആവശ്യമായ സ്ഥലത്തിൻറ അപര്യാപ്തതയാണ് ഇപ്പോഴുള്ള പ്രധാന വെല്ലുവിളി, ലാബ് സൌകര്യം , ഭിന്നശേഷി സൌഹൃദ ശൌചാലയം തുടങ്ങിയവ നിർമിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇതിനുവേണ്ടി സ്ഥാപനത്തിൻറെ ചുറ്റുവട്ടത്തുനിന്നും സ്ഥലം കണ്ടെത്തണം. ഹരിത സ്ഥാപനമാക്കുന്നതിനുവേണ്ടി ചെടികൾ നട്ടുപിടിപ്പിക്കേണ്ടിയിരിക്കുന്നു.

ശുദ്ധജലം കുഴൽക്കിണറിൽ നിന്നും ലഭ്യമല്ലാത്തതിനാൽ വെള്ളം ശുദ്ധീകരിക്കുന്നതിനാവശ്യമായ സംവിധാനം സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇതിന് മുൻതൂക്കം നൽകി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം . സ്ഥാപനത്തിനകത്ത് ഫീഡിംഗ്റൂം, ഫാർമസിയുടെ സൌകര്യം എന്നിവ ശരിയാക്കണം.

വികസന പരിപ്രേക്ഷ്യം

കൂടുതൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തി സ്ഥാപനത്തെ എച്ച്. ഡബ്ല്യു. സി സെൻറർ, മാതൃക ഡിസ്പെൻസറി തുടങ്ങിയ തലത്തിലേക്ക് ഉയർത്തുക, വരും കാലങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ചികിത്സാസൌകര്യങ്ങൾ നൽകുന്നതിനുവേണ്ടി കിടത്തി ചികിത്സാ സൌകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുക.

സംയോജന സാധ്യതകൾ

മൃഗസംരംക്ഷണം, കാർഷികപുരോഗതി, തുടങ്ങിയ മേഖലയിലേക്ക് അലോപ്പതിയുടെ പ്രയോജനം ലഭ്യമാക്കുക.

സാന്ത്വനചികിത്സാപദ്ധതികളിൽ അലോപ്പതിയെ കൂടുതൽ ഉൾപ്പെടുത്തുക. ജീവിതശൈലി രോഗങ്ങൾ സമൂഹത്തിൽനിന്നും നിർമാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടെ ആയുർവ്വേദ – യോഗ – പ്രകൃതി ചികിത്സാ രീതികളെ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുക, അതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക. രോഗങ്ങളില്ലാത്ത സമൂഹം അതാവട്ടെ നമ്മുടെ ഏറ്റവും ആത്യന്തികമായവികസന ലക്ഷ്യം ഇൻവർട്ടർ/ സോളാർ സംവിധാനം, ലാബുകളുടെ നവീകരണം, തുടങ്ങിയ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

ഫോറം 3

മുൻകാലമാതൃകാ/വിജയം കൈവരിച്ച പ്രൊജക്ടുകൾ

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് : ആരോഗ്യം		
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെപേര്	GEN/SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ചപ്രയോജനം(ഭൗതിക ല ക്ഷ്യം)	കൈവരിച്ചയഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ
1	**മരുന്ന് വാങ്ങൽ പ്രൊജക്ടാണ് എല്ലാവർഷവും വിജയകരമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്**						

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം ഗ്രാമപഞ്ചായത്ത്					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :ആരോഗ്യം		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെഅവസ്ഥ	ദീർഘകാലലക്ഷ്യം(2032–ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സരപദ്ധതിയിലെ ലക്ഷ്യം	പതിനാലാംപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1		പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുംപ്രയോജനം ലഭ്യമാക്കുക. സാംക്രമിക രോഗങ്ങൾക്കെതിരെയുള്ളജനങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക ജീവിതശൈലി രോഗങ്ങളിൽ നിന്നും ജനങ്ങളെവിമുക്തമാക്കുകആരോഗ്യകരമായ ജീവിതരീതിയിലേക്ക് ജനങ്ങളെ നയിക്കുക.		ജനറൽ ഒപി, സീതാലയം, സദ്ഗമയ പോസ്റ്റ് കോവിഡ്ക്ലിനിക്എന്നിവ സ്ഥാപനത്തിൽപ്രവർത്തിക്കുന്നു. ആരോഗ്യബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പികുന്നു.	കൂടുതൽ സ്പെഷാലിറ്റി ഒപികൾ ആരംഭിക്കുക. മാതൃക ഡിസ്പെൻസറിയായി ഉയർത്തുക. ലാബ്സൗകര്യം ലഭ്യമാക്കുക, സ്ഥാപനത്തെ ഡിജിറ്റൽ സംവിധാനത്തിലേക്ക് കൊണ്ടുവരുക.	same as above	പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായിഡിപ്പാർട്ട്മെൻറിൽനിന്നും തദ്ദേശസ്വയംഭരണാധികാരികളിൽ നിന്നും ആവശ്യമായ ഫണ്ടുംഅനുമതിയും സമാഹരിക്കുക.
സ്ഥലം: തിയ്യതി:						ഒപ്പ്: പേര് കൺവീനർ	

ആയുർവേദ ആശുപത്രി

(1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും)

1996 ൽ ഇന്നത്തെ പഞ്ചായത്തിലെ ആരോഗ്യാവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും ഇത്രയധികം ജനങ്ങളെ ബുദ്ധിമുട്ടിച്ചിരുന്നില്ല. COVID 19 ൻറെ പശ്ചാത്തലത്തിൽ മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും പിഞ്ചുക്കുഞ്ഞുങ്ങളുടെ പോലും ജീവിതത്തിൽ അനിവാര്യമായ കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇത് ശാരീരികമായും മാനസികമായും വെല്ലുവിളികൾ ഉയർത്തുന്നു.

തൃശ്ശൂർ ജില്ലയിലെ പ്രധാന കാർഷികമേഖലകളിലൊന്നായ ദേശമംഗലം 1996 കാലഘട്ടത്തിൽ കാർഷികരംഗത്ത് സ്വയം പര്യാപ്തത ഉണ്ടായിരുന്നതിനാൽ അന്യസംസ്ഥാന പച്ചക്കറികളേയും മറ്റും ഇത്രയധികം ആശ്രയിക്കേണ്ട അവസ്ഥ നിലവിലുണ്ടായിരുന്നില്ല എന്ന് രേഖകളിൽ നിന്നും അനുമാനിക്കാം. എന്നാൽ ഇന്ന് ആ അവസ്ഥയല്ല. നഗരപ്രദേശത്തോടു താരതമ്യം ചെയ്യുമ്പോളുള്ള വിഷലിപ്തമായ അന്യസംസ്ഥാന പച്ചക്കറികളിലുള്ള ആശ്രയം കാൻസർ വൃക്ക-കരൾ മുതലായ രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനക്ക് കാരണമായിതീർന്നിട്ടുണ്ട്.

ആ കാലയളവിൽ ജനങ്ങൾ ആയുർവ്വേദ ചികിത്സക്ക് ചെറുതിരുത്തി പഞ്ചകർമ്മ ഗവേഷണ കേന്ദ്രത്തെയാണ് ആശ്രയിച്ചിരിരുന്നത്. കുറെ നാട്ടുവൈദ്യൻമാരും അടിസ്ഥാനയോഗ്യത ഇല്ലാതെ ചികിത്സ നടത്തിയിരുന്നവരുമാണ് ആരോഗ്യരംഗം കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ഇന്ന് ജില്ലയിലെ തന്നെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവക്കുന്ന ആയുർവ്വേദ, ആധുനിക വൈദ്യസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

അന്നത്തെ രേഖകൾ പ്രകാരം 1996 ൽ കുഷ്ഠരോഗനിർമ്മാർജ്ജനയജ്ഞങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും അതുപയോഗപ്പെടുത്താനുള്ള വിമുഖത മൂലം ധാരാളം കുഷ്ഠരോഗികൾ പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ രോഗം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു.

അന്നത്തെ ഗ്രാമസഭയിൽ പ്രകൃതിചികിത്സാ സമ്പ്രദായത്തിലുള്ള ഒരു സ്ഥാപനത്തിന് ആവശ്യകത കൂടി ഉയർന്നു വന്നിരുന്നു. പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും വൃക്ക-കരൾ രോഗങ്ങളും മറ്റും അദ്ഭുതപൂർവ്വമായി വിളയാടുന്ന ഈ കാലയളവിൽ താരതമ്യേന ചിലവുകുറഞ്ഞ ജലചികിത്സ സൂര്യനമസ്കാരം മഡ് ബാത്ത് യോഗ മുതലായവ ക്രിയാക്രമങ്ങളുടെ ശാസ്ത്രീയമായ ഉപയോഗത്തിലൂടേയും ഭക്ഷണക്രമീകരണത്തിലൂടെയും ഔഷധ രഹിതമായി ഇപ്പോഴുള്ള ഒട്ടുമിക്ക രോഗങ്ങളെ ശമിപ്പിക്കാനും രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കാനും കഴിയുന്ന പ്രകൃതി യോഗ ചികിത്സാ ബിരുദധാരിയായ ഒരു BAMS ഡോക്ടറോടുകൂടി ആയുർവ്വേദ ആശുപത്രിയോടനുബന്ധിച്ച് നിയമിച്ചാൽ ജനങ്ങളുടെ ശാരീരിക മാനസികരോഗങ്ങളുടെ ചികിത്സക്കും ചികിത്സിച്ച് മാറിയ രോഗങ്ങൾ വീണ്ടും വരാതിരിക്കുന്നതിനും അതു വലിയ സാധ്യതയൊരുക്കും.

25 വർഷത്തെ വിലയിരുത്തൽ

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ തലശ്ശേരിയിൽ 2012 ൽ പ്രവർത്തനമാരംഭിച്ച ആയുർവ്വേദ ആശുപത്രിയുടെ പ്രാരംഭദശയിൽ മരുന്നിൻറേയും ഫർണിച്ചറുകളുടെയും മറ്റ അഭാവം കൊണ്ട് വളരെയധികം പ്രതിസന്ധികള്നേരിടേണ്ടിവന്നു.

എന്നാൽ പിന്നീട് പഞ്ചായത്തിൻറെ വർഷാവർഷമുള്ള മെയിൻറനൻസ് വഴി, സ്റ്റോറും,കിച്ചൻ റിനോവേഷൻ, മുകളിൽ ട്രസ് വർക്ക് ചെയ്ത അടച്ചുറപ്പാക്കി സ്റ്റോറും വർഷാവർഷം കൂടുതൽ മരുന്നിനുള്ള തുക എന്നിവ വഴി ഇപ്പോൾ താരതമ്യേന ഭേദപ്പെട്ട രീതിയിൽ സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

വർഷം തോറും പഞ്ചായത്തിൽ മെഡിക്കൽ ക്യാംപുകളും സ്കൂളുകളും അംഗൻവാടികളും കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകളും വയോജനങ്ങൾക്കും സ്ത്രീകൾക്കും വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് യോഗ പരിശീലനവും നടത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും പ്രൊജക്ടുവഴി വർഷാവർഷം ലഭിച്ച ഫണ്ട് വിവരങ്ങൾ

വർഷം	ഇനങ്ങൾ	തുക
2012 -2013	PURCHASE OF MEDICINE	100000/-
	HERBAL GARDEN ACCESSORIES	5780/-
2013-2014	PURCHASE OF MEDICINE	100000/-
2014-2015	PURCHASE OF MEDICINE	300000/-
2015-2016	PURCHASE OF MEDICINE	300000/-
2016-2017	PURCHASE OF MEDICINE	300000/-
2017-2018	PURCHASE OF MEDICINE	500000/-
2018-2019	PURCHASE OF MEDICINE	300000/-
2019-2020	PURCHASE OF MEDICINE	400000/-
	PURCHASE OF CHAIR AND ACCESSORIES	35000/-

	PURCHASE OF COMPUTER AND ACCESSORIES	45000/-
2020-2021	PURCHASE OF MEDICINE	500000/-
2021-2022	PURCHASE OF MEDICINE	500000/-
2022-23	PURCHASE OF MEDICINE	500000/-
2023-24	PURCHASE OF MEDICINE	500000/-

രോഗികളുടെ കണക്കുവിവരം ഇപ്രകാരമാണ്

YEAR	MALE	FEMALE	CHILDREN	TOTAL
2012–2013	5086	10083	456	15625
2013–2014	4253	11058	652	15983
2014–2015	4952	10255	824	16031
2015–2016	5028	10259	784	15071
2016–2017	4982	11025	752	16759
2017–2018	5152	10422	772	16346
2018–2019	5263	10542	874	16679
2019–2020	5426	10862	782	17070
2020–2021	5423	10882	578	17474
2021–2022	5806	8405	720	14931
2022–23	7437	9630	6626	23693

2020 ഏപ്രിൽ മുതൽ കോവിഡ് 19 ചികിത്സ പ്രതിരോധം കോവിഡാനന്തര ഉപദ്രവങ്ങൾ എന്നിവക്കു നടത്തിവരുന്ന ആയുർരക്ഷാ ക്ലിനിക്കിൽ ഏകദേശം 10000 ഓളം രോഗികൾ ചികിത്സ തേടി.

ഇതെല്ലാം ഫലപ്രദമായി ചെയ്യാൻ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണ്.

1. മെഡിക്കൽ ഓഫീസർ 1 -
2. ഫാർമസിസ്റ്റ് 1 -
3. അറ്റൻഡർ 1 -
4. പി.ടി.എസ്. -1

സ്കൂളുകളിൽ പലവിഷയങ്ങളിൽ അവബോധന ക്ലാസുകളും മെഡിക്കൽ ക്യാംപുകളും നടത്തേണ്ടതായും വരുന്നുണ്ട്.

നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഈ നിലയിൽ സുഗമമായി നടത്തിപ്പിന് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ

1. കംപ്യൂട്ടർ പരിജ്ഞാനമുള്ള ക്ലർക്ക് 1
2. ഫീൽഡ് അസിസ്റ്റൻറ് 1
3. പാലിയേറ്റീവ് കെയറിൽ വീടുകൾ തോറും കിടപ്പുരോഗികൾക്ക് ചെറിയ രീതിയിൽ മസാജും മറ്റും ചെയ്യാൻ സാധിക്കുന്ന ആയുർവ്വേദ തെറാപ്പിസ്റ്റ് ഇത്രയും സ്റ്റാഫിനെയെങ്കിലും വരുംകാലത്തുള്ള സ്ഥാപനത്തിൻറെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ് .

പ്രാഥമിക രക്തപരിശോധന ജീവിതശൈലീരോഗങ്ങളിൽ അനിവാര്യമായതിനാൽ ചെറിയ രീതിയിൽ ലാബ് സൌകര്യം ലഭ്യമാക്കണം.

വെല്ലുവിളികള് പ്രശ്നവിശകലനം പരിഹാരസാധ്യതകൾ

പകർച്ചവ്യാധികളുടെ അതിപ്രസരം അവമൂലം തുടർന്നു നിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾ, ജീവിതശൈലീരോഗങ്ങൾ, കുട്ടികളിലും ഗർഭിണികളിലും കൌമാരപ്രായക്കാരിലുമുള്ള പോഷകക്കുറവുമൂലമുള്ള രോഗങ്ങൾ, ശൈശവസഹജരോഗങ്ങൾ, വാർദ്ധക്യസഹജരോഗങ്ങൾ തുടങ്ങി ആയുർവ്വേദചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ദിനം പ്രതിവർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

മരുന്നുകളുടെ കണക്ക്, ഡിപ്പാർട്ട്മെൻറ് സംബന്ധമായും , പഞ്ചായത്ത്സംബന്ധമായുമുള്ള, കത്തിടപാടുകളും, കംപ്യൂട്ടർ വർക്കുകളും, ക്ലറിക്കൽവർക്കുകളും ബിൽ സംബന്ധമായ ജോലികളും ധാരാളമുണ്ട്. പാലിയേറ്റീവ് കെയറിൽ വീടുകളിൽ പോയി രോഗികളെ സന്ദർശിച്ച് മരുന്നുകൾ നൽകണം. പകർച്ചവ്യാധികളുടെ കാലത്ത് തീർച്ചയായും പ്രശ്നബാധിത മേഖലകൾ സന്ദർശിച്ച് അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ SOLAR PANEL , K PHONE CONNECTION രോഗികൾക്കും, വയോജനങ്ങൾക്കും, അംഗവൈകല്യമുള്ളവർക്കും ഉപയോഗിക്കാൻ പറ്റിയ ടോയ് ലറ്റ് എന്നിവ കോമ്പൌണ്ടിൽ ആവശ്യമാണ്.

നിലവിലുള്ള കോമ്പൌണ്ടിൽ സ്ഥലപരിമിതി വല്ലാതെ അനുഭവപ്പെടുന്നതായും , കിടത്തി ചികിൽസക്കുള്ള സൌകര്യം സർക്കാർ സംവിധാനത്തിൽ അടുത്തെങ്ങും ലഭ്യമല്ലാത്തതിനാലും വാഹന സൌകര്യമുള്ള 20 സെൻറോളം സ്ഥലം കണ്ടെത്തിയാൽ വികസന സാധ്യതകൾ ഏറും. 10 ബെഡുകളുള്ള കിടത്തി ചികിത്സാകേന്ദ്രം യോഗഹാൾ മുതലായവ ഈ പുതിയ കെട്ടിടത്തിൽ ഉൾപ്പെടുത്താം. OP പഞ്ചകർമ്മ ഹാളും ഉൾപ്പെടുത്താവുന്നതാണ്.

ആയുർവേദ ആശുപത്രി കെട്ടിടത്തിൽ സ്റ്റോര് ,ബാത്ത്റൂം, ടസ്സ് വർക്ക് ഉൾപ്പെടെ സൗകര്യങ്ങള് മെച്ചപ്പെടുത്തിയിട്ടുണ്ട്. KASH നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആശുപത്രിയിൽ കുഴൽ കിണർ നിർമ്മിച്ചുവെങ്കിലും ആവശ്യാനുസരണം വെള്ളം ലഭ്യമായിട്ടില്ല.

വികസന പരിപ്രേക്ഷ്യ

14ാം പഞ്ചവത്സരപദ്ധതിയിൽ സ്കൂളുകളും കുടുംബശ്രീയൂണിറ്റുകളും കേന്ദ്രീകരിച്ച് യോഗ പരിശീലനം . സ്കൂളുകളിൽ ആരോഗ്യബോധവത്കരണ ക്ലാസുകളും മെഡിക്കൽ ക്യാംപുകളും.

പൊതുജനങ്ങൾക്കു ടോയിലറ്റ് സംവിധാനം

ടോക്കൺ സ്സിസ്റ്റം (COMPUTERISED)

സ്ഥാപനം മുഴുവൻ TILE ഇടുക

<u>ദീർഘകാല ലക്ഷ്യങ്ങൾ</u>

പുതിയസ്ഥലം കണ്ടെത്തി കിടത്തി ചികിത്സാസൌകര്യം യോഗ ഹാൾ എന്നിവക്കുള്ള പുതിയ കെട്ടിടം സ്ഥാപിക്കുക.

കൂടുതൽസ്റ്റാഫിനെനിയമിക്കുക.

<u>പൊതുജനാരോഗ്യം</u>

- പകർച്ചാവ്യാധികൾ കുറഞ്ഞ എണ്ണത്തിൽ ഓരോ വർഷവും ഉണ്ടാവുന്നു
- ജലജന്യരോഗങ്ങൾക്ക് കക്കൂസ് കുഴിയും കിണറും തമ്മിലുള്ള അകലക്കുറവും ശുചിത്വ നിലവാരക്കുറവും തെറ്റായ ആരോഗ്യനിലകൾ എന്നിവയും കാരണമാവുന്നു
- പ്രതിരോധ കുത്തിവെപ്പ് എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

- കിടപ്പിലായവരും, വൃക്ക രോഗങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പാലിയേറ്റീവ് പരിപാടി വഴി സ്വാന്തനവും സേവനവും മരുന്നും ലഭിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയും പുരോഗതി വരുത്തേണ്ടതുണ്ട്

- രോഗപ്രതിരോധ,നിയന്ത്രണ,ബോധവൽക്കരണ പ്രവർത്തങ്ങള് നല്ല നിലയിൽ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിയുന്നു

- പകർച്ചവ്യാധികൾ ഒരു പരിധിവരെ പ്രതിരോധിക്കാൻ കഴിയുന്നു

- ദേശീയ ആരോഗ്യ പരിപാടികൾ പഞ്ചായത്ത് പ്രദേശത്ത് നല്ല നിലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

- ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആയതിനുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം ഗ്രാമപഞ്ചായത്ത്					വർക്കിംഗ്ഗ്രൂപ്പിൻറെ പേര് :ആരോഗ്യം		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെഅവസ്ഥ	ദീർഘകാലലക്ഷ്യം(2032–ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സരപദ്ധതിയിലെലക്ഷ്യം	പതിനാലാംപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1	AYURVEDAM	BETTER HEALTH STRATEGIES OF COMMUNICABLE DISEASES AND MANGEMENT OF LIFESTYLE			UPGRADATION OF DISPENSARY AS AN IP HOSPITAL		WITH THE HELP OF PANCHAYATH FUND
സ്ഥലം: തീയതി						ഒപ്പ്: പേര് കൺവീനർ	

വിദ്യാഭ്യാസം, സംസ്കാരം, കല കായിക വികസനം യുവജനക്ഷേമം

കൊണ്ടയൂർ GLP സ്കൂളിൽ പ്രവർത്തിച്ചിരുന്ന പാചകപ്പുര തീരെ ശോചനീയാമായിരുന്നു. ഡൈനിംഗ് ഹാൾ ഉണ്ടായിരുന്നില്ല. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി നഴ്സറി വിദ്യാലയങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അക്ഷരജ്ഞാനമില്ലാത്തവരായിരുന്നു വിദ്യാർഥികളിൽ ഏറെയും, അദ്ധ്യാപക ക്ഷാമം, വിദ്യാർഥികളുടെ എണ്ണക്കുട്ടുതൽ ക്ലാസ് മുറികളുടെ അഭാവം, വിദ്യാർഥി സമരങ്ങൾ എന്നിവ കുട്ടികളുടെ അക്കാദമി നിലവാരത്തെ സാരമായി ബാധിച്ചിരുന്നു. ഷിഫ്റ്റ് സമ്പ്രദായമാണ് അക്കാലത്ത് ഇവിടെ നിലനിലന്നിരുന്നത്. എൽ പി സ്കൂളിലാകട്ടെ നിരവധി കുറവുകൾ ഉണ്ടായിരുന്നു. ചുറ്റമതിലിൻറ അഭാവം, ശുചിത്വമുറികളുടെ ദൌർലഭ്യം, വെള്ളകെട്ടോടുകൂടിയ കളിമുറ്റം ക്ലാസ് മുറികളുടെ അഭാവം, അദ്ധ്യാപക ക്ഷാമം എന്നിവ കുട്ടികളുടെ പഠനത്തെ ബാധിച്ചു. യാത്രാസൌകര്യത്തിന് വാഹനങ്ങൾ ഇല്ലാതിരുന്നതും ഒരു കാരണമായിരുന്നു. ഇക്കാരണത്താൽ കൊണ്ടെല്ലാമായിരുന്നു ഈ വിദ്യാലയങ്ങളിലെ അക്കാദമികനിലവാരം പുറകോട്ട് പോയത്.

അംഗൻവാടികളുടെ എണ്ണം 2022 ൽ 20 ആയി. കൊണ്ടയൂർ GLP സ്കൂളിൽ 57 കുട്ടികളും 8 ക്ലാസ് മുറികളും 4 ഡിവിഷനുകളുമുണ്ട്. 8 ക്ലാസ് മുറികളിൽ 4 എണ്ണം അധ്യായനത്തിനും ബാക്കി ഓഫീസ്റൂം, കംപ്യൂട്ടർ റൂം, അംഗൻവാടി ,ലൈബ്രറി എന്നിവയും പ്രവർത്തിക്കുന്നു. സ്കൂളിൽ സ്റ്റേജും പാചകപുരയും ഉണ്ട്. പളളം GLPS ൽ 31 കുട്ടികളും 4 ഡിവിഷനുകളും 6 ക്ലാസ് മുറികളും ഉണ്ട്. പളളം സ്കൂളിൽ സ്റ്റേജും ഹാളും ഉണ്ട്. കലാ കായിക വികസനം ലക്ഷ്യം വച്ച കൊണ്ട് യുവജനങ്ങൾക്ക് (ക്ലബുകൾക്ക്) സ്പോർട്സ് കിറ്റ് നൽകാൻ കഴിഞ്ഞു. യുവജനങ്ങൾക്ക് ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, കളിസ്ഥലം നിർമ്മാണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

ദേശമംഗലം ഗവ: ഹയർസെക്കൻഡറി സ്കൂളിൽ MLA.UR.പ്രദീപ് അവർകളുടെ ശ്രമഫലമായി വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിച്ച തന്ന പ്ലാൻഫണ്ട് ഉപയോഗിച്ച് പണികഴിച്ച 17 ക്ലാസ്സ് മുറികളോടുകൂടിയ മനോഹരമായ കെട്ടിടം സ്കൂളിൻറ മുഖഛായ തന്നെ മാറ്റുന്നതിന് കാരണമായി. 2018 -019 ൽ നിർമ്മാണം പൂർത്തിയാക്കിയ ജൈവവൈവിദ്ധ്യപാർക്കായി രണ്ട് തവണ തിരഞ്ഞെടുക്കപ്പെട്ടു.പഠനം അനുഭവഭേദ്യമാക്കുന്നതിന് കുട്ടികള്ക്ക് വിദ്യാലയത്തിൽ പണികഴിച്ച പക്ഷി മൃഗാദികളുടെ സങ്കേതവും, മത്സ്യകുളവും,പച്ചക്കറി തോട്ടങ്ങളും നെൽകൃഷിയും , വാഴകൃഷിയും (പൂവൻ,നേന്ത്ര) 2021—22 കാലഘട്ടത്തിലും നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ കലാകായിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി 2018 മുതൽ ആരംഭിച്ച കളരി, കരാട്ടെ,.യോഗ നൃത്തം.സംഗീതം, ചെണ്ട, വയലിൻ, നീന്തൽ പരിശീലനം എന്നിവ വിദ്യാലയത്തിലെ കുട്ടികള്ക്കും പഞ്ചായത്തിലെ മറ്റുകുട്ടികള്ക്കുമായി ഇപ്പോഴും വിദ്യാലത്തിൽ തുടർന്നുവരുന്നു. പ്രോഫഷണൽ കോഴ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിലെ കുട്ടികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ലാപ്ടോപ്പ് വിതരണം നടത്തിയത്. കുട്ടികള്ക്ക് വളരെ സഹായകമായി. 5 വായനശാലകൾ നല്ല രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. വായനശാലകള്ക്കുവേണ്ടി പുസ്തകങ്ങളും ദിനപത്രങ്ങളും മിക്ക വർഷങ്ങളിലും വിതരണം ചെയ്തിരുന്നു. അതുപോലെ തന്നെ ഗവ.എൽ.പി.സ്കൂളിനും ഗവ.എച്ച,എസിനും.

ദിനപത്രങ്ങൾ വിതരണം ചെയ്യുവരുന്നു, അതുപോലെ എൽ.പി സ്കൂളിനാവശ്യമായ ഫർണിച്ചറുകളും പഞ്ചായത്തിൽനിന്ന് ലഭിച്ചിരുന്നു.

96 കാഘട്ടത്തിൽ വളരെയധികം ശോചനാവസ്ഥയിലായിരുന്ന ഭൌതിക സാഹചര്യങ്ങൾ 2021 കാലഘട്ടം ആകുമ്പോഴേക്കും പുരോഗതി കൈവരിക്കാൻ തുടങ്ങി. ഐ.ടി മേഖലയിലും പഠനപുരോഗതിയിലും അക്കാദമിക നിലവാരത്തിലും മാത്രമല്ല അതിലുപരിയായി രക്ഷിതാക്കളുടെയും നാട്ടുകാരുടേയും പൂർണ്ണ പിന്തുണയും ഈ കാലഘട്ടത്തിൽ ലഭിക്കാൻ തുടങ്ങി. ഐ.ടി മേഖലയിലും പഠനപുരോഗതിയിലും അക്കാദമിക നിലവാരത്തിലും മാത്രമല്ല അതിലുപരിയായി രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പൂർണ്ണ പിൻതുണയും ഈ കാലഘട്ടത്തിൽ ലഭിക്കാൻ തുടങ്ങി, ഇതിലൂടെ വിദ്യാലയങ്ങൾ മികവിൻറ കേന്ദ്രങ്ങളാകുകയും ക്ലാസ് മുറികളെല്ലാം അന്താരാഷ്ട്രനിലവാരത്തിലെത്തിക്കുയരുകയും ഹൈടെക്ക് ആകുകയും ചെയ്തു. വിദ്യാഭ്യാസമേഖലയിലുണ്ടായ ഈ പുരോഗമനം നാടിൻറെ തന്നെ മാറ്റത്തിനും സാങ്കേതികമികവിനും കാരണമായി. ഇത്തരത്തിൽ വിദ്യാലയങ്ങൾ മികവിൻറെ കേന്ദ്രങ്ങളാക്കാൻ വേണ്ടി പ്രവർത്തിച്ച സംസ്ഥാനസർക്കാരിൻറ പ്രവർത്തനങ്ങളും ഇവിടത്തെ അധ്യാപകരുടേയും പി.ടി.എ യുടെയും പ്രപർത്തനങ്ങളും മുതൽക്കൂട്ടായി. കുട്ടികളുടെ വായനാശീലം ഉയർത്തുന്നതിനായി മികവാർന്ന രീതിയിൽ ലൈബ്രറി സൌകര്യം സ്കൂളുകളിൽ ഒരുക്കിയിട്ടുണ്ട്.

വെല്ലുവിളികളും പ്രശ്ന പരിഹാരങ്ങളും

രക്ഷിതാക്കള്ക്കായി സ്പോക്കൺ ഇംഗ്ളീഷ്, ഹിന്ദി, ക്ലാസുകളും പി.എസ്. സി. ക്ലാസ്സുകളും സ്പോർട്ടസ് പരിശീലനവും നടത്തണം. എല്ലാ വീട്ടിലും വായനശീലം വളർത്തുക എന്ന ലക്ഷ്യം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറികൾ ഒരുക്കാവുന്നതാണ്. എസ്. എ.സ്.എൽ.സി , പ്ലസ്ടു. വിജയശതമാനം ഇനിയും 100 ശതമാനത്തിൽ എത്തിയിട്ടില്ല എന്നത് ഒരു വെല്ലുവിളിയായി തുടരുന്നു. മുതിർന്നവർക്കും കുട്ടികൾക്കും, പ്രായമായവർക്കും വേണ്ടിയുളള സാഹിത്യ സദസ്സുകൾ ഒരുക്കാവുന്നതാണ്.

ഓരോ വീട്ടിലും ഓരോ സർക്കാർ ഉദ്യോസ്ഥർ എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് അതിനു വേണ്ട പരിശീലനങ്ങൾ നടത്തണം. യുവജനക്ഷേമം മുൻനിർത്തികൊണ്ട് ക്ലബ്ബുകളെ ശാക്തീകരിക്കുക, നീന്തൽ, യോഗ, കരാട്ടെ,കളരി, ചിത്രരചന,,സംഗീതം, നൃത്തം, മറ്റു വാദ്യോപകരണങ്ങൾ എന്നിവയുടെ പരിശീലനങ്ങൾ തുടങ്ങാവുന്നതാണ്. വയോജനങ്ങൾക്കായി ലൈബ്രറി കൂടി ഇവിടെ ഒരുക്കാവുന്നതാണ്.

ഓരോ വാർഡിലും ബാലസഭകൾ സജ്ഞമാക്കണം. വനിതാക്ലബ്ബുകൾ ഉണ്ടായിരിക്കണം . എൽ പി സ്കൂളുകളിൽ വിദ്യാർഥികൾക്കായി കളിസ്ഥലം ഇല്ലാത്തത് ഒരു കുറവുതന്നെയാണ്. വിദ്യാർഥികൾക്കായി പാർക്ക് ഉണ്ടായാൽ നന്നായിരുന്നു.

ഭിന്നശേഷിക്കാർ നിർമിച്ച ഉൽപന്നങ്ങളും നിർമാണ സാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള മേളകൾ എല്ലാ ആഴ്ചകളിലും സംഘടിപ്പിക്കണം. അതുപോല ഔഷധസസ്യ പരിപാലനം പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ക്ലബ്ബുകൾ സ്കൂളുകൾ എന്നിവ വഴി അതിനായുള്ള സൈകര്യങ്ങൾ ഒരുക്കാവുന്നതാണ്.

വയോജനങ്ങൾക്കായി യോഗ അതുപോലെ ആട്, പശു, എന്നിവ വളർത്തൽ , ജൈവ പച്ചക്കറി കൃഷി , നെൽകൃഷി,തെങ്ങ് ഉൽപന്നങ്ങൾ എന്നിവ തുടങ്ങാവുന്നതാണ്. അതുപോലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മഞ്ഞൾ, വാഴകൃഷി, ചേന, ഇഞ്ചി, കച്ചോലം, ശതാവരി,കുറുന്തോട്ടി, എന്നിവ കൃഷി ചെയ്യാവുന്നതാണ്. മൃഗസംരക്ഷണ പരിപോഷിപ്പിക്കുന്നതിനു വഴി സ്കൂളിലേക്ക് ആവശ്യമായ കോഴിമുട്ട സംഘടിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ

അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും ഇപ്പോഴത്തെ സ്ഥിതി വിവരകണക്ക്.

നം.	സ്കൂളിൻറ പേര്	അദ്ധ്യാപകർ	വിദ്യാർഥികൾ			പട്ടികജാതി വിദ്യാർഥികൾ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. എൽ.പി. കൊണ്ടയൂർ	6	37	20	59	17	14	31
2	എ. യു.പി.സ്കൂൾ തലശ്ശേരി	18	196	169	365	22	28	50
3	ഗവ. ഹൈസ്കൂൾ ദേശമംഗലം	56	782	897	1679	118	127	245
	ആകെ	93	1304	1359	2663	287	199	486

വിദ്യാലയ സൌകര്യങ്ങൾ

ക്രമ നം.	സ്കൂളിൻറെ പേര്	വിസ്തീർണ്ണം ഏക്കറിൽ	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ	പി.ടി.എ
1.	ഗവ. എൽ.പി. കൊണ്ടയൂർ	0.71 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	എ. യു.പി.സ്കൾ തലശ്ശേരി	2 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	ഗവ. ഹൈസ്കൾ ദേശമംഗലം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

കുടിവെള്ളം പൊതുമരാമത്ത്, ശുചിത്വം

1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

പൊതു മാരാമത്ത് , കുടിവെള്ളം, ശുചിത്വം എന്നി മേഖലകളിൽ അസൂയാവഹമായ പുരോഗതിയാണ് ദേശമംഗലം ഗ്രാമ പഞ്ചായത്തിനുണ്ടായത്. പൊതുമരാമത്തിന്റെ അനുബന്ധ ഘടകമായ റോഡ് നിർമ്മാണമാകുന്നു ആദ്യം ചർച്ച ചെയ്യുന്നത്. ഏറ്റവും ശ്രദ്ധേയമായ മാറ്റം റോഡ് നിർമ്മാണത്തിൽ നമുക്ക് കൈവരിക്കുവാൻ സാധിച്ചു.

1996 ലെ റോഡുകളുടെ അവസ്ഥയെ പറ്റിപ്രദിപാദിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ 122 കിലോ മീറ്റർ മണ്ണ് റോഡുകളും 5കിലോ മീറ്റർ മെറ്റൽ റോഡുകളും 10 കിലോ മീറ്റർ ടാർ ചെയ്ത റോഡുകളും ആകുന്നു ഉണ്ടായിരുന്നത്. കൂടാതെ 10 കിലോ മീറ്റർ PWD ടാർ ചെയ്ത റോഡുകളും ഉണ്ടായിരുന്നു. ഇന്നിപ്പോൾ പഞ്ചായത്തിൽ 39.44 കിലോമീറ്റര് ഒഴികെയുള്ള റോഡുകൾ സഞ്ചാര യോഗ്യമാകുന്നു . ഇതിൽ 67.31 കിലോമീറ്റര് ടാർ റോഡുകളും 7.69 കിലോമീറ്റര് കോൺക്രീറ്റ് റോഡുകളും ഉൾപ്പെടുന്നു. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 3.0 കിലോമീറ്റര് കോൺക്രീറ്റ് റോഡുകളും നിർമ്മിക്കുകയുണ്ടായി. പഞ്ചായത്തിലൂടെ കടന്നു പോകുന്ന എല്ലാ PWD റോഡുകളുടെയും പുനരുദ്ധാരണം നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചു നടന്നു കൊണ്ടിരിക്കയാണ്. റോഡുകളുടെ സുരക്ഷക്കായുള്ള കാനകളുടെ നിർമ്മാണവും ഇതിൽ പെടുന്നു. PWD റോഡുകളുടെ വശങ്ങളിൽ ഉള്ള കാനകൾക്കു പുറമെ പഞ്ചായത്തു

റോഡുകളുടെ വശങ്ങളിലും കാന നിർമ്മിക്കുവാൻ നമ്മുക്ക് സാധിച്ചീട്ടുണ്ട്.. പൊതു കെട്ടിടങ്ങളുടെ നിർമാണത്തിൽ വലിയ മുന്നേറ്റം നടത്തുവാൻ നമ്മുക്ക് സാധിച്ചു

1996 ൽ രണ്ടു വിദ്യാഭാസ സ്ഥാപനങ്ങൾ ആണ് നമ്മുക്ക് ഉണ്ടായിരുന്നത്. ദേശമംഗലം ഹൈസ്കൂൾ , കൊണ്ടയൂർ എൽപി സ്കൂൾ എന്നിവ. എല്ലാ സ്കൂളുകളും ഓടുമേഞ്ഞതും ഷീറ്റ് ഇട്ടതും ആയിരുന്നു. ഇപ്പോൾ ഹൈ സ്കൂൾ ഹയർ സെക്കന്ററി സ്കൂൾ ആകുകയും മുന്ന് കോൺക്രീറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു . എൽപി സ്കൂളിന് രണ്ടു നിലകൾ ഉള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ട് , എയ്ഡഡ് സ്കൂൾ ആയ എ യൂ പി സ്കൂൾ തലശ്ശേരി ഇപ്പോഴും ഓടുമേഞ്ഞ / അഥവാ ഷീറ്റ് മേഞ്ഞ കെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നത്. സ്വാകര്യ മേഖലയിൽ അൺ എയ്ഡഡ് സ്കൂൾ ആയി നെഹ്റു പബ്ലിക് രണ്ടു നിലകൾ ഉള്ള കോൺക്രീറ്റ് കെട്ടിടത്തിൽ ദേശമംഗലം കൂട്ടുപാതയിൽ പ്രവർത്തിച്ചു വരുന്നു

1996 ൽ ആകെ പതിനഞ്ചു അംഗൻവാടികൾ ആണ് നമ്മുക്ക് ഉണ്ടായിരുന്നത്. ഇതിൽ അഞ്ചെണ്ണത്തിന് മാത്രമേ സ്വന്തമായി സ്ഥലം ഉണ്ടായിരുന്നുള്ളു ബാക്കി അംഗൻവാടികൾ വാടക കെട്ടിടങ്ങളിൽ ആണ് പ്രവർത്തിച്ചിരുന്നത് . ഇന്ന് നമ്മുക്ക് ഇരുപത് അംഗൻവാടികൾ പ്രവർത്തിക്കുന്നതായിട്ടുണ്ട് എല്ലാറ്റിനും സ്വന്തം സ്ഥലം ഉണ്ട് . കൂടാതെ എല്ലാ അംഗന്വാടികളും വൈദ്യുതികരിച്ചതും കുടിവെള്ള സൗകര്യം ഉള്ള തും ആകുന്നു . മാത്രമല്ല പഞ്ചായത്തിൽ ഒരു സ്മാർട്ട് അംഗണവാടിയും നിലവിലുണ്ട്. ഇത് പഞ്ചായത്തിന്റെ എടുത്തു പറയേണ്ട വലിയ നേട്ടമാണ്.

1996 ൽ ഒരു പൊതുജന ആരോഗ്യ കേന്ദ്രമാണ് ഉണ്ടായിരുന്നത്

ഇപ്പോൾ ഈ കെട്ടിടം നവീകരിക്കുകയും അനുബന്ധ കെട്ടിടങ്ങൾ സ്ഥാപിക്കുകയും ചെയ്തു . ഇപ്പോൾ നമുക്ക് സ്വന്തമായി ആയുർവേദ ആശുപത്രി , കുടുംബാരോഗ്യ കേന്ദ്രം എന്നിവയും . ദേശമംഗലം ഒരു മൃഗാശുപത്രിയും , പള്ളം , കൊണ്ടയൂർ എന്നിവടങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ഓരോ സബ് സെന്റർ വീതം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

1996 നെ അപേക്ഷിച്ചു ഇപ്പോൾ കൃഷി ഭവൻ, പകൽ വീട് , വയോജന പാർക്ക് , എഫ് എച് സി കമ്മ്യൂണിറ്റി കെട്ടിടം , എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

കുടിവെള്ള മാകുന്നു മൂന്നാമതായി ചർച്ച ചെയ്യുന്നത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പൊതു കിണറുകളുടെയും കുഴൽ കിണറുകളുടെയും നിർമാണത്തിൽ വലിയ മുന്നേറ്റം നടത്തുവാൻ നമ്മുക്ക് സാധിച്ചു

1996 ൽ പട്ടിക ജാതി കോളനികളെ കേന്ദ്രികരിച്ചു ഉണ്ടായിരുന്ന 12 പൊതു കിണറുകളും 17 കുഴൽ കിണറുകൾക്കും പുറമെ പൊതുകുളങ്ങളും ജല സ്രോതസ്സുകൾ ആയി ഉപയോഗിച്ചിരുന്നു

ഇന്നിപ്പോൾ നമുക്ക് ജലലഭ്യത യുള്ള 44 കുഴൽ കിണറുകളും അനുബന്ധ ജലവിതരണ സംവിധാനങ്ങളും 36 പൊതു കിണറുകളും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ 15 പൊതു കുളങ്ങൾ ഉണ്ടെങ്കിലും വേനലിൽ വറ്റാത്തവ 8 എണ്ണമാകുന്നു . 8 കുളങ്ങൾ മാത്രമാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്

ശുചിത്വ മേഖലയിൽ 1996 നെ അപേക്ഷിച്ച കൂടുതൽ മുന്നേറുവാൻ നമ്മുക്ക് സാധിച്ചു. ശുചിത്വ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പൊതു ശൗ ചാലയം അഥവാ ടേക്ക് എ ബ്രേക്ക് , ഖരമാലിന്യ സംസ്കരണത്തിന് സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്റർ എന്നിവ ഇതിനു ഉദാഹരണങ്ങൾ ആകുന്നു

25 വർഷത്തെ വിലയിരുത്തൽ

ഈ കാലയളവിൽ പൊതു മാരാമത്ത് കുടിവെള്ളം ശുചിത്വം എന്നി മേഖലകളിൽ ഏറ്റവും സ്ളാഘനീയമായ വികസനമാണ് നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കാഴ്ച്ച വയ്ക്കുവാനായത്

പൊതുമരാമത്തിന്റെ അനുബന്ധ ഘടകമായ റോഡ് നിർമ്മാണമാകുന്നു ആദ്യം ചർച്ച ചെയ്യുന്നത്. ഏറ്റവും ശ്രെദ്ധേയമായ മാറ്റം റോഡ് നിർമ്മാണത്തിൽ നമുക്ക് കൈവരിക്കുവാൻ സാധിച്ചു. ആകെ ഉണ്ടായിരുന്ന മണ്ണ് റോഡുകളിൽ മുന്നിൽ ഒരുഭാഗം ഒഴികെ എല്ലാം ഗതാഗത യോഗ്യമാക്കുവാൻ സാധിച്ചു.

1996 ലെ റോഡുകളുടെ അവസ്ഥയും 25 വർഷത്തിന് ശേഷമുള്ള അവസ്ഥയും താരതമ്യം ചെയ്യുമ്പോൾ അസൂയാവഹമായ പുരോഗതിയാണ് നമ്മുക്കുണ്ടായിരിക്കുന്നതു. 1996 മുതൽ 2008 വരെ ഈ പുരോഗതി സമാന്തര ശ്രേണി യിൽ ആയിരുന്നു എങ്കിലും 2008 മുതൽ 2021 വരെ ഇത് സമഗണിത ശ്രേണിയിൽ മുന്നോട്ടു പോകുകയായിരുന്നു. ഓരോ കാലഘട്ടത്തിലും ഉണ്ടായിരുന്ന ഭരണസമിതിയും അതിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്നവരുടെ ഇച്ഛാ ശക്തിയും ഇതിനു പ്രധാന കാരണങ്ങൾ ആകുന്നു 2008 ൽ രൂപീകൃതമായ തദ്ദേശ സ്വയഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സംഭാവന എടുത്തു പറയേണ്ടതാകുന്നു.

ഈ മേഖലയിൽ നമ്മുക്ക് പഞ്ചായത്തു വിഹിതത്തിനു പുറമെ മറ്റു ഫണ്ടുകൾ ചിലവാക്കി റോഡുകളുടെ പുനരുദ്ധാരണം നടത്തുവാൻ സാധിച്ചു ജില്ലാ പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വറവട്ടൂർ റോഡ് . മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന ഫണ്ട് ഉപയോഗിച്ച് നവീകരിച്ച റോഡുകൾ എന്നിവ ഉദാഹരണങ്ങൾ ആകുന്നു . ഈ ഫണ്ടുകൾ നമുക്ക് നല്കാൻ രാഷ്ട്രീയ നേതൃത്വവും അധികാരികളും നടത്തിയ ഇടപെടലുകൾ നാമെന്നും സ്മരിക്കേണ്ടതാകുന്നു.

പൊതുമരാമത്തിന്റെ അനുബന്ധ ഘടകമായ കെട്ടിട നിർമ്മാണമാകുന്നു രണ്ടാമതായി ചർച്ച ചെയ്യുന്നത്. ഈ കാലയളവിൽ പൊതു കെട്ടിടങ്ങളുടെ നിർമാണത്തിൽ വലിയ മുന്നേറ്റം നടത്തുവാൻ നമ്മുക്ക് സാധിച്ചു

1996 നു ശേഷം വരെയുള്ള പുരോഗതി വിലയിരുത്തുമ്പോൾ പൊതു വിദ്യാഭ്യാസ രംഗത്ത് അതി ഗംഭിര മുന്നേറ്റമാണ് നാം നടത്തിയത് ഒരു ഓട് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ദേശമംഗലം ഹൈസ്കൂൾ ഇപ്പോൾ അന്താരാഷ്ട്ര നിലവാരമുള്ള രണ്ടു നിലകൾ ഉള്ള നാലു ആർ സി സി കെട്ടിടങ്ങളിൽ ആണ് ഇപ്പോൾ പ്രവർത്തിക്കുന്നത് . ഹൈസ്കൂൾ ഇപ്പോൾ +2 ബാച്ച് ഉൾപ്പെടുത്തി ഹയർ സെക്കന്ററി സ്കൂൾ ആയാണ് പ്രവർത്തിക്കുന്നത് . പഞ്ചായത്തിൽ ഒരു VHSE യും ITI യും സ്വകാര്യ മേഖലയിൽ ഒരു എഞ്ചിനിയറിംഗ് കോളേജും നിലവിലുണ്ട്.

ഈ മുന്നേറ്റത്തിന് സർക്കാരിന്റെ അകമഴിഞ്ഞ പ്രോൽസാഹനവും അന്നത്തെ മുഖ്യ മന്ത്രി യായിരുന്ന ബഹുമാനപെട്ട പിണറായി വിജയൻ സാറിന്റെയും അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ബഹുമാനപെട്ട ശ്രീ സി രവീന്ദ്രൻ സാറിന്റെ യും അന്നത്തെ ധനമന്ത്രിയായിരുന്ന ബഹുമാനപെട്ട ശ്രീ തോമസ് ഐസക് എന്നിവരുടെയും അവസരോചിതമായ ഇടപെടലുകളും ഇവിടെ പ്രത്യേകം പ്രദിപാദിക്കേണ്ടതാകുന്നു

1996 ൽ ആകെ പതിനഞ്ചു അംഗൻവാടികൾ ആകുന്നു ആണ് നമ്മുക്ക് ഉണ്ടായിരുന്നത്. ഇതിൽ അഞ്ചെണ്ണത്തിന് മാത്രമേ സ്വന്തമായി സ്ഥലം ഉണ്ടായിരുന്നുള്ളു ബാക്കി അംഗൻവാടികൾ വാടക കെട്ടിടങ്ങളിൽ ആണ് പ്രവർത്തിച്ചിരുന്നത് . ഇരുപത്തി അഞ്ചു വർഷത്തിന് ശേഷം നമ്മുക്ക് ഇരുപത്തി രണ്ടു അംഗൻവാടികൾ പ്രവർത്തിക്കുന്നതായിട്ടുണ്ട് എല്ലാറ്റിനും സ്വന്തം സ്ഥലം ഉണ്ട് . കൂടാതെ എല്ലാ അംഗനവാടികളും വൈദ്യുതികരിച്ചതും കുടിവെള്ള സൗകര്യം ഉള്ള തും ആകുന്നു . ഇത് പഞ്ചായത്തിന്റെ എടുത്തു പറയേണ്ട വലിയ നേട്ടമാണ്

1996 ൽ ഒരു പൊതുജന ആരോഗ്യ കേന്ദ്രമാണ് ഉണ്ടായിരുന്നത്

ഇപ്പോൾ ഈ കെട്ടിടം നവീകരിക്കുകയും അനുബന്ധ കെട്ടിടങ്ങൾ സ്ഥാപിക്കുകയും ചെയ്തു . ഇപ്പോൾ നമുക്ക് സ്വന്തമായി ആയുർവേദ ആശുപത്രി ഹോമിയോ ആശുപത്രി എന്നിവയും . ദേശമംഗലത്ത് ഒരു മൃഗാശുപത്രിയും പ്രവർത്തിക്കുന്നു. അറ്റ കുറ്റ പണികൾക്കായി സർക്കാർ ഫണ്ട് അനുവദിക്കുന്നതിനാൽ ഇവയുടെ പരിപാലനം സാധ്യമാവുകയും മിക്കവാറും കെട്ടിടങ്ങൾക്കു സംരക്ഷണ മായി ഷീറ്റ് മേയുവാനും സാധിച്ചു. ആയതിനാൽ കെട്ടിടങ്ങൾ കേടു വരാതെ നിലനിർത്തുവാൻ സാധിച്ചു

1996 ൽ പി എച് സി ക്കു കീഴിൽ ആകെ രണ്ട് സബ് സെന്റർ ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു പോരുന്നു. സർക്കാർ ഫണ്ട് അനുവദിക്കുന്നതിനാൽ ഇവയുടെ അറ്റ കുറ്റ പണികൾ കാലാകാലങ്ങളിൽ ചെയ്യുവാൻ സാധിക്കുകയും കെട്ടിടം കേടുകൂടാതെ നിലനിർത്തുവാനും സാധിക്കുന്നു

1996 നെ അപേക്ഷിച്ചു 25 വർഷത്തെ നേട്ടമായി ഇപ്പോൾ കൃഷി ഭവൻ , ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ , വയോജന പാർക്ക് , എഫ് എച് സി കമ്മ്യൂണിറ്റി കെട്ടിടം , രണ്ടു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ , രണ്ടു സാംസ്കാരിക നിലയങ്ങൾ , വായനശാല എന്നിവക്ക് സ്ഥലം കണ്ടെത്തുവാനും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനും സാധിച്ചു ഈ കാലയളവിൽ പഞ്ചായത്തിന് സമീപം പൊതു സ്ഥലത്തു ഒരു സ്റ്റേജും നിർമ്മിക്കുവാൻ സാധിച്ചു പഞ്ചായത്തിന് 100 മീറ്റർ മാറി സ്ഥിതിചെയ്യുന്ന വനിതാ തൊഴിൽ പരിശീലാ കേന്ദ്രം രണ്ടു നിലകളിൽ ആയി ഏതൊരു പൊതു പരിപാടിക്കും ഉതകുന്ന വിധത്തിൽ സുസ്സജ്ജമാകുന്നു

അടുത്തതായി പഞ്ചായത്തു നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളെ പറ്റിയാകുന്നു ചർച്ച ചെയ്യുന്നത് കുടിവെള്ള ക്ഷാമംപരിഹരിക്കുന്നതിനായി പൊതു കിണറുകളുടെയും കുഴൽ കിണറുകളുടെയും നിർമ്മാണത്തിലും അതിനോടനുബന്ധിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലും വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചു. ജല അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതി വളരെ വിജയകരമായി മിക്കവാറും എല്ലാ വാർഡുകളിലും കുടിവെള്ളമെത്തിക്കുന്നു.

കഴിഞ്ഞ വര്ഷം മുതൽ നടപ്പിലാക്കി വരുന്ന സർക്കാർ പദ്ധതിയായ ജലജീവൻ മിഷൻ ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നു.

സ്ഥിരം കുടിവെള്ള സ്രോതസ്സുകളായ കുളങ്ങളുടെ പരിപാലനവും സംരക്ഷണവും കൂടി ഇപ്പോൾ നടപ്പിലാക്കി തുടങ്ങിയിരിക്കുന്നു .

ഭൂചിത്വ മേഖലയിൽ 1996 നെ അപേക്ഷിച്ചു 25 വർഷത്തെ കാലയളവിനുള്ളിൽ കൂടുതൽ മുന്നേറുവാൻ നമ്മുക്ക് സാധിച്ചു. ഭൂചിത്വ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പൊതു ശൗ ച്യാലയം അഥവാ ടേക്ക് എ ബ്രേക്ക് , ഖരമാലിന്യ സംസ്കരണത്തിന് സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്റർ , ഏറോബിക് സെന്റർ എന്നിവ ഇതിനു ഉദാഹരണങ്ങൾ ആകുന്നു. വില്ലജ് എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ വേസ്റ്റ് കളക്ഷൻ ചെയ്യുന്നതിന് വീടുകൾ തോറും ബിന്നുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു . വേസ്റ്റ് സംഭരിക്കുന്നതിനായി ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

ഫോറം 3

മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രൊജക്ടുകൾ

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം ഗ്രാമ പഞ്ചായത്ത്						വർക്കിംഗ് ഗ്രൂപ്പിൻറെ പേര് :പൊതുമരാമത്ത്	
ക്രമനമ്പർ	**മേഖല/ഉപമേഖല**	**പ്രൊജക്ടിൻറെ പേര്**	**GEN/SCSP/TSP**	**ചെലവഴിച്ച തുക**	**പ്രതീക്ഷിച്ച പ്രയോജനം(ഭൗതിക ലക്ഷ്യം)**	**കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൗതിക നേട്ടം)**	**വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ**
1	ഗതാഗതം/ റോഡുകൾ	2021-22 ആര്യംപ്പാടം റോഡ് റീ ടാറിംഗ് വാർഡ് 11	പൊതുവിഭാഗം	401626	ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
2	ഗതാഗതം/ റോഡുകൾ	2021-22 -അംബേദ്ക്കർ റോഡ് റീ ടാറിംഗ് വാർഡ് 15	പൊതുവിഭാഗം	1084308	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
3	ഗതാഗതം/ റോഡുകൾ	2021-22 പാറക്കൽ പള്ളിഞ്ഞാൽ റോഡ് റീ ടാറിംഗ് വാർഡ് 2	പൊതുവിഭാഗം	500937	വെള്ളക്കെട്ട് ഒഴിവാക്കി റോഡ് സംരക്ഷിക്കുക	വെള്ളക്കെട്ട് ഒഴിവായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

4	ഗതാഗതം/ റോഡുകൾ	2021-22 കിഴക്കേ കോളനി റോഡ് റീ ടാറിംഗ് വാർഡ് 3	പൊതുവി ഭാഗം	445063	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
5	ഗതാഗതം/ റോഡുകൾ	2021-22 കാളക്കല്ല് റോഡ് റീടാറിംഗ് വാർഡ് 6	പൊതുവി ഭാഗം	467258	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
6	ഗതാഗതം/ റോഡുകൾ	2021-22 പൂക്കാടം പൊന്നെങ്കന്നത്ത് റോഡ് റീ ടാറിംഗ് റീ കോൺക്രീറ്റിംഗ് വാർഡ് 2	പൊതുവി ഭാഗം	229799	വെള്ളക്കെട്ട്ഒഴിവാക്കി റോഡ് സംരക്ഷിക്കുക	വെള്ളക്കെട്ട് ഒഴിവായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
7	ഗതാഗതം/ റോഡുകൾ	2021-22 ചമതകുന്ന് റോഡ് കാന നിർമ്മാണം വാർഡ് 3	പൊതുവി ഭാഗം	497439	വെള്ളകെട്ട് ഒഴിവാക്കൽ	വെള്ളകെട്ട് ഒഴിവാക്കി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
8	ഗതാഗതം/ റോഡുകൾ	2021-22 കാഞ്ഞിക്കുണ്ടിൽ റോഡ് റീടാറിംഗ് വാർഡ് 7	പൊതുവി ഭാഗം	58124	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

9	ആരോഗ്യം	2021–22 കോവിഡ് വാക്സിനേഷൻ സെന്റർ ഷെഡ് നിർമ്മാണം എഫ്.എച്.സി ദേശമംഗലം	പൊതുവി ഭാഗം	199934	അടിസ്ഥാന സൗകര്യം മെച്ചപെടുത്തൽ	അടിസ്ഥാന സൗകര്യം മെച്ചപെടുത്തി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
10	കുടിവെള്ളം	2021–22 കാഞ്ഞിരകോട്ട കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 4	പൊതുവി ഭാഗം	43751	പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
11	ഗതാഗതം/ റോഡുകൾ	2021–22 പള്ളം കനാൽ റോഡ് റീടാറിംഗ്	പൊതുവി ഭാഗം	361402	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
12	ആരോഗ്യം	2021–22 തലശ്ശേരി സബ് സെന്റർ അറ്റകുറ്റ പണികൾ	പൊതുവി ഭാഗം	321911	അടിസ്ഥാന സൗകര്യംമെച്ചപ്പെടുത്തുക	അടിസ്ഥാന സൗകര്യംമെച്ചപ്പെടുത്തി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
13	ഗതാഗതം/ റോഡുകൾ	2021–22 പുലിയത്ത് റോഡ് പൂർത്തികരണം	പൊതുവി ഭാഗം	130914	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

14	ഗതാഗതം/ റോഡുകൾ	2021-22 പാലപറമ്പ് കൊണ്ടയൂർകുന്ൻ റോഡ് റാമ്പ്സൈഡ് കെട്ട്	പൊതുവി ഭാഗം	250282	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
15	കുടിവെള്ളം	2021-22 കാഞ്ഞിരകോട്ട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) വാർഡ് 4	എസ്.സി. പി	141460	പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
16	കുടിവെള്ളം	2021-22 എസ്.സി കുടിവെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും	എസ്.സി. പി	13468	പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
17	ഗതാഗതം/ റോഡുകൾ	2021-22 കൊട്ടിപ്പാറ മയിലാടിപ്പാറ ആറങ്ങോട്ടുക്കര റോഡ്	പൊതുവി ഭാഗം	2250960	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
18	കുടിവെള്ളം	2021-22 കള്ളിക്കുന്ൻ കോളനിയിലെക്ക് കിണറും മോട്ടോറും	എസ്.സി. പി	137411	പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

19	ഗതാഗതം/ റോഡുകൾ	2021-22 യത്തിംഖാന പാട്ടാറ റോഡ് റീ ടാറിംഗ് - വാർഡ് 13	പൊതുവി ഭാഗം	199545	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
20	ഗതാഗതം/ റോഡുകൾ	2021-22 കാട്ടൂർക്കാവ് നരസിംഹമൂർത്തി അമ്പലം റോഡ് റീ ടാറിംഗ് - വാർഡ് 1	പൊതുവി ഭാഗം	750947	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
21	ഗതാഗതം/ റോഡുകൾ	2021-22 പൂഞ്ചാലിൽ റോഡ് പൂർത്തികരണം	പൊതുവി ഭാഗം	112269	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
22	കുടിവെള്ളം	2021-22 കപ്പാരത്ത് പടി കിണറിന് മോട്ടോർ ഇലക്ട്രിഫിക്കേഷൻ മെയിൻറ്റനൻസ്	എസ്.സി. പി	120006	പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
23	കുടിവെള്ളം	2021-22 കൊണ്ടയൂർ സ്കൂളിൽ കുടിവെള്ളം	പൊതുവി ഭാഗം	79855	കുടിവെള്ളം ലഭ്യമാക്കുക	കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

24	ആരോഗ്യം	2021-22 ആയുർ വേദ ആശുപത്രിയിൽ ടസ്സ് വർക്ക് - വാർഡ് 13	പൊതുവി ഭാഗം	148745	വെള്ളക്കെട്ട്ഒഴിവാക്കി റോഡ് സംരക്ഷിക്കുക	വെള്ളക്കെട്ടിൽ നിന്നും ഒഴിവായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു
25	ഗതാഗതം/ റോഡുകൾ	2021-22 മന റോഡ് റീ ടാറിംഗ് വാർഡ് 7	പൊതുവി ഭാഗം	292789	ഗതാഗത സൗകര്യംമെച്ചപ്പെടുത്തുക	ഗതാഗത യോഗ്യമായി	പ്രദേശവാസികൾക്ക് ഉപകാരപ്രദമായി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചു

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്ടുകൾ

തദ്ദേശഭരണസ്ഥാപനത്തിൻറെ പേര്: ദേശമംഗലം						വർക്കിംഗ് ഗ്രൂപ്പിൻറെ പേര് :പൊതുമരാമത്ത്		
ക്രമനമ്പർ	മേഖല/ഉപമേഖല	പ്രൊജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ്യ പ്രയോജനം(ഭൗതിക നേട്ടം)	ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ	കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ

1	ഗതാഗതം/ റോഡുകൾ	2020-21 കൊറ്റമ്പത്തൂർ കോളനി റീ ടാറിംഗ് ആൻഡ് സൈഡ് കെട്ട് വാർഡ് – 9	പൊതുവിഭാഗം	0	ഗതാഗതസൗകര്യംമെച്ചപ്പെട്ടുത്തുക		**ഫോറസ്റ്റ് വകുപ്പിൻറെ അനുമതി ലഭിക്കാത്തത് മൂലം**	പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ സ്ഥലലഭ്യത കൂടി ഉറപ്പ് വരുത്തണം
2	കുടിവെള്ളം	2020-21 ആറ്റുപുറം കുടിവെള്ള പദ്ധതിക്ക് ടാങ്ക് – വാർഡ് 8	പൊതുവിഭാഗം	0	പ്രദേശവാസികൾക്ക് കുടിവെള്ളംലഭ്യമാക്കുക		**ഫോറസ്റ്റ് വകുപ്പിൻറെ അനുമതി ലഭിക്കാത്തത് മൂലം**	പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ സ്ഥലലഭ്യത കൂടി ഉറപ്പ് വരുത്തണം
3	കുടിവെള്ളം /പൊതു കുടിവെള്ള പരിപാടികൾ	2020-21 വെള്ളിയാട് കിണർആഴം കൂട്ടൽ – വാർഡ് 2	പൊതുവിഭാഗം	0	പ്രദേശവാസികൾക്ക് കുടിവെള്ളംലഭ്യമാക്കുക		**ഉക ഭൂജല വകുപ്പിൽ നിക്ഷേപിച്ചെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല**	
4	കുടിവെള്ളം	2020-21 മണ്ണേങ്കോട്ട് കോളനി കിണർ – വാർഡ് 15	പൊതുവിഭാഗം	0	പ്രദേശവാസികൾക്ക് കുടിവെള്ളംലഭ്യമാക്കുക		**ഉക ഭൂജല വകുപ്പിൽ നിക്ഷേപിച്ചെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല**	

5	കുടിവെള്ളം /പൊതു കുടിവെള്ള പരിപാടികൾ	2020–21 ചെറുകാട് കുടിവെള്ള പദ്ധതി – വാർഡ് 1	പൊതുവിഭാഗം	0	പ്രദേശവാസികൾക്ക് കുടിവെള്ളംലഭ്യമാക്കുക		**തുക ഭൂജല വകുപ്പിൽ നിക്ഷേപിച്ചെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല**	
സ്ഥലം:							ഒപ്പ്:	
തിയ്യതി:							പേര്:	
							കൺവീനർ:	
						.....(വർക്കിംഗ് ഗ്രൂപ്പ്)		
കുറിപ്പ് :	ഉപയോഗിക്കാതെ കിടക്കുന്നതോ പാതിവഴിയിൽ ഉപേക്ഷിച്ചതോ ആയ പ്രൊജക്ടുകളുടെയും ആസ്തികളുടെയും വിവരങ്ങൾ കൂടി നൽകണം							

വെല്ലു വിളികൾ ,വികസന വിടവുകൾ,പ്രശ്ന വിശകലനം ,പരിഹാര സാധ്യതകൾ

3.1 വെല്ലുവിളികൾ

നമ്മുടെ പഞ്ചായത്ത് വികസന കാര്യത്തിൽ വളരെ അധികം പുരോഗതി കൈവരിച്ചീട്ടുണ്ടെങ്കിലും അടിസ്ഥാന വികസന കാര്യത്തിൽ നമ്മൾ പുറകിലാണ്. പഞ്ചായത്തിന്റെ ഭരണ സിരാ കേന്ദ്രമായ ഓഫീസ് മന്ദിരത്തിന്റെ വിപുലീകരണം നമ്മുടെ ഏറ്റവും വലിയ വെല്ലു വിളിയാണ്. ഇപ്പോൾ നമ്മുടെ പഞ്ചായത്തു സ്ഥിതി ചെയ്യുന്നത് കേവലം 13.75 സെൻറ് സ്ഥലത്താകുന്നു. വഴിയോരത്തുള്ള ഈ കെട്ടിടം റോഡ് വികസനത്തിന് തടസ്സം നിൽക്കുന്ന ഒന്നാണ് .വളരെ ചെറിയൊരു പാർക്കിംഗ് സൗകര്യം മാത്രമാണുള്ളത്. ധാരാളം പൊതുജനങ്ങൾ വരുന്ന ഈ കെട്ടിടത്തിൽ ആളുകൾക്ക് കാത്തുനിൽക്കാനോ വിശ്രമിക്കാനോ സ്ഥലം ഇല്ല .വികലാംഗൻമാർക്കു ള്ള സൗകര്യങ്ങളും വളരെ പരിമിതമാകുന്നു. കെട്ടിടത്തിന്റെ മേൽക്കൂര ദ്രവിച്ചു തുടങ്ങിയിരിക്കുന്നു .വായുസഞ്ചാരം വളരെ കുറവുള്ള കെട്ടിടമാകുന്നു ഇത് . ഇവിടെ വൈദ്യുത കണക്ഷൻ ഉണ്ടെങ്കിലും ഇവിടെ എപ്പോഴും കരണ്ടു പോകുന്ന അവസ്ഥയാണ്.

ഈ കെട്ടിടത്തിനു പകരം പുതിയ കെട്ടിടം എന്നുള്ളത് ഏറ്റവും വലിയ ഒരു വെല്ലു വിളിയാണ് . പുതിയ കെട്ടിടത്തിന് ചുരുങ്ങിയത് 50 സെൻറ് സ്ഥലമെങ്കിലും ആവശ്യമായി വരും . ഈ സ്ഥലം അകയർ ചെയ്യുക എന്നത് ഏറ്റവും വലിയ വെല്ലുവിളിയാണ് . ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ഇതൊരു വലിയ വെല്ലുവിളിയാണ്

ധാരാളം ജലം മഴക്കാലത്ത് ലഭിക്കുന്നെങ്കിലും ഏറ്റവും കൂടുതൽ ജല ദൗർലഭ്യത അനുഭവപ്പെടുന്ന സ്ഥലമാണ് ദേശമംഗലം. എല്ലായിടത്തും കുടിവെള്ളത്തിനായി പൈപ്പ് ലൈൻ പദ്ധതികളെ ആശ്രയിക്കുന്നതായി കാണാം. എല്ലാ വീട്ടിലേക്കും കുടിവെള്ളമെത്തിക്കുക എന്നത് പഞ്ചായത്തിനുള്ള വലിയ ഒരു വെല്ലുവിളിയാണ്

കുടിവെള്ള സ്രോതസ്സുകൾ ആയി ധാരാളം കുളങ്ങൾ ഈ പഞ്ചായത്തിന് സ്വന്തമായിട്ട് ഉണ്ട് എന്നാൽ ഒരു പദ്ധതി പോലും ഇതിനോട് അനുബന്ധമായി ഇല്ല കുളങ്ങളിലെ വെള്ളം ശുദ്ധികരിച്ചു കുടിവെള്ളമാക്കുന്ന നൂതന പദ്ധതികൾ ഈ പഞ്ചായത്തിന് ഒരു വെല്ലുവിളിയാണ് ഇത്തരത്തിൽ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുക വഴി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുവാൻ സാധിക്കും ഈ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുക ഒരു വലിയ വെല്ലുവിളി യാണ്

നിലവിലെ റോഡുകളുടെ നവീകരണവും അതിനു വേണ്ടുന്ന ചിലവും മറ്റൊരു വെല്ലുവിളിയാണ് . ഭാരക്കൂടുതൽ ഉള്ള വാഹനങ്ങൾ പോകുന്ന സ്ഥലങ്ങളിൽ നിലവിലുള്ള റോഡിന്റെ ഘടന ഒട്ടും മതിയാകുന്നതല്ല . നമ്മുടെ പഞ്ചായത്തിൽ ഒന്നര കിലോമീറ്റർ വരുന്ന പുതിയ മാർഗം ഉപയോഗിച്ച് നവീകരിച്ച പാലക്കൽ തളി റോഡിന് ഏകദേശം മുപ്പതു ലക്ഷത്തോളം രൂപ ചിലവായിരുന്നു. ഇതിൽ നിന്നും പുതിയ തരം റോഡുകൾക്കുണ്ടാകാവുന്ന

ചെലവ് മനസ്സിലാക്കാവുന്നതാണ്. ഈ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുക ഒരു വലിയ വെല്ലുവിളി യാണ്

പൊതു കെട്ടിടങ്ങൾ കോൺക്രീറ്റ് ഫ്രെയിംഡ് സ്ട്രക്ച്ചർ ആകണമെന്നും മുന്ന് നിലക്കുള്ള ഫൌണ്ടേഷൻ ഉള്ളത് ആയിരിക്കണം എന്നും പൊതു മരാമത്ത് വകുപ്പിന്റെ പ്രേത്യേക നിർദേശം ഉണ്ട് . ഇത് പാലിക്കുമ്പോൾ പുതിയ കെട്ടിടങ്ങൾക്കു അമ്പതു ശതമാനമെങ്കിലും അധിക ചെലവ് പ്രതീക്ഷിക്കാവുന്നതാണ് . ഇതിനായി കൂടുതൽ പണം കണ്ടെത്തുക മറ്റൊരു വെല്ലുവിളിയാണ്

3.2 വികസന വിടവുകൾ

നമ്മുടെ പഞ്ചായത്ത് വികസന കാര്യത്തിൽ വളരെ അധികം പുരോഗതി കൈവരിച്ചീട്ടുണ്ടെങ്കിലും അടിസ്ഥാന വികസന കാര്യത്തിൽ നമ്മൾ പുറകിലാണ്

നമ്മുടെ പഞ്ചായത്തിൽ പൂർണതോതിൽ വികസനം പ്രാപിച്ച സ്ഥാപനങ്ങൾ എന്ന് കരുതാവുന്നത് ഹയർ സെക്കന്ററി സ്കൂൾ എൽ പി സ്കൂൾ എന്നി സർക്കാർ സ്ഥാപനങ്ങൾ ആകുന്നു . ഇതിൽ ൽ ഹയർ സെക്കന്ററി സ്കൂൾ കുടിവെള്ള വിതരണ കാര്യത്തിൽ പൂർണത കൈവരിച്ചീട്ടില്ല

നമ്മുടെ പഞ്ചായത്ത് ഓഫീസിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. വഴിയോരത്തുള്ള ഈ കെട്ടിടം റോഡ് വികസനത്തിന് തടസ്സം നിൽക്കുന്ന ഒന്നാണ്. ധാരാളം പൊതുജനങ്ങൾ വരുന്ന ഈ കെട്ടിടത്തിൽ ആളുകൾക്ക് കാത്തുനിൽക്കാനോ വിശ്രമിക്കാനോ സ്ഥലം ഇല്ല. വികലാംഗൻമാർക്കു ള്ള സൗകര്യങ്ങളും വളരെ പരിമിതമാകുന്നു. കെട്ടിടത്തിന്റെ മേൽക്കൂര ദ്രവിച്ചു തുടങ്ങിയിരിക്കുന്നു. വായുസഞ്ചാരം വളരെ കുറവുള്ള കെട്ടിടമാകുന്നു ഇത്. ഇവിടെ വൈദ്യുത കണക്ഷൻ ഉണ്ടെങ്കിലും എപ്പോഴും ഇവിടെ വൈദ്യുതി ഇല്ലാത്ത അവസ്ഥയാണ്. ഞ്ചായത്തിലെ മിക്ക കമ്പ്യൂട്ടറുകളും മറ്റു വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മറ്റു ഉപകരണങ്ങളും പെട്ടന്ന് കേടാകുന്ന അവസ്ഥ സംചാതമാകുന്നു പഞ്ചായത്തിലേക്ക് വൈദ്യുതിക്ക് ഒരു സ്ഥിരം സംവിധാനം സ്ഥാപിക്കേണ്ടത് ഒരു വലിയ ആവശ്യവും ആഴത്തിലേക്ക് പണം കണ്ടെത്തുക ഒരു വികസന വിടവായി കണക്കാക്കാവുന്നതാകുന്നു.

ധാരാളം ജലം മഴക്കാലത്ത് ലഭിക്കുന്നെങ്കിലും ഏറ്റവും കൂടുതൽ ജല ദൗർലഭ്യത അനുഭവപ്പെടുന്ന സ്ഥലമാണ് ദേശമംഗലം . എല്ലായിടത്തും കുടിവെള്ളത്തിനായി പൈപ്പ് ലൈൻ പദ്ധതികളെ ആശ്രയിക്കുന്നതായി കാണാം .ഇതൊരു വികസന പരിമിതിയായി കണക്കാക്കാം

കുടിവെള്ള സ്രോതസ്സുകൾ ആയി ധാരാളം കുളങ്ങൾ ഈ പഞ്ചായത്തിന് സ്വന്തമായിട്ട് ഉണ്ട് എന്നാൽ ഒരു പദ്ധതി പോലും ഇതിനോട് അനുബന്ധമായി ഇല്ല ഇതൊരു വികസന വിടവായി കണക്കാക്കാം

നിലവിലെ റോഡുകളുടെ നവീകരണവും അതിനു വേണ്ടുന്ന ചിലവും മറ്റൊരു വെല്ലുവിളിയാണ്. ഭാരക്കൂടുതൽ ഉള്ള വാഹനങ്ങൾ പോകുന്ന സ്ഥലങ്ങളിൽ നിലവിലുള്ള റോഡിന്റെ ഘടന ഒട്ടും മതിയാകുന്നതല്ല. ഇതിനെ ഒരു വികസന വിടവായി അനുമാനിക്കാം

പൊതു കെട്ടിടങ്ങൾ കോൺക്രീറ്റ് ഫ്രെയിംഡ് സ്ട്രക്ചർ ആകണമെന്ന് പൊതു മരാമത്ത് വകുപ്പിന്റെ പ്രത്യേക നിർദേശം ഉണ്ട് . ഇത് പാലിക്കുമ്പോൾ പുതിയ കെട്ടിടങ്ങൾക്കു അമ്പതു ശതമാനമെങ്കിലും അധിക ചെലവ് പ്രതീക്ഷിക്കാവുന്നതാണ് . ഇതിനായി കൂടുതൽ പണം കണ്ടെത്തുക എന്നത് ബുദ്ധിമുട്ടേറിയ ഒരു കാര്യമാണ് . ഇതിനെ ഒരു വികസന വിടവായി അനുമാനിക്കാം.

3.3 1 <u>പ്രശ്ന വിശകലനം</u>

ഈ വിഷയത്തിനെ പറ്റി ചർച്ച ചെയ്യുമ്പോൾ ആദ്യം കെട്ടിട നിർമ്മാണത്തെ കുറിച്ചാകാം . പുതുതായി നിർമ്മിക്കുന്ന ഓരോ കെട്ടിടവും മുന്ന് നിലക്കുള്ള ഫൌണ്ടേഷൻ ഉള്ളതും കോൺക്രീറ്റ് ഫ്രെയിംഡ് ആകണമെന്നും നിർദ്ദേശമുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന ഭൂമി വിലയുടെ വർദ്ധനവ് മുന്നിൽ കണ്ടുകൊണ്ടാണ് സർക്കാർ ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഹയർ സെക്കൻഡറി സ്കൂളിലെയും എൽപി സ്കൂളിലെയും കെട്ടിടങ്ങൾ മാത്രമാണ് ഈ രീതിയിൽ പണികഴിപ്പിച്ചീട്ടുള്ളത്. ആയതിനാൽ ഓരോ പുതിയ കെട്ടിടവും മുന്ന് നിലക്കുള്ള ഫൌണ്ടേഷൻ ഉള്ളതും കോൺക്രീറ്റ് ഫ്രെയിംഡ് ആയും പണിയേണ്ടി വരും ആയതിനുണ്ടാകുന്ന ഭരിച്ച ചെലവ് ഒരു വലിയ പ്രെശ്നം തന്നെയാകുന്നു. ഉദാഹരണത്തിന് നമ്മുടെ പഞ്ചായത്തു കെട്ടിടം പുതുതായി പണികഴിക്കണമെങ്കിൽ രണ്ടര കോടി രൂപയെങ്കിലും വേണ്ടിവരും

3.3 1 <u>പരിഹാര സാധ്യതകൾ</u>

സ്ഥല പരിമിതി യാണ് ഈ പഞ്ചായത്തു ഓഫീസിന്റെ ഏറ്റവും വലിയ പോരായ്മ . ഇത് പരിഹരിക്കുന്നതിന് ഈ പഞ്ചായത്തിലുള്ള ഭൂവുടമകളുടെ യോഗം വിളിച്ചു കൂട്ടി സ്ഥലം നൽകുവാൻ താല്പര്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കണം .

രാഷ്ട്രീയ മത താല്പര്യങ്ങൾ വിലക്കെടുക്കാതെ അവരുമായി നിരന്തരം ചർച്ചകൾ നടത്തി അവരുമായി സ്വാധീനമുള്ള ആളുകളെ മുൻനിർത്തി ചർച്ചകൾ നടത്തി പഞ്ചായത്തിന്റെ വിപുലീകരണത്തിനു വേണ്ട ഒരു ഏക്കറോ അമ്പതു സെന്റോ സ്ഥലം കണ്ടെത്തണം. ഓഫീസ് ദേശമംഗലത്ത് തന്നെയാകണം എന്ന മുൻവിധി ഉണ്ടാകരുത് . പഞ്ചായത്ത് ഓഫീസിൽ എവിടെ സ്ഥാപിച്ചാലും ജനങ്ങൾ അവിടെ എത്തും എന്ന് മനസ്സിലാക്കി വേണം സ്ഥലം തെരെഞ്ഞെക്കുവാൻ വാഹന സൗകര്യം വേണം എന്നുള്ളത് ഏറ്റവും പ്രധാനമാണ് .

കെട്ടിട നിർമ്മാണത്തിന് പണം കണ്ടെത്തുന്നതിന് സർക്കാർ പദ്ധതികളെ ആശ്രയിക്കേണ്ടി വരും . ഈ സർക്കാരിന്റെ കിഫ്ബി ആർകെ ഐ എന്നി പദ്ധതികളിൽ

ഉൾപ്പെടുത്തി തുക കണ്ടെത്തേണ്ടി വരും ചെറിയ തുക സഹകരണ സംഘത്തിൽ നിന്നും വായ്പയായി എടുക്കുക്കാവുന്നതാണ്. സ്വകാര്യ വ്യക്തികളെ ഉൾപെടുത്തുകയാണെകിൽ അവർ സ്മാരക ഹാളുകൾ പണിയുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നതാണ്. വ്യക്തികൾ തന്നെ ഒരു മുറിയോ ഒരു ഫ്ളോറോ പണിയുവാൻ മുന്നോട്ടു വരും. ചില സ്ഥാപനങ്ങളും ഇതിലേക്ക് സംഭാവന നല്കാൻ താല്പര്യം പ്രകടിപ്പിക്കും

3.3 2 പ്രശ്ന വിശകലനം

എല്ലാ സൗകര്യങ്ങളോടും കൂടിയ കൂടിയ ഒരു ഒരു അംഗൻവാടി കെട്ടിടത്തിന് 44 ലക്ഷം വേണമെന്നാണ് സർക്കാർ കണക്ക്. സ്ഥലം വാങ്ങുന്നതിനുള്ള തുക വേറെ കണ്ടെത്തണം. ഇതനുസരിച്ചു അംഗൻവാടികൾ നിർമ്മിക്കുക അതിനായി തുക കണ്ടെത്തുക എന്നത് ഒരു വലിയ പ്രശ്നം തന്നെയാകുന്നു.

3.3 2 പരിഹാര സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ 44 ലക്ഷം രൂപ ചിലവാക്കി അംഗൻവാടി നിർമ്മിക്കേണ്ട ആവശ്യകത ഉണ്ടെന്നു തോന്നുന്നില്ല . ഈയിടെ പണികഴിപ്പിച്ച കൊ റ്റ പുറം അംഗൻവാടിക്ക് 12 സെന്റ് സ്ഥലമാണുള്ളത് . എല്ലാ സൗകര്യങ്ങളും ഉള്ള ഈ അംഗൻവാടി പണികഴിപ്പിക്കുവാൻ 30 ലക്ഷം ആണ് ചെലവായത് . ഇപ്പോൾ നിലവിലുള്ള അംഗൻവാടികൾ ഓരോന്ന് ഓരോന്നായി മുന്ന് നിലകൾ ഉള്ള ഫ്രെയിംഡ് സ്ട്രക്ച്ചർ ആക്കി മാറ്റുകയാണ് ആദ്യ പടി. ഏറ്റവും പഴക്കം ചെന്ന അംഗൻവാടി ആദ്യം എന്ന ക്രമത്തിൽ. മുകളിലെ നിലകൾ ഗ്രാമ കേന്ദ്രങ്ങൾ ആയും കുത്തിവയ്പ്പിനുള്ള സ്ഥലങ്ങൾ ആയും പ്രകൃതി ക്ഷോഭ സമയത്തെ ആവാസ കേന്ദ്രങ്ങൾ ആയും മാറ്റാവുന്നതാകുന്നു

3.3 3 പ്രശ്ന വിശകലനം

നമ്മുടെ പഞ്ചായത്തിന്റെ റോഡുകളിൽ മുന്നിൽ രണ്ടുഭാഗവും നമ്മുക്ക് ഗതാഗത യോഗ്യമാക്കുവാൻ സാധിച്ചീട്ടുണ്ട് . അന്നത്തെ വാഹനങ്ങളുടെ ട്രാഫിക് അനുസരിച്ചും റോഡിലൂടെ പോകുന്ന ഏറ്റവും കൂടുതൽ ഭാരം അനുസരിച്ചും ആണ് അന്ന് റോഡുകൾ ഡിസൈൻ ചെയ്തിരുന്നത് എന്നാൽ ഇപ്പോൾ ഈ റോഡുകളിലൂടെ കടന്നു പോകുന്ന വാഹനസാന്ദ്രത നാലിരട്ടിയോളും ആകുകയും ഭാരം അഞ്ചിരട്ടിയോളും ആകുകയും ചെയ്തു . ആയതിനാൽ ഈ റോഡുകളുടെ ഘടന മാറ്റി പുതിയ രീതിയിൽ നിർമ്മിക്കേണ്ട അവസ്ഥ സംജാതമായിരിക്കയാണ് . ഇതിനു വേണ്ട ഭരിച്ച ചെലവ് നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചോളം വലിയ പ്രശ്നം തന്നെയാണ്.

സർക്കാരിൽ നിന്നും റോഡ് വികസനത്തിനും അറ്റ കുറ്റ പണിക്കുമായി നമ്മുക്ക് ലഭിക്കുന്ന തുക വളരെ പരിമിതവും നമ്മുടെ ആവശ്യങ്ങൾ വളരെ വലുതും ആകുന്നു . ഈ തുക ഓരോ വാർഡിലേക്കും പകുത്തു നൽകുമ്പോൾ ഓരോ വാർഡിനും ലഭിക്കുന്ന തുക വളരെ പരിമിതവും ആകുന്നു . ഒരു വാർഡിൽ ഒരു വശത്തു കാന യുണ്ടാക്കി ഒരു കിലോമീറ്റർ പോലും റോഡ് നന്നാക്കുവാനുള്ള തുക ലഭിക്കാറില്ല . ഇത് വലിയ ഒരു പ്രേശ്നമായി ഇന്നും തുടരുന്നു

3.3 3 പരിഹാര സാധ്യതകൾ

ഇതിനു പരിഹാരം ഓരോ സ്ഥലത്തെ പുരോഗതിക്കു ഓരോ വർഷത്തെ ഫണ്ട് ഉപയോഗിക്കുകയാണ്. ഭരണസമിതിയുടെ അഞ്ചു വര്ഷം അഞ്ചു ഘട്ടങ്ങൾ ആയി തിരിച്ചു ഓരോ വർഷവും മൂന്നോ നാലോ വാർഡുകളിൽ മാത്രം വികസന പ്രക്രിയ നടത്തുകയാണ് . അങ്ങിനെ വരുമ്പോൾ കാലാവധിക്കുള്ളിൽ എല്ലാ വാർഡുകളിലെ വികസനം പൂർത്തിയാക്കുകയും . ഓരോ വാർഡിലെ പ്രവർത്തനങ്ങൾക്കുള്ള തുക തികയുകയും ചെയ്യും . മൂന്നോ നാലോ വാർഡിലെ എല്ലാ കെട്ടിടങ്ങൾ അറ്റകുറ്റ പണികൾ നടത്തുകയും പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പുതിയവ നിർമ്മിക്കുകയും നിലവിലെ എല്ലാ റോഡുകളുടെ അറ്റകുറ്റ പണി നടത്തുകയും പുതിയ റോഡുകൾ സ്ഥാപിക്കുകയും ചെയ്യണം കൂടിവെള്ള ഈ പ്രദേശത്തുമാത്രമായി പൂർത്തിയാക്കണം.

3.3 5 <u>പ്രശ്ന വിശകലനം</u>

കൂടിവെള്ള സ്രോതസ്സുകൾ ആയി ധാരാളം കുളങ്ങൾ ഈ പഞ്ചായത്തിന് സ്വന്തമായിട്ട് ഉണ്ട് അതുപോലെ തന്നെ പഞ്ചായത്തിന്റെ കുറുകെ ഒരു തോടും ഒഴുകുന്നുണ്ട് അതുപോലെ തന്നെ ധാരാളംജലം മഴക്കാലത്ത് ഈ ജല സംഭരണികളിൽ ഉണ്ടാകുമെങ്കിലും അവ ശരിയായി രീതിയിൽ ഉപയോഗിച്ചു കുടിവെള്ളമായി വിതരണം ചെയ്യുവാൻ സാധിക്കാത്തതു ഒരു വലിയ പ്രേശ്നമായി അവശേഷിക്കുന്നു.

ഇതുപോലെ തന്നെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഒരു കീറാമുട്ടിയാണ് . ഒരു കുടിവെള്ള പദ്ധതിക്കു 1 .ഒരു ജലസ്രോതസ്സ് ബോർ വെൽ, കിണർ മുതലായവ 2 .മോട്ടോറും പമ്പ് സെറ്റ് എന്നിവ പമ്പ് ഹൌസ് സ്ഥാപിക്കൽ . അവയിലേക്കുള്ള വൈദ്യുതി കണക്ഷൻ 3 .പമ്പിങ് മെയിൻ പൈപ്പുകൾ 4 .ടാങ്ക് ടാങ്കിനാവശ്യമായ പ്ലാറ്റഫോം താഴ്ന്ന സ്ഥലം ആണെങ്കിൽ ഓവർ ഹെഡ് ടാങ്ക് , ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ഫ്രെയിംഡ് സ്ട്രക് ചർ 5 .വിതരണ പൈപ്പുകൾ 6 . വീട്ടിലേക്കുള്ള കണക്ഷൻ ടാപ്പ് എന്നിവ ആവശ്യമാണ് . കുടിവെള്ള സ്രോതസ്സ്ന്റെ സ്ഥാനം നിർണ്ണയിക്കുന്നത് ഭൂഗർഭ ജല വകുപ്പാണ് ആയതിനു അപേക്ഷ നൽകി അവർ വരുന്നതിനായി കാത്തിരിക്കണം . ഇതിനു ഒരാഴ്ച മുതൽ വർഷങ്ങൾ വരെ സമയം എടുക്കാറുണ്ട് . ഇത് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ ആണെങ്കിൽ ഈ ഭൂമി അവർ സറണ്ടർ ചെയ്യണം . ബോർ വെൽ കുഴിക്കുന്നതിനുള്ള ലോറിക്ക് നിൽക്കുവാനും ഈ സ്ഥലത്തേക്ക് പ്രവേശിക്കുവാനുമുള്ള സ്ഥലം ഉണ്ടാകേണ്ടതാകുന്നു . പമ്പ് ഹൌസ് സ്ഥാപിക്കുമ്പോൾ അവ വൈദ്യുതി ലൈനിൽ നിന്നും എത്ര അകലത്തിലാണ് എന്നത് ശ്രെദ്ധിക്കണം ത്രീ ഫേസ് കണക്ഷൻ ലഭ്യമാണോ എന്നും അറിയണം

പമ്പിങ് മെയിൻ പോകുന്ന സ്ഥലം മണ്ണ് കുഴിച്ചു പൈപ്പ്സ്ഥാപിക്കുവാൻ സാധിക്കുമോ എന്നറിയണം.അല്ലാത്തപക്ഷം ജി ഐ പൈപ്പുകൾ ഉൾപ്പെടുത്തണം .ടാങ്ക് സ്ഥാപിക്കുന്ന സ്ഥലം ഏറ്റവും ഉയരത്തിലാകണം . ഈ സ്ഥലം സ്വകാര്യ വ്യക്തികളുടെ ആണെങ്കിൽ പഞ്ചായത്തിന് ഫ്രീ സറണ്ടർ ചെയ്യിക്കണം . ഈ പ്രക്രിയക്ക് ആണ് ഏറ്റവും കാലതാമസം എടുക്കുന്നത് സബ് രജിസ്ട്രാർ മുൻപാകെ വന്നു ഒപ്പു വയ്ക്കണം സ്ഥലം നൽകുവാൻ അവർ തയ്യാറാണെങ്കിലും ഈ കാര്യത്തിന് പലരും തയ്യാറാകാറില്ല. വിതരണ പൈപ്പ് പോകുന്ന റോഡ് പലപ്പോഴും കീറിമുറിക്കാറുണ്ട് . ഇത് പഞ്ചായത്തു നേരിടുന്ന വലിയ ഒരു പ്രശ്നമാണ് ഇത്പോലെത്തന്നെ മോട്ടോറും പമ്പും സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിലെ വൈദ്യുത

വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കേണ്ടതുണ്ട് . ഈ പ്രക്രിയക്ക് വളരെ ഏറെ കാലതാമസം ഉണ്ടാകാറുണ്ട്

3.3 5 പരിഹാര സാധ്യതകൾ

കുടിവെള്ള പദ്ധതികളുടെ ശരിയായ ആസൂത്രണം വളരെ പ്രധാനപെട്ടതാകുന്നു . ആദ്യമായി പ്രധാന പദ്ധതികളുടെ ലിസ്റ്റ് ആദ്യം തയ്യാറാക്കുക ജന പ്രതിനിധികൾ നാട്ടുകാരുമായി സംസാരിച്ചു അവരുടെ അനുഭവം അനുസരിച്ചു ജല ലഭ്യതയുള്ള സ്ഥാനങ്ങൾ നിർണ്ണയിക്കുക പറ്റുമെങ്കിൽ ഈ സ്ഥാനങ്ങൾ മറ്റുള്ള സ്ഥാന നിർണ്ണയക്കാരെ കൊണ്ട് നോക്കി ഉറപ്പു വരുത്തിയ ശേഷം ഭൂഗർഭ ജല വകുപ്പുമായി ബന്ധപെട്ടു സ്ഥാന നിർണയം നടത്തുക . ആദ്യ വര്ഷം ഈ പ്രക്രിയ മാത്രം നടത്തിയാൽ മതിയാകും ജല ലഭ്യത ഒരു വർഷത്തിന് ശേഷം നടത്തുകയാണ് നല്ലത് .രണ്ടാമത്തെ വര്ഷം വൈദ്യുതികരണത്തിനുള്ള ജോലികളും പമ്പ് ഹൗസ് എന്നിവയുടെ ജോലികളും ഈ വർഷം പൂർത്തീകരിക്കണം ഈ വർഷം തന്നെ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തന്നയാളിൽ പഞ്ചായത്തിന് ഫ്രീ സറണ്ടർ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണം അടുത്ത വർഷം ടാങ്ക് സ്ഥാപിക്കുകയും പമ്പിങ് വിതരണ പൈപ്പുകൾ സ്ഥാപിക്കുകയും ആകാം ഇത്തരത്തിൽ മുന്ന് വർഷത്തെ പ്രൊജക്ട് ആയി നടപ്പാക്കുന്നതായിരിക്കും എല്ലാത്തിനും നല്ലത്. അടുത്ത് പണിത റോഡുകൾ പൊളിക്കുന്നത ഒഴിവാക്കി പ്രധാന റോഡുകളിൽ രണ്ടു ഭാഗത്തും പൈപ്പുകൾ സ്ഥാപിക്കുകയും ഇവ തമ്മിൽ ബന്ധിപ്പിക്കുന്നത് അടുത്തുള്ള കൾവർട്ട് വഴി ആകുകയും ചെയ്യേണ്ടതാകുന്നു . റോഡ് കിറിമുറിക്കുന്നത മൂലം പഞ്ചായത്തിന് റോഡ് നവീകരണത്തിന് വലിയ തുക ചിലവാക്കുന്നത് ഒഴിവാക്കുവാൻ സാധിക്കും

3.3 6 പ്രശ്ന വിശകലനം

പഞ്ചായത്തിൽ ഒരു ചന്ത യില്ല അതുപോലെ തന്നെ പഞ്ചായത്തിന് സ്വന്തമായി അറവു ശാല ഇല്ല ഇവക്കു വേണ്ട സ്ഥലം കണ്ടെത്തുക ഒരു വലിയ പ്രേശ്നമായി അവശേഷിക്കുന്നു.

3.3 6 പരിഹാര സാധ്യതകൾ

പഞ്ചായത്തിലെ പത്താം വാർഡിൽ പ്രവർത്തിക്കുന്ന വനിതാ പരിശീലന കേന്ദ്രം ഏകദേശം 30 സെന്റ് ഭൂമിയിൽ ആകുന്നു കെട്ടിടം ഒഴിച്ചുള്ള ബാക്കി ഭാഗങ്ങൾ ഒരു മാർക്കറ്റ് തുടങ്ങുവാൻ അനുയോജ്യമാണ്.

3.3 7 പ്രശ്ന വിശകലനം

ഈ പഞ്ചായത്തിലെ പല ഭാഗങ്ങളും കുന്നിൻ പ്രേദേശങ്ങൾ ആകുന്നു. ആയതിനാൽ വീടുകളുടെ നിർമ്മാണത്തിന് വളരെയധികം മണ്ണെടുക്കേണ്ടതായി വരുന്നു ഈ പ്രക്രിയ പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുവാൻ ഇടയാകുന്നു കുന്നുകൾ ഇടിയുവാനുള്ള സാധ്യത കൂടുന്നു. ഇതൊരു വലിയ പ്രേശ്നമായി തുടരുന്നു

3.3 7 പരിഹാര സാധ്യതകൾ

കുന്നുകൾ നിരപ്പാക്കുന്നത് സന്തുലിതാവസ്ഥ നഷ്ടപ്പെടും എന്നത് വളരെ സ്പഷ്ടമാകുന്നു ജനപ്രതിനിധികൾ കുന്നുകൾ നിരത്തുന്നതിനെ ഒരിക്കലും പ്രോത്സാഹിപ്പിക്കാതിരിക്കുക. വ്യക്തികളുടെ പ്രേശ്ന പരിഹാരത്തിന് പ്രകൃതിയെ നശിപ്പിക്കാതിരിക്കുക . അടിയന്തര ഘട്ടങ്ങളിൽ ഭൂമി മണ്ണെടുക്കേണ്ടി വന്നാൽ സംരക്ഷണ ഭിത്തി നിർമ്മിക്കുക മുകൾഭാഗത്തു മരങ്ങൾ വച്ച് പിടിപ്പിക്കുക എന്നിവ നിർബന്ധമായും ചെയ്യണം

3.3 8 പ്രശ്ന വിശകലനം

ജലാശയങ്ങളും തോടുകളും മലിനപ്പെടുന്നു

ഈ പഞ്ചായത്തിൽ വെറുതെ കിടക്കുന്ന സ്ഥലങ്ങൾ വേസ്റ്റ് ഇടുവാൻ ജനങ്ങൾ ഉപയോഗിക്കുന്നുണ്ട് ഇത് ചില പരിസ്ഥിതി പ്രേശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്

3.3 8 പരിഹാര സാധ്യതകൾ

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി മാലിന്യ നിക്ഷേപങ്ങളിൽ നിന്നും പഞ്ചായത്തിനെ രക്ഷിക്കുന്നുണ്ട്.എല്ലാ മാലിന്യങ്ങളും ജലാശയങ്ങളിലേക്ക് എത്തുന്നുണ്ട് . പഞ്ചായത്തിലെ കൃഷിഭൂമികൾ നടീലും വിളയെടുപ്പും നടത്തുന്നതിനാൽ സമീപത്തെ ജലാശയങ്ങൾ ശുദ്ധമായി കാണപ്പെടുന്നുണ്ട്അതിനാൽ ജലാശയങ്ങൾ കേന്ദ്രികരിച്ച ശുദ്ധികരണ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ മൊത്തം മാലിന്യ രഹിതമാക്കുന്നു

ഹരിത കർമ്മ സേന വീടുകളിലെ മാലിന്യം സംഭരിച്ചു വേർതിരിച്ചു ജൈവ മാലിന്യങ്ങൾ സംസ്കരിക്കുകയും മറ്റു ഖരമാലിന്യങ്ങൾ എം സി എഫ് ലേക്ക് സംഭരണത്തിനായി കൊണ്ട് പോകുന്നു . ഖരമാലിന്യ സം സ്കരണത്തിന് ശ്രേഡെഡ് പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പ്ലാന്റ് സ്ഥാപിക്കേണ്ടതാകുന്നു

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധി(2022–27)

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രശ്ന ബാധിത പ്രദേശം ,വിഭാഗം	പ്രശ്നത്തിൻറെ തീവ്രത			പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ	ഇതരജദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ	സർക്കാർ തലത്തിൽ	സർക്കാർ തരതലത്തിൽ
1	മണ്ണ് ജല സംരക്ഷണം /ജല സംരക്ഷണം	എട്ടാം , വാർഡിലെ റോഡ്	കുന്നംപുറം ഉറ്റുപറമ്പ്റോഡ് സൈഡ് കെട്ട്			കാലപ്പഴക്കം മൂലം	ദേശമംഗലം ഗ്രാമപഞ്ചായത്ത് ,വാർഡ് 8			
2	ഗതാഗതം/ റോഡുകൾ	ഒമ്പതാം വാർഡിലെ റോഡ്	കൊറ്റമ്പത്തൂർ റോഡ്			കാലപ്പഴക്കം മൂലം	ദേശമംഗലം ഗ്രാമപഞ്ചായത്ത് , വാർഡ് 9			

3		പഞ്ചായത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തിയിട്ടില്ല				പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്				
തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം ഗ്രാമ പഞ്ചായത്ത്						വർക്കിംഗ് ഗ്രൂപ്പിൻറെ പേര് :പൊതുമരാമത്ത്				
സ്ഥലം: തിയ്യതി:						ഒപ്പ്: പേര്: കൺവീനർ: .....(വർക്കിംഗ് ഗ്രൂപ്പ്)				

വികസന പരിപ്രേക്ഷ്യം

വികസന പരിപ്രേക്ഷ്യം എന്ന വാക്ക് കേട്ട പരിചയം ഇല്ലാത്തതാണെങ്കിലും വികസന ലക്ഷ്യങ്ങൾ എന്നാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ പഞ്ചായത്തിന് ഏറ്റവും ആവശ്യമായി തോന്നുന്നതും ഏറ്റവുമധികം പ്രാധാന്യം ഉള്ളതുമായ വികസനം നമ്മുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആകുന്നു . മൂന്നുനിലയിൽ ഏകദേശം പതിനായിരം ചതുരശ്ര അടി വിസ്തീർണത്തിൽ ഒരു ആർ സി സി കെട്ടിടം എന്നതാകുന്നു നമ്മുടെ ലക്ഷ്യം . ഏകദേശം ഇരുപതോളം കാറുകൾ പാർക്ക് ചെയ്യുവാനുള്ള സ്ഥലവും ചുറ്റും പൂന്തോട്ടവും ഫൗണ്ടൻ എന്നിവയും നമ്മുടെ ഭാവനയിലുണ്ട്. ഒരു

ഏക്കറിൽ അല്ലെങ്കിൽ ചുരുങ്ങിയത് അമ്പതു സെന്റ് ഭൂമിയിൽ ഒരു മന്ദിരം എന്നതാണ് നമ്മുടെ ലക്ഷ്യം.

ഒന്നാം നിലയിൽ പഞ്ചായത്ത് ഓഫീസും രണ്ടാം നിലയിൽ അനുബന്ധ ഓഫീസുകളും മെമ്പർമാർക്കുള്ള ഓഫീസും മൂന്നാം നിലയിൽ ഹാളും ആകുന്നു നമ്മുടെ ആശയം.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മുന്ന് നിലക്കുള്ള ഫൌണ്ടേഷൻ സഹിതം ഫ്രെയിംഡ് സ്ട്രക്ചർ ആയി നിർമ്മിക്കേണ്ടതാകുന്നു . ഒന്നാം നില പ്രധാന ഓഫീസിൽ ആയും മറ്റു നിലകൾ ജോലിക്കാരുടെ താമസത്തിനോ മീറ്റിംഗ് ചെറുവാനുള്ള ഹാൾ ആയോ നിർമ്മിക്കണം എല്ലാ നിലകളിലും ടോയ്ലറ്റ് സൗകര്യങ്ങൾഉണ്ടാകണം.

എന്നിരുന്നാലും പഞ്ചായത്തിന് ഇപ്പോൾ ഉള്ള സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ അടുത്ത പേജിൽ കാണാവുന്നതാണ്.ഈ കെട്ടിടത്തിന് മൂന്ന് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഇതിനോടനുബന്ധിച്ച വിശദംശങ്ങൾ താഴെ പറയുന്ന ഫാറം7ൽ ലഭ്യമാണ്.

ഫോറം 7

വികസന പരിപ്രേക്ഷ്യം

തദ്ദേശ ഭരണസ്ഥാപനത്തിൻറെ പേര് : ദേശമംഗലം ഗ്രാമ പഞ്ചായത്ത്					വർക്കിംഗ് ഗ്രൂപ്പിൻറെ പേര് :പൊതുമരാമത്ത്		
ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസന ലക്ഷ്യം)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ദീർഘകാല ലക്ഷ്യം(2032 –ലെ ലക്ഷ്യം)	പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം	പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1	ഉല്പാദനസേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതുകെട്ടിടങ്ങൾ / തദ്ദേശഭരണ സ്ഥാപന	പഞ്ചായത്ത് കെട്ടിടം		സ്ഥല സൗകര്യം കുറവ്	പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം		KPBRചട്ട പ്രകാരമുള്ള നിർമ്മിതിക്കുള്ള സ്ഥലം ലഭ്യമല്ല 50 സെന്റ് എങ്കിലും

	ഓഫീസ് കെട്ടിടം						സ്ഥലം ആവശ്യമാണ്
സ്ഥലം: തിയ്യതി:					ഒപ്പ്: പേര്: കൺവീനർ:		

സംയോജന സാധ്യതകൾ

കഴിഞ്ഞ അദ്ധ്യായങ്ങളിൽ നമ്മുടെ പ്രശ്നങ്ങളെയും പരിഹാരങ്ങളെയും വികസന കാഴ്ചപ്പാടിനെയും ചർച്ച ചെയ്ത എല്ലാ വികസനങ്ങൾക്കും തടസം നിൽക്കുന്നത് ഫണ്ടിൻറെ അപര്യാപ്തത ആകുന്നു. ഈ അദ്ധ്യായത്തിൽ ഇവ നടപ്പിലാക്കാൻ നമ്മുക്ക് ലഭ്യമാകുവാൻ സാധ്യതയുള്ള ഫണ്ടുകളെ പറ്റിയുള്ള ചർച്ചയാണ്.

നമ്മുക്ക് ലഭിക്കുവാൻ സാധ്യതയുള്ള മറ്റ ഫണ്ടുകൾ പ്രധാനപ്പെട്ടത് കിഫ്ബി, ആർ കെ ഐ , സി എം എൽ ആർ ആർ പി , എം പി ഫണ്ട് , എം എൽ എ ഫണ്ട്, എന്നിവയും കൂടാതെ ജില്ലാ പഞ്ചായത്ത് ഫണ്ട് , ബ്ലോക്ക് ഫണ്ട് പട്ടിക ജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവയും . പി ഡബ്ലൂ ഡി , ഇറിഗേഷൻ മൈനർ ഇറിഗേഷൻ വാട്ടർ അതോറിട്ടി എന്നിവ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും ആകുന്നു .

ദേശമംഗലം ഹയർ സെക്കന്ററി സ്കൂൾ നിർമാണത്തിന് സർക്കാർ നമ്മെ അകമഴിഞ്ഞ് സഹായിച്ച കിഫ്ബി ഫണ്ട് ആകുന്നു ഇതിനുപയോഗിച്ചത്.ഒരു വർഷത്തെ പഞ്ചായത്ത് ബഡ്ജറ്റ് വകയിരുത്തുന്ന തുകയുടെ ഇരട്ടിയോളമാണ് നമ്മുക്ക് കിഫ്ബി ഫണ്ടായി ലഭിച്ചത് . ഇറിഗേഷൻ വകുപ്പ് തടയണ നിർമ്മാണത്തിനായി നാൽപതു ലക്ഷത്തോളം രൂപ നമ്മുടെ പഞ്ചായത്തിൽ ചിലവഴിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നമ്മുടെ പഞ്ചായത്തിലെ പുതിയ തിച്ചൂർ കോരുവാരമുക്ക് റോഡ് പണിയുന്നതിനായി അറുപത്തി ഒൻപതു ലക്ഷത്തോളം തുക ചിലവാക്കിയിട്ടുണ്ട്. കൂടാതെ മുപ്പതു ലക്ഷത്തോളം തുക ചിലവ് ചെയ്ത രണ്ടു തടയണകളും നിർമ്മിച്ചീട്ടുണ്ട് .കൂടാതെ കുടിവെള്ള പദ്ധതികൾക്കായി ഇരുപതു ലക്ഷത്തോളം തുക ചിലവാക്കിയിട്ടുണ്ട്. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ള പദ്ധതികൾക്കാണ് റോഡ് നവീകരണത്തിനായും അമ്പതു ലക്ഷത്തോളം തുക ഈ പഞ്ചായത്തിൽ ചിലവാക്കിയിട്ടുണ്ട്.

ശുചിത്വ മേഖലയിൽ ശുചിത്വ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പൊതു ശൗച്യാലയം അഥവാ ടേക്ക് എ ബ്രേക്ക് എന്ന പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി.

സംയോജന സാധ്യതകളെ പറ്റി ചർച്ച ചെയ്യുമ്പോൾ നമ്മുക്ക് എല്ലാവരോടും ഒരു തുറന്ന സമീപനം ആയിരിക്കണം,. ഓരോ വർഷവും ഫണ്ട് ദാതാക്കൾ ഓരോ തലത്തിലുള്ള ബഡ്ജറ്റ് വകയിരുത്തും മുൻപ് തന്നെ നമ്മൾ നമ്മുടെ ആവശ്യങ്ങൾ അഥവാ അവരിൽ നിന്നും നമ്മൾ പ്രതീക്ഷിക്കുന്ന സഹായം അവരെ മുൻകൂട്ടി അറിയിക്കണം . ഈ ഒരു കാര്യത്തിൽ ഗ്രാമ പഞ്ചായത്തു സെക്രട്ടറി വളരെ ഉത്സാഹം കാണിക്കണം. കൂടാതെ ഇതിനു വേണ്ടിയുള്ള ഫോളോ അപ്പ് വളരെ പ്രധാനപെട്ടതാകുന്നു.

ജൈവ വൈവിധ്യ മാനേജ്മെൻറ്

കാലാവസ്ഥ വ്യതിയാനം,പരിസ്ഥിതി സംരംക്ഷണം,ദുരന്ത നിവാരണം

ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 1996 കാലഘട്ടത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ അതായത് ഭൂമി കുലുക്കം വളരെ കോളിളക്കം സൃഷ്ടിച്ച ഒരു പ്രകൃതി ദുരന്തം ആയിരുന്നു. അത് മൂലം ജനങ്ങൾക്ക് പലർക്കും ആവാസവ്യവസ്ഥ തന്നെ നഷ്ടപ്പെടിരുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നു, കൂടാതെ വ്യാപകമായി കൃഷിനാശം ഉണ്ടായി. അന്നത്തെ കൃഷി രീതി മുപ്പൽ കൃഷി രീതിയായിരുന്നു (ഒരു വർഷത്തിൽ മുന്ന് പ്രാവശ്യം കൃഷി ഇറക്കുന്ന രീതിയാണ് മുപ്പൽ) അത് പിന്നെ കാലഘട്ടങ്ങൾ പീന്നിടുന്നതിനനുസരിച്ച് ഇരുപ്പൽ, ഒരുപ്പൽ എന്ന രീതിയിലേക്ക് മാറി. ഇതിന്റെ പ്രധാന കാരണം വെള്ളക്ഷാമം തന്നെയാണ് .സോഷ്യൽ ഫോറസ്റ്റിന്റെ വനവൽക്കരണത്തിന്റെ ഭാഗമായി യുക്കാലിപ്സ്,അക്കൃഷാ തുടങ്ങിയ കാട്ട്മരങ്ങൾ വെച്ച് പിടിപ്പിച്ചതിനെ തുടർന്ന് രൂക്ഷമായ വെള്ളക്ഷാമം, അന്നത്തെ കാലങ്ങളിൽ ജനങ്ങൾക്ക് നേരിടേണ്ടിവന്നു. അന്നത്തെ കാലത്ത് ബോർവെല്ലുകളോ , പബ്ലിക്ക് ടാപ്പുകളോ ഉണ്ടായിരുന്നില്ല.

1996 കാലഘട്ടം മുതൽ ഭൂചലനം തുടർച്ചയായി നിലനിൽക്കുന്ന ഒരു മേഖലയായിരുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മനുഷ്യസഹജമായി പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം ജനങ്ങൾക്ക് ജീവഹാനി അടക്കം ഒരുപാട് നാശനഷ്ടങ്ങൾ ഉണ്ടായ കാലഘട്ടമായിരുന്നു അത്. വർദ്ധിച്ചുവരുന്ന ജനസംഖ്യമൂലം ആളുകളുടെ ആവാസവ്യവസ്ഥയിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി തോടുകളും ,പാടങ്ങളും നീർച്ചാലുകളും നികത്തിയത് മൂലവും, മഴലഭ്യതയുടെ വിത്യാസം എന്നിവ മൂലം പ്രളയസാധ്യതകൂടി വന്നു.

2018-19 സാമ്പത്തിക വർഷത്തിൽ കാലവർഷക്കെടുതി സംഭവിച്ചത് മൂലം പഞ്ചായത്തിലെ വിവിധ കോളനികളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി ഉണ്ടാകുകയും അതെ തുടർന്ന് അവിടത്തെ ജനങ്ങളെ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി പാർപ്പിക്കുകയും, അവിടെ താമസിക്കുന്ന ആളുകൾക്ക് ഭക്ഷണവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തു. കനത്ത ചുഴലിക്കാറ്റ് മൂലം മരങ്ങൾ കടപുഴങ്ങി വീഴുകയും വാഹനങ്ങൾ പോകുന്നതിനും കാൽ നടയായി ജനങ്ങൾക്ക് നടന്നുപോകുന്നതിന് പോലും തടസ്സം നേരിടുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. അതെല്ലാം സദാസമയങ്ങളിൽ നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ പഞ്ചായത്ത് ഏർപ്പെടുത്തിയിരുന്നു. കൂടാതെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിക്കുകയും ജനങ്ങൾക്ക് വൈദ്യ പരിശോധന നടത്തുകയും ആവശ്യമായ മരുന്നുകൾ കൊടുക്കുകയും ചെയ്തിരുന്നു.

ഇങ്ങിനെയുള്ള കാലാവസ്ഥ വ്യതിയാനവും, പ്രകൃതി ദുരന്തവും നിലനിൽക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ജീവജാലങ്ങൾക്ക് ഭീഷണി നേരിടുന്നു. ആഗോളതാപനം മൂലം ഉഷ്ണം വർദ്ധിക്കുകയും ജലാശയങ്ങൾ വറ്റി വരളുകയും വൃക്ഷങ്ങൾ നശിക്കുകയും കാർഷിക മേഖലയെ ബാധിക്കുകയും ചെയ്യുന്നു.മഴ ലഭ്യതയിൽ കുറവ് സംഭവിക്കുന്നു, അത് ഭക്ഷ്യ

സുരക്ഷയെ ബാധിക്കുന്നു. കടൽ ക്ഷോഭങ്ങൾ ഉണ്ടാകുന്നു,സുനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്നു.മണ്ണിലുണ്ടായ മാറ്റങ്ങൾ ആവാസവ്യവസ്ഥയെ ബാധിക്കുന്നു.

ഇങ്ങിനെയുള്ള കാലവസ്ഥ വ്യതിയാനവും, പ്രകൃതി ദുരന്തവും നിലനിൽക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ – മണ്ണിലെ ജൈവ കാർബണിന്റെ അളവ് വർദ്ധിപ്പിക്കുക, മരങ്ങൾ വെച്ച് പിടിപ്പിക്കുക മണ്ണൊലിപ്പ് തടയുക, മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് കുറയ്ക്കുക. കോളനികളിലും മറ്റും മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്ന പ്രദേശങ്ങളിലും മണ്ണിടിച്ചിൽ സാധ്യത തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുക. ദുരന്ത നിവാരണ സേന രൂപീകരിച്ച് അടിയന്തിരസഹായങ്ങൾ നടത്തുക.കാലാവസ്ഥ ആഘാതങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുക,മഴ വെള്ള സംഭരണം ശക്തിപ്പെടുത്തുക. കാലാവസ്ഥ മുന്നറിയിപ്പ്, അടിയന്തിര തയ്യാറെടുപ്പുകൾ എന്നിവ നടത്തുക.

കാലാവസ്ഥ വ്യതിയാനവും, പ്രകൃതി ദുരന്തവും നിലനിൽക്കുമ്പോള് അതിന് കൈകൊള്ളുന്ന പ്രവർത്തനങ്ങൾ –കാലാവസ്ഥക്ക് അനുസൃതമായി കാർഷിക കലണ്ടർ തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തിക്കാനുള്ള നിർദ്ദേശം കാർഷിക വകുപ്പ് മുഖാന്തിരം ജങ്ങൾക്ക് പ്രയോജനമായ രീതിയില് എത്തിക്കുക.കോളനികളിലെ ഭൂമിയുടെ ഘടന അനുസരിച്ച് മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയില്ലാത്ത രീതിയിൽ ഭവനങ്ങൾ പണിത് നൽകുക. മരങ്ങൾ വെച്ച് പിടിപ്പിച്ച് പരിസ്ഥിതിയെ സംരക്ഷിക്കുക. മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിക്കുക.,കാലാവസ്ഥക്ക് അനുയോജ്യമായ വിത്തിനങ്ങൾ നിർമ്മിക്കുക,കാലാവസ്ഥാ ആഘാതങ്ങൾക്ക് ഇൻഷൂറൻസ് നൽകുക.മഴവെള്ള സംഭരണം ശക്തിപ്പെടുത്തുക,ദുരന്ത നിവാരണ സേനക്ക് പരീശീലനം നൽകുക, എല്ലാത്തിലും ഉപരി പരിസ്ഥിതിയുടെ ആവാസവ്യവസ്ഥക്ക് കോട്ടം സംഭവിക്കാത്ത പ്രവർത്തനങ്ങൾ നടത്തുക.

അദ്ധ്യായം 4

ദീർഘ കാല ലക്ഷ്യങ്ങൾ – വികസന പരിപ്രേക്ഷ്യം

വികസന പരിപ്രേഷ്യം എന്ന വാക്ക് കേട്ട പരിചയം ഇല്ലാത്തതാണെങ്കിലും വികസന ലക്ഷ്യങ്ങൾ എന്നാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ പഞ്ചായത്തിന് ഏറ്റവും ആവശ്യമായി തോന്നുന്നതും ഏറ്റവുമധികം പ്രാധാന്യം ഉള്ളതുമായ വികസനം നമ്മുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആകുന്നു . മൂന്നുനിലയിൽ ഏകദേശം പതിനായിരം ചതുരശ്ര അടി വിസ്തീർണത്തിൽ ഒരു ആർ സി സി കെട്ടിടം എന്നതാകുന്നു നമ്മുടെ ലക്ഷ്യം . ഏകദേശം ഇരുപതോളം കാറുകൾ പാർക്ക് ചെയ്യുവാനുള്ള സ്ഥലവും ചുറ്റും പൂന്തോട്ടവും ഫൗണ്ടൻ എന്നിവയും നമ്മുടെ ഭാവനയിലുണ്ട്. ഒരു ഏക്കറിൽ അല്ലെങ്കിൽ ചുരുങ്ങിയത് അമ്പതു സെന്റ് ഭൂമിയിൽ ഒരു മന്ദിരം എന്നതാണ് നമ്മുടെ ലക്ഷ്യം. ഒന്നാം നിലയിൽ പഞ്ചായത്ത് ഓഫീസും രണ്ടാം നിലയിൽ അനുബന്ധ ഓഫീസുകളും മെമ്പർമാർക്കുള്ള ഓഫീസും മൂന്നാം നിലയിൽ ഹാളും ആകുന്നു നമ്മുടെ ആശയം.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മുന്ന് നിലക്കുള്ള ഫൌണ്ടേഷൻ സഹിതം ഫ്രെയിംഡ് സ്ട്രക്ചർ ആയി നിർമ്മിക്കേണ്ടതാകുന്നു . ഒന്നാം നില പ്രധാന ഓഫീസിൽ ആയും മറ്റ നിലകൾ ജോലിക്കാരുടെ താമസത്തിനോ മീറ്റിംഗ് ചെറുവാനുള്ള ഹാൾ ആയോ നിർമ്മിക്കണം എല്ലാ നിലകളിലും ടോയ്ലറ്റ് സൗകര്യങ്ങൾ ഉണ്ടാകണം. എന്നിരുന്നാലും പഞ്ചായത്തിന് ഇപ്പോൾ ഉള്ള സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ അടുത്ത പേജിൽ കാണാവുന്നതാണ്.ഈ കെട്ടിടത്തിന് മൂന്ന് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

14ം പഞ്ചവത്സരപദ്ധതിയിൽ സ്കൂളുകളും കുടുംബശ്രീയൂണിറ്റുകളും കേന്ദ്രീകരിച്ച് യോഗ പരിശീലനം . സ്കൂളുകളിൽ ആരോഗ്യബോധവത്കരണ ക്ലാസുകളും മെഡിക്കൽ ക്യാംപുകളും സംഘടിപ്പിക്കുക.

ആയുർവേദ ആശുപത്രിയിൽ പുതിയസ്ഥലം കണ്ടെത്തി കിടത്തി ചികിത്സാ സൌകര്യം യോഗ ഹാൾ എന്നിവക്കുള്ള പുതിയ കെട്ടിടം സ്ഥാപിക്കുക. കൂടുതൽ സ്റ്റാഫുകളെ നിയമിക്കുക.

കുടുംബാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തി സ്ഥാപനത്തെ എച്ച്. ഡബ്ളു. സി സെൻറർ, മാതൃക ഡിസ്പെൻസറി തുടങ്ങിയ തലത്തിലേക്ക് ഉയർത്തുക, വരും കാലങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ചികിത്സാസൌകര്യങ്ങൾ നൽകുന്നതിനുവേണ്ടി കിടത്തി ചികിത്സാ സൌകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുക.

പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസപരമായും അടിസ്ഥാന പരമായും ഉള്ള വികസനം ലക്ഷ്യം വെയ്ക്കുന്നതിനുള്ള പദ്ധതികളിലായി ദീർഘകാല ലക്ഷ്യം കൈവരിക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. എസ് സി ഗ്രൂപ്പ് സംരംഭങ്ങൾ , ലാപ്പ് ടോപ് നൽകൽ, എസ്.സി വനിതകൾക്ക് സ്വയം തൊഴിലിന് സഹായം നലകൽ തുടങ്ങിയ പ്രൊജക്ടുകൾ ഈ മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

ദേശമംഗലം പഞ്ചായത്തിൽ സമഗ്രമമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് വിവിധ പദ്ധതികൾ ദീർഘകാല വീക്ഷണത്തോടെ

1. ലൈഫ് പദ്ധതിയിലൂടെ വീടുകൾ ലഭ്യമാക്കുന്നു .
2. സ്ഥലവും വീടും ഇല്ലാത്തവർക്കു സ്ഥലം അല്ലെങ്കിൽ ഫ്ലാറ്റ് സമുച്ചയം ആശയമായി ഉയർന്നുവന്നിട്ടുണ്ട് .സ്ഥലം വാങ്ങുന്നതിന് നിലവിൽ ലഭ്യമാക്കുന്നുണ്ട് .
3. പട്ടയം ഇല്ലാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിന് ഒറ്റകെട്ടായി നിൽക്കുന്നു .
4. വീട് റിപ്പയർ ധനസഹായം അർഹരായ എല്ലാവരിലും എത്തിച്ച് വീടിൻറെ നിലനിൽപ് ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
5. അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കളെയും ആശ്രയപദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
6. ജനകീയ ഹോട്ടലുകൾ വഴി ഭക്ഷണലഭ്യത അശരണർക്ക് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
7. സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വായ്പയും റിവോൾവിംഗ് ഫണ്ടുകളും ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു .
8. തൊഴിലുറപ്പ പദ്ധതിയിൽ എല്ലാവരേയും ഉൾപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പ വരുത്തുന്നു .

കുട്ടികളുടെ ക്ഷേമത്തിന് വേണ്ടി അംഗനവാടി പോഷകാഹാരം പദ്ധതിക്ക് വികസന ഫണ്ടു കൂടാതെ കേന്ദ്രവിഹിതവും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ചു വരുന്നു . ഭിന്നശേഷിക്കാർക്ക് scholarshipപദ്ധതികൾക്ക് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ചു വരുന്നു. തന്മൂലം കൂടുതൽ ഗുണഭോക്താക്കളിലേക്കു പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കാൻ സാധിക്കുന്നു. കൂടാതെ വനിതാ ശിശു വികസന വകുപ്പ് മുഖാന്തിരം നടത്തി വരുന്ന വിവിധ പഠിതാക്കളും പഞ്ചായത്തിലെ അര്ഹരായവരിലേക്കു എത്തിക്കുന്നു.

ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 2000 ത്തിൽ 30 ഓളം സ്വയം സംഘങ്ങളായി പ്രവർത്തിച്ചിരുന്ന വനിത കൂട്ടായ്മ 2002 ൽ കുടുംബശ്രീ എന്ന പേരിലേക്ക് ലയിച്ചു. 2002 ൽ സി.ഡി.എസ്. ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ 70 കുടുംബശ്രീ ആണ് ഉണ്ടായിരുന്നത്. അവക്ക് പഞ്ചായത്തിൽ നിന്നും R.F നേടിക്കൊടുത്തു കൊണ്ട് ആരംഭിച്ചു. തുടക്കത്തിൽ സ്ത്രീകൾ പുറത്തേക്ക് ഇറങ്ങുന്നതിന് മടിയായതിനാൽ കുടുംബശ്രീ രൂപീകരിക്കുക എന്നത് വെല്ലുവിളി ആയിരുന്നു. ഓരോ കുടുംബത്തേയും പോയി കണ്ടും സംസാരിച്ചും നിർബന്ധിച്ചും ആണ് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചത്. ഓരോ വാർഡിലും വിട്ടുപോയിട്ടുള്ള മുഴുവൻ കുടുംബത്തെയും അയൽക്കൂട്ട അംഗങ്ങളാക്കി മാറ്റുക. 100 സ്ത്രീകൾക്കെങ്കിലും തൊഴിൽ കൊടുത്തുകൊണ്ട് സ്ത്രീകളെ സ്വയം പര്യാപ്തമാക്കും . കാർഷികമേഖയിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ജെ.എൽ.ജികൾ രൂപീകരിക്കും .വളർന്നു വരുന്ന കുട്ടികളാണ് ഭാവിതലമുറയെ വാർത്തെടുക്കേണ്ടത്. എന്ന ഉദ്ദേശ്യത്തോടുകൂടി തന്നെ ബാലസഭ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആൺ, പെൺ, വിത്യാസം ഇല്ലാതെ കുട്ടികളെ ഓരോ പ്രവർത്തനങ്ങളിലും സജീവമാക്കും

വികസന പരിപ്രേക്ഷ്യം - ഫോറം 7

കൃഷി

ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം(വികസനലക്ഷ്യം)	സൂചിക	ഇപ്പോഴത്തെഅവസ്ഥ	ദീർഘകാലലക്ഷ്യം(2032-ലെ ലക്ഷ്യം)	പതിനാലാംപഞ്ചവത്സരപദ്ധതിയിലെ ലക്ഷ്യം	പതിനാലാംപദ്ധതിയിലെ ലക്ഷ്യങ്ങൽ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവുംപ്രവർത്തനങ്ങളും
1		തരിശുരഹിത പഞ്ചായത്ത്		225 HA	250 HA	230 HA	തരിശുകൃഷിക്ക് സഹായം
മൃഗസംരംക്ഷണം							
1.	മൃഗസംരംക്ഷണം	പാലുല്പാദനം വർദ്ധനവ്	3504	1400/ day	2500 L/day	പാലുല്പാദനംകൂട്ടുക	ഈ മേഖലയിൽ താല്പര്യമുള്ള സ്ഥലസൌകര്യമുള്ള ക്ഷീര കർഷകരെ തിരഞ്ഞെടുത്ത് ആവശ്യമായ സബ്സിഡി നൽകൽ
2.	മൃഗസംരംക്ഷണം	മുട്ട ഉല്പാദനം വർദ്ധനവ്	5000	2000 Egg/day	6000kg / day	മുട്ട ഉല്പാദനം കൂട്ടുക	കോഴി വളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് വളർത്തുന്നതിനാവശ്യമായ ധനസഹായം നൽകുക
3.	മൃഗസംരംക്ഷണം	മാംസ ഉല്പാദനം വർദ്ധനവ്	100	36000 kg/ day	45000 kg /	മാംസ ഉല്പാദനം കൂട്ടുക	പോത്തു വളർത്താൻ പ്രോത്സഹിപ്പിക്കുക ആവശ്യമായ ധനസഹായം നൽകൽ
ദാരിദ്ര്യലഘൂകരണം							

1		എല്ലാവർക്കുംഅടച്ചുറപ്പുള്ള വീട്		ഭവനനിർമാണം നടക്കുന്നു.	അടിസ്ഥാന വികസനം	ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട്.	വീടുള്ളവരെ ഒഴിവാക്കികൊണ്ട് മറ്റുള്ളവർക്ക് വീട്
2		അതിദാരിദ്ര്യത്തിൽനിൽക്കുന്ന 43 പേരെ ദാരിദ്ര്യത്തിൽനിന്നുംസമ്പന്നതയിലേക്ക് കൊണ്ടുവരൽ		അതീദാരിദ്ര്യം	സാമ്പത്തിക ഉന്നമനം	ദരിദ്രരില്ലാത്ത ഗ്രാമപഞ്ചായത്ത്	ആശ്രയപദ്ധതി വിപുലീകരിക്കൽ
3		എല്ലാവർക്കുംതൊഴിൽ		ഭാഗികമായിതൊഴിലേർപ്പെടുന്നു.	കുടുംബത്തിലെഒരാൾക്കെങ്കിലും MGNREG പദ്ധതിയിലൂടെ തൊഴിൽ നൽകൽ		ബോധവൽക്കരണം
1		ഇൻഡോർ ,ഔട്ഡോർഗെയിംസൗകര്യം		നിലവിൽ സൗകര്യവും ഇല്ല			
2		ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്		നിലവിൽ സൗകര്യവും ഇല്ല			
ആരോഗ്യം							
1		പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുംപ്രയോജനം ലഭ്യമാക്കുക. സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള ജനങ്ങളുടെ		ജനറൽ ഒപി, സീതാലയം, സദ്ഗമയ പോസ്റ്റ് കോവിഡ്ക്ലിനിക് എന്നിവ	കൂടുതൽ സ്പെഷാലിറ്റി ഒപികൾ ആരംഭിക്കുക. മാതൃക	same as above	പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായിഡിപ്പാർട്ട്മെൻറിൽനിന്നും തദ്ദേശസ്വയംഭരണാധികാരികളിൽ നിന്നും ആവശ്യമായ

		പ്രതിരോധശേഷി വർദ്ധിപ്പിക്കുക ജീവിതശൈലി രോഗങ്ങളിൽ നിന്നും ജനങ്ങളെവിമുക്തമാക്കുക ആരോഗ്യകരമായ ജീവിതരീതിയിലേക്ക് ജനങ്ങളെ നയിക്കുക.		സ്ഥാപനത്തിൽപ്രവർത്തിക്കുന്നു. ആരോഗ്യബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പികുന്നു.	ഡിസ്പെൻസറിയായി ഉയർത്തുക. ലാബ്സൗകര്യം ലഭ്യമാക്കുക, സ്ഥാപനത്തെ ഡിജിറ്റൽ സംവിധാനത്തിലേക്ക് കൊണ്ടുവരുക.		ഫണ്ടുംഅനുമതിയും സമാഹരിക്കുക.
പൊതുമരാമത്ത്							
	ഉല്പാദന സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതുകെട്ടിടങ്ങൾ / തദ്ദേശഭരണ സ്ഥാപന ഓഫീസ് കെട്ടിടം	പഞ്ചായത്ത് കെട്ടിടം		സ്ഥല സൗകര്യം കുറവ്	പുതിയ പഞ്ചായത്ത്ഓഫീസ് കെട്ടിടം		K P B Rചട്ട പ്രകാരമുള്ള നിർമ്മിതിക്കുള്ള സ്ഥലം ലഭ്യമല്ല 50 സെന്റ് എങ്കിലും സ്ഥലം ആവശ്യമാണ്

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

കൃഷി-ജലസേചനം

തരിശ്ശ രഹിത പഞ്ചായത്തായി മാറണം . തൊഴിലാളി ദൗർലഭ്യം മുന്നിൽ കണ്ട് യന്ത്രവൽക്കരണത്തിലേക്ക് മാറണം. ജലസേചന സൗകര്യം എല്ലാ പാടശേഖരത്തിലും വർദ്ധിപ്പിക്കണം. യുവജനങ്ങളെ നെൽകൃഷിയിലേക്ക് ആകർഷിക്കുന്ന വികസന തന്ത്രം ആവിഷ്കരിക്കണം.സുഭിക്ഷ കേരളം പദ്ധതിയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കും വിധത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് ഒട്ടേറെ ഫലം ചെയ്യും. തൊഴിലുറപ്പു പദ്ധതിയെ കാർഷിക മേഖലയുമായി സംയോജിപ്പിക്കണം

ചെറുകിട വ്യവസായം

ചെറുകിടവ്യവസായത്തിൽ വ്യവസായം തുടങ്ങാൻ താൽപ്പര്യമുള്ള വ്യക്തികളെയും ഗ്രൂപ്പുകളെയും കണ്ടെത്തി അവരുടെ വിഹിതവും കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കുകയുള്ളു. ലൈസൻസുകളും മറ്റും ലഭിക്കുന്നതിന് കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഒട്ടേറെപ്പേരെ വ്യവസായങ്ങളിലേക്ക് ആകർഷിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഫലം ചെയ്യും.

ദാരിദ്ര്യലഘൂകരണം

ഗ്രാമതലത്തിലുള്ള ഫലഭോക്താക്കളെ കണ്ടെത്തുന്നതിനായി ഗ്രാമസഭ വഴി അർഹരായവരെ തീരഞ്ഞെടുക്കേണ്ടതും ആനുകൂല്യം അർഹരായവർക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം. മോണറ്ററിംഗ് സമിതികളുടെ പ്രവർത്തനം പദ്ധതികാലയളവിൽ ഊർജിതമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. വ്യക്തിഗത ഫലഭോക്താക്കളുടെ ലീസ്റ്റ് പ്രകാരം അർഹത പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ എഗ്രിമെൻറ് വച്ച് പദ്ധതി കാലയളവിനുള്ളിൽതന്നെ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, വിവാഹധനസഹായം, വീടുകളുടെ മേൽക്കൂര മാറ്റൽ, കുടിവെള്ള ടാങ്ക്, വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പശുവിതരണം, പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കോളനി നവീകരണം, വൈദ്യുതി, ശുചിത്വം, ഖരമാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

ആരോഗ്യം

- പി എച്ച് സി യിലെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങളും ചികിത്സയും ലഭ്യമാക്കുക

- പൊതുജനാരോഗ്യം രോഗപ്രതിരോധ നിയന്ത്രണം എന്നിവ മെച്ചപ്പെടുത്തുക

- ബോധവൽക്കരണം ശിലവൽക്കരണ പ്രവർത്തനങ്ങളുടെ വ്യാപനം

- വിവിധ മേഖലകളുടെ സഹകരണം

- കുട്ടികൾ കൗമാരക്കാർ വൃദ്ധർ സ്ത്രീകൾ കിടപ്പിലായവർ സ്ഥായിയായ രോഗങ്ങൾ ബാധിച്ചവർ മാനസികാരോഗികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് പ്രത്യേകം ആരോഗ്യ പരിരക്ഷ ,പകർച്ച വ്യാധി നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കൽ

വിദ്യഭ്യാസം

- സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ മെച്ചപ്പെടുത്തണം സ്കൂൾ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പാഠ്യപദ്ധതി ഉണ്ടാക്കണം
- സ്കൂളുകളിലേക്ക് കുട്ടികളെ കൊണ്ടുവരാൻ വാഹനസൗകര്യം ഏർപ്പാടാക്കണം
- എൽ പി കുട്ടികൾക്ക് കലാ-കായിക വിദ്യഭ്യാസം കൂടി നൽകണം.അതിന് പ്രത്യേക അധ്യാപകരെ നിയമിക്കണം.
- കംമ്പ്യൂട്ടർ പഠനവും എൽ പി കുട്ടികൾക്ക് സാധ്യമാക്കണം സ്കൂളുകളിൽ അധ്യാപകർ ഇല്ലാത്ത അവസ്ഥ ഉണ്ടാകരുത്

അദ്ധ്യായം 5

സംയോജന സാധ്യതകൾ

സംയോജിത പ്രോജക്ടുകളായി ജില്ലാപഞ്ചായത്തുമായും ബ്ലോക്ക് പഞ്ചായത്തുമായും ചേർന്ന് വിവിധപദ്ധതികൾ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു . ഭവന നിർമാണം (ലൈഫ്), നെൽകൃഷി വികസന പദ്ധതി 2025-26- കൂലി ചിലവ് സബ്സിഡി, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ ,വയോജനങ്ങൾക്ക് പകൽ വീട് - വാർഡ്7, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ,ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി, നെൽകൃഷി വികസന പദ്ധതി - കൂലിചെലവ് സബ്സിഡി ,ലൈഫ് വീട് നിർമിക്കുന്നതിനു സ്ഥലം വാങ്ങൽ, സ്വാന്തന പരിചരണ പദ്ധതി, തരിശു ഭൂമി നെൽകൃഷി, തരിശു ഭൂമി പച്ചക്കറി കൃഷി, ലൈഫ് ഭവന പദ്ധതി (എസ്സി) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിലും ബ്ലോക്ക് ജില്ലാ പഞ്ചായത്തുമായി ചേർന്നുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

ജില്ലാ പദ്ധതിയുടെ ഭാഗമാക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുള്ളതിൽ ജലരക്ഷ, ജീവരക്ഷ, ജലസമൃദ്ധി, ശുചിപൂർണ്ണ, ക്യാൻ തൃശ്ശൂർ, ഫലവൃക്ഷതൈ, ബാലസൗഹൃദ ജില്ല, ഫ്രീ സ്റ്റൈൽ, വൈജ്ഞാനിക തൃശ്ശൂർ, വന്യമിത്ര, ശുഭാപ്തി, ജില്ലാ നൈറ്റ് പ്ലാൻ, ABC, അതി ദരിദ്ര നിർമ്മാർജ്ജന പദ്ധതി, ഊർജ്ജ സംരക്ഷണം, SLIM തൃശ്ശൂർ എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.